൧൫. ഓരോ സംഘത്തിലെയും അദ്ധ്യക്ഷനു ആവശ്യം ഉള്ള കടലാസ മുതലായ എഴുത്തു സാമാനങ്ങളും രെജിസ്റ്റർ പുസ്തകങ്ങളും സർക്കാർ ഗസറ്റിലെ വിദ്യാഭ്യാസ വിഷയമായ ഭാഗങ്ങളും കൊടുക്കുന്നതാകുന്നു. ഓരോ അദ്ധ്യക്ഷനും അഞ്ചൽ വഴി കൂലി കൂടാതെ അയക്കാവുന്നതും ആകുന്നു.

൧൬. വിദ്യാഭ്യാസ സംഘത്തിന്റെ വ്യാപ്തിയിൽ താഴെ എഴുതിയിരിക്കുന്ന വിഷയങ്ങൾ ഉൾപ്പെടുന്നതാകുന്നു:—

(a) ആ സ്ഥലത്തിലെ വിദ്യാഭ്യാസ വിഷയം ആയ ആവശ്യങ്ങൾ ;

(b) ഇപ്പോൾ ഉള്ള പാഠശാലകളെക്കൊണ്ടുള്ള ആവശ്യങ്ങൾ എത്രത്തോളം സാധിക്കപ്പെടുന്നു ;

(c) പുതിയ പാഠശാലകൾ സ്ഥാപിക്കേണ്ട ആവശ്യകത ;

(d) ഇപ്പോൾ ഉള്ള പാഠശാലകളിൽ ഉള്ള സ്റ്റാൻഡേർഡിനെ കുറയ്ക്കുകയൊ കൂട്ടുകയൊ ചെയ്യു എന്തു ഭേദം വരുത്തണം ;

(e) ഇപ്പോൾ ഉള്ള ഏതെങ്കിലും പാഠശാലയെ സ്ഥിരമായോ തല്ക്കാലത്തേക്കൊ നിറുത്തുന്നതിന്റെ ഔചിത്യം ;

(f) പ്രത്യേക വൎഗ്ഗക്കാരുടെ വിദ്യാഭ്യാസത്തിലേക്കോ പ്രത്യേകം വിധത്തിൽ ഉള്ള പാഠങ്ങൾ പഠിപ്പിക്കുന്നതിലേക്കോ പ്രത്യേകം വ്യവസ്ഥ ചെയ്യേണ്ടതിനെ കുറിച്ചുള്ള അഭിപ്രായം ;

(g) സ്ത്രീകളിൽ വിദ്യാഭ്യാസത്തെ വ്യാപിപ്പിക്കൽ ;

(h) പാഠശാലകൾക്കു ഉചിതമായ സ്ഥലത്തെ കുറിച്ചുള്ള അഭിപ്രായങ്ങൾ ;

(i) പാഠശാലാ ഗൃഹങ്ങൾ പണിയിക്കുന്ന വിഷയത്തിലും വിദ്യാഭ്യാസ കാൎയ്യങ്ങൾക്കായി മൂലധനങ്ങൾ സ്വീകരിക്കുന്ന വിഷയത്തിലും ഹിതോപദേശം ;

(j) പാഠശാലക്കു കൂടുതൽ ആയി വേണ്ട സ്ഥലം, ശുചീകരണത്തിനുള്ള ആവശ്യകതകൾ, അകസാമാനങ്ങൾ, യന്ത്രസാമഗ്രികൾ, പുസ്തകശാല, വിഹാരസ്ഥലം ഇവയെ സംബന്ധിച്ചുള്ള അഭിപ്രായങ്ങൾ ;

(k) കൃഷിത്തോട്ടങ്ങൾ മുതലായ പ്രത്യേക സ്ഥലങ്ങളിലും, കാലത്തോറും നടത്തുന്ന പ്രസംഗങ്ങളിലും, മാജിക്‌ലാന്റേൺ പ്രദൎശനത്തിലും വിദ്യാഭ്യാസോപയുക്തങ്ങൾ ആയ മററു പ്രകടനങ്ങളിലും വിദ്യാൎത്ഥികൾ ഹാജരാകുന്നതിലേക്കുള്ള നിൎദ്ദേശങ്ങൾ ;

(l) പാഠശാലകളെ ചെന്നു നോക്കുകയും വാദ്ധ്യാർമാരുടേയും വിദ്യാൎത്ഥികളുടേയും ഹാജരിനെ കുറിച്ചും അവരുടെ സാധാരണ നടത്തിപ്പിനേയും വ്യവസ്ഥിതിയേയും കുറിച്ചും കാണുന്ന വിവരങ്ങളെ അഫീഷ്യൽ വിസിറ്റേർസ് ബുക്കിൽ എഴുതുകയും ചെയ്ക ;

(m) പാഠശാലകൾക്കു സാഹായിക ധനം കൊടുക്കുകയൊ നിറുത്തുകയൊ കൂട്ടികൊടുക്കുകയൊ കുറക്കുകയൊ ചെയ്യേണ്ടതിനെപ്പററിയുള്ള ഉപദേശങ്ങൾ ;

൧൭. താഴെ എഴുതിയിരിക്കുന്ന സംഗതികൾ വിദ്യാഭ്യാസ സംഘങ്ങളുടെ വ്യാപ്തിയിൽ ഉൾപ്പെടുക ഇല്ല.

(a) പാഠശാലകളിൽ പഠിപ്പിക്കലിലൊ അവയിലെ വ്യവസ്ഥിതിയിലൊ ഉള്ള പരിശോധന ;

(b) വാദ്ധ്യാർമാരുടെ നിയമനം, സ്ഥലംമാറാൽ, പണിയിൽ നിന്നു നീക്കൽ, പ്രമോഷൻ, ശിക്ഷ കൊടുക്കൽ ഇവ ;

(c) വാദ്ധ്യാർമാരുടെയൊ വിദ്യാൎത്ഥികളുടെയൊ ഡിപ്പാൎട്ടമെന്റ് ഉദ്യോഗസ്ഥന്മാരുടെയൊ പേരിൽ ഉള്ള ആവലാധികളെ വാങ്ങുകയൊ അവയെ കുറിച്ചു വിചാരണ നടത്തുകയൊ ചെയ്ക ;

(d). പാഠശാലകളുടെ വരവു, ചിലവു, മുതൽ, കടം ഇവയെ കുറിച്ചോ ഭരണത്തെ കുറിച്ചോ ഉള്ള നിയന്ത്രണം ;

(e) വാദ്ധ്യാന്മാൎക്കോ വിദ്യാൎത്ഥികൾക്കോ സിബ്ബന്തികൾക്കോ ആജ്ഞകളോ ശാസനങ്ങളോ കൊടുക്കൽ ;

൧൮. വിദ്യാഭ്യാസ വിഷയത്തിനു ഹാനിയെ ജനിപ്പിക്കാവുന്നതായ ഔദാസീന്യം, കക്ഷിവഴക്കു, ജാതിവ്യത്യാസങ്ങൾ, സ്ഥലത്തുള്ള മത്സരങ്ങൾ, മററു ശക്തിവിശേഷങ്ങൾ, തങ്ങൾ അല്ലെങ്കിൽ അഭിപ്രായങ്ങൾ, ഇവയെ തടുക്കുന്നതിലോ, ഇല്ലാതാക്കുന്നതിലോ ഡിപ്പാൎട്ടമെണ്ടിലെ ഉദ്യോഗസ്ഥന്മാരോടു ഒന്നിച്ചു ചേൎന്നു വിദ്യാഭ്യാസ സംഘങ്ങൾ പ്രവൎത്തിക്കും എന്നു ആശംസിക്കുന്നു.

൧൯. ഓരോ വിദ്യാഭ്യാസ സംഘവും സാധാരണം ആയി മാസത്തിൽ ഒരിക്കൽ വീതം എങ്കിലും യോഗം കൂടേണ്ടതാകുന്നു.

൨൦. സംഘത്തിലെ അദ്ധ്യക്ഷൻ യോഗംകൂടേണ്ടതായ ദിവസവും, സമയവും, സ്ഥലവും, പൎയ്യാലോചിക്കേണ്ട സംഗതികളും വിവരിച്ചു ഒരു അറിയിപ്പു കൊടുത്തു ഓരോ യോഗവും കൂടിക്കേണ്ടതാകുന്നു.

൨൧. ആ അറിയിപ്പ യോഗത്തിന നിശ്ചയിച്ചിട്ടുള്ള ദിവസത്തിനു മൂന്നു ദിവസത്തിൽ കുറയാതെ മുൻകൂട്ടി കൊടുക്കേണ്ടതാകുന്നു.

൨൨. അദ്ധ്യക്ഷനൊ ഇല്ലെന്നാകുന്നുകിൽ ഉദ്യോഗാംഗമായി സാമാജികസ്ഥാനം വഹിക്കുന്നവർ അല്ലാത്ത മൂന്നിൽ കുറയാതെ എണ്ണം സാമാജികന്മാർ എഴുതി ഒപ്പിട്ടിട്ടുള്ള ആവശ്യം അനുസരിച്ച യോഗം കൂട്ടാവുന്നതാകുന്നു.

൨൩. സംഘത്തിലെ ൫-ൽ കുറവില്ലാത്ത എണ്ണം സാമാജികന്മാർ എഴുതി ഒപ്പിട്ട ആവശ്യപ്പെട്ടപ്പോഴും ഏതു സമയത്തും വിശേഷാൽയോഗം കൂടാവുന്നതാകുന്നു.

൨൪. അദ്ധ്യക്ഷൻ ഹാജരാകാതിരുന്നാൽ സാമാജികന്മാരിൽ ഒരാളെ അന്നത്തെ യോഗത്തിലെ അദ്ധ്യക്ഷൻ ആയി നിയമിക്കണം.

൨൫. ഒരു സംഘത്തിലെ അംഗങ്ങളും ആയി നിയമിക്കപ്പെട്ട സാമാജികന്മാരിൽ നേർപകുതിയിൽ അധികം എണ്ണം ഹാജരായിരുന്നാൽ ആ സംഘം കൂടുന്നതിനുള്ള മതിയായ എണ്ണം സാമാജികന്മാർ ആയിരിക്കും.

൨൬. സംഘം കൂടുന്നതിന മതിയായ എണ്ണം സാമാജികന്മാർ ഹാജരില്ലാത്തതുകൊണ്ട ഒരു യോഗം നടത്തപ്പെടാതെ പോകുന്നതായാൽ കല്പിക്കപ്പെട്ടതീട്ടുള്ള കാലംകഴിഞ്ഞു പുതുതായ ഒരു യോഗം കൂട്ടിക്കാവുന്നതാകുന്നു.

൨൭. അദ്ധ്യക്ഷൻ യോഗത്തിലെ രീത്യാനുസരണമായ നടത്തക്കും ഓരോ വിഷയത്തേയും ക്രമാനുസരണമായി യോഗത്തിൽ ബോധിപ്പിച്ച പ്രതിപാദിക്കുന്നതിനും ചുമതലപ്പെട്ടതും ആകുന്നു.

൨൮. യോഗത്തിന നിശ്ചയിച്ചിട്ടുള്ള സമയത്തിനു ൨൪ മണിക്കൂറിനു കുറയാതെയുള്ള സമയത്തിനു മുമ്പിൽ അദ്ധ്യക്ഷനു അറിയിപ്പ കൊടുക്കുന്നതായാൽ യോഗത്തിന ഉള്ള അറിയിപ്പിൽ വിവരിച്ചിട്ടില്ലാത്ത ഏതു വിഷയത്തെ കുറിച്ചും പര്യാലോചിക്കണം എന്നു ഒരു സാമാജികനു അഭിപ്രായപ്പെടാവുന്നതാകുന്നു.

൨൯. ഹാജരായിരിക്കുന്നവരും സമ്മതം കൊടുക്കുന്നവരും ആയ സാമാജികന്മാർ എല്ലാവരുമോ അവരിൽ ഭൂരിപക്ഷക്കാരോ സമ്മതിച്ച അഭിപ്രായപ്പെട്ടാൽ അല്ലാതെ പ്രത്യുക്തം ആയ യാതൊരു സംഗതിയും അനുവദിക്കപ്പെട്ടതായി ഗണിക്കപ്പെടുന്നതല്ല.

൩൦. സമതപത്രങ്ങളും തുല്യങ്ങളും ആയിവരുന്ന സംഗതികളിൽ അദ്ധ്യക്ഷന്റെ അഭിപ്രായം ബലപ്പെടുന്നതാകുന്നു.

൩൧. അദ്ധ്യക്ഷൻ ഒരു യോഗത്തിൽ അനുവദിക്കപ്പെടുന്ന ഓരോ നിശ്ചയത്തേയും താൻതന്നെ രേഖപ്പെടുത്തുകയോ അല്ലെങ്കിൽ രേഖപ്പെടുത്തിക്കയോ ചെയ്യുകയും അതിന്റെ ഒരു പകപ്പ താൻ ഒപ്പിട്ട ൩ ദിവസത്തിനകം റേഞ്ജ് ഇൻസ്പെക്ടർക്ക അയക്കുകയും ചെയ്യേണ്ടതാകുന്നു.

൩൨. ഓരോ വിദ്യാഭ്യാസസംഘവും പതിവായി ഏതു സ്ഥലത്തു കൂടേണം എന്നു റേഞ്ജ് ഇൻസ്പെക്ടർ നിശ്ചയിച്ച വിവരം സംഘത്തെ തെരിയപ്പെടുത്തണം.

൩൩. ഓരോ സംഘത്തിലേയും അദ്ധ്യക്ഷൻ താഴെ എഴുതിയിരിക്കുന്ന റെക്കാർഡുകളും രെജിസ്ടറുകളും എഴുതി വെച്ചിരിക്കേണ്ടതാകുന്നു.

(a) കിട്ടിയ എഴുത്തുകളുടെ പേരും അവ കിട്ടിയ മുറക്ക;

(b) സംഘത്തിൽ നിന്നു അയക്കുന്ന എഴുത്തുകളും, അറിയിപ്പുകളും, മറ്റു രേഖനങ്ങളും ഇവയുടെ പകപ്പുകളെങ്കിലും സംഗ്രഹങ്ങളെങ്കിലും ഒരു രെജിസ്ടർ;

(c) സംഘം നിശ്ചയിക്കുന്ന നിശ്ചയങ്ങളുടേയും സംഘമോ ഓരോ സാമാജികനോ പരിശോധിച്ചകാലത്തിൽ ചെയ്ത നിരൂപണങ്ങളും, അഭിപ്രായങ്ങളും, വിമർശനങ്ങളും, മുതലായവയുടെ വക ഒരു പുസ്തകം.

൩൪. ഈ പുസ്തകങ്ങളും എല്ലാം അദ്ധ്യക്ഷന്റെ സൂക്ഷിപ്പിൽ ഇരിക്കേണ്ടതാകുന്നു; എന്നാൽ ഏതു സാമാജികനും അപേക്ഷിക്കുമ്പോഴും അവയെ പരിശോധിക്കാവുന്നതാകുന്നു.

൩൫. സംഘത്തിലെ സാമാജികന്മാരും ഇൻസ്പെക്ടിംഗ് ആഫീസർമാരും തമ്മിൽ ഉള്ള എഴുത്തുകുത്തുകളും അദ്ധ്യക്ഷൻ മുഖേന വേണ്ടതാകുന്നു.

൩൬. ഗവൺമെണ്ടിലേക്ക വല്ല സംഗതിയെ കുറിച്ചും എഴുതി അയക്കണം എന്നു സംഘത്തിനു ആഗ്രഹം ഉണ്ടെങ്കിൽ അതു എഴുതി റേഞ്ജ് ഇൻസ്പെക്ടർ മുഖേന അയക്കേണ്ടതാകുന്നു.

൩൭. ഇൻസ്പെക്ടിങ്ങ് ആഫീസൎമാൎക്ക അല്ലാതെ സംസ്ഥാനത്തിലെ യാതൊരു ഡിപ്പാൎട്ടുമെണ്ടിലേക്കൊ ഉദ്യോഗസ്ഥന്മാൎക്കൊ നേരിട്ട എഴുതി അയക്കുന്നതിനു വിദ്യാഭ്യാസസംഘത്തിനു അധികാരം ഇല്ലാ.

൩൮. ൭ം ചട്ടങ്ങളിം എൽ (L) വകുപ്പു അനുസരിച്ചു ഒരു വിദ്യാഭ്യാസ സംഘമോ അതിലെ വല്ല സാമാജികനോ വിസിട്ടേൎസ് ബുക്കിൽ എഴുതീട്ടുള്ള അഭിപ്രായങ്ങളുടെ ഒരു പകൎപ്പു ആ പാഠശാലയിലെ ഹെഡ് മാസ്റ്ററൊ ഹെഡ് മിസ്ട്രെസ്സൊ എഴുതി തനിക്ക അഭിപ്രായം വല്ലതും പറയുവാൻ ഉണ്ടായിരുന്നാൽ അതോടുകൂടി ഒരു ആഴ്ചവട്ടത്തിനകം റേഞ്ജ് ഇൻസ്പെക്ടൎക്ക അയക്കേണ്ടതാകുന്നു.

൩൯. വിദ്യാഭ്യാസ സംഘത്തിന്റെ വ്യാപ്തിയിൽ ഉൾപ്പെടുന്നതായ സംഗതിയെ കുറിച്ചു സംഘം ആവശ്യപ്പെടുന്ന ഏതു വിവരവും റേഞ്ജ് ഇൻസ്പെക്ടർ ഉണ്ടാക്കികൊടുക്കേണ്ടതാകുന്നു.

൪൦. സംഘത്തിന്റെ നിശ്ചയങ്ങളേയോ സംഘം എഴുതി അയച്ചിട്ടുള്ള സംഗതികളേയൊ സംബന്ധിച്ചു റേഞ്ജ് ഇൻസ്പെക്ടരൊ ഗവൎമ്മെണ്ടോ കൊടുക്കുന്ന എല്ലാ ഉത്തരവുകളേയും സൎക്കാർ ഗസറ്റിൽ പ്രസിദ്ധപ്പെടുത്തീട്ടില്ലാത്ത വിദ്യാഭ്യാസവിഷയകം ആയ പ്രൊസീഡിംഗ്സുകളേയും റേഞ്ജ് ഇൻസ്പെക്ടർ ഉടനുടൻ അദ്ധ്യക്ഷനു എഴുതി അയക്കേണ്ടതാകുന്നു.

൪൧. തന്റെ റേഞ്ജിൽ ഉള്ള വിദ്യാഭ്യാസ സംഘങ്ങളുടെ നടത്തിപ്പിന്റെ മുഖ്യ ലക്ഷണങ്ങളെക്കുറിച്ചു ഒരു സംഗ്രഹം ആയ റിപ്പോൎട്ട് ഓരോ റേഞ്ജ് ഇൻസ്പെക്ടരും (ആഫീസ്സർ) കൊല്ലത്തിന്റെ ഓരോ പാദാവസാനത്തിലേയും ആദിയിൽ ഗവൎമ്മെണ്ടിലേക്ക അയക്കേണ്ടതാകുന്നു.

൪൨. ഓരോ റേഞ്ജ് ഇൻസ്പെക്ടരും സാമയികമായ ഉപദേശത്താലും ഹാൎദ്ദം ആയ സഹകരണത്താലും വിദ്യാഭ്യാസ സംഘങ്ങളുടെ ഫലവത്തായ പ്രവൎത്തനത്തെ പോഷിപ്പിക്കുന്നതിനു തന്നാൽ കഴിയുന്നതെല്ലാം ചെയ്യേണ്ടതാകുന്നു.

ജി. നമ്പ്രവ്വ

ഹജൂർക്കച്ചെരി
തിരുവനന്തപുരം

പരസ്യം

തിരുവനന്തപുരം വെഞ്ഞെന്നപ്പുര വകക്ക ൧൦൮൩ാമാണ്ടത്തെ ചിലവിനു താഴെ പറയുന്നപ്രകാരമുള്ള സാമാനങ്ങൾ വെണ്ടുന്നതു ആകകൊണ്ടു പ്രസിദ്ധപ്പെടുത്തുന്നതെന്തെന്നാൽ

സാമാനങ്ങളുടെ വിവരം

മഞ്ഞൾ	തുലാം	൩൮൦	നാടൻപാക്ക	തുലാം	൪൧൭
കൊല്ലമുളക വറൽ	ടി	൧൬൩൭	തൂപ്പുളി	ടി	൪൨൬
നല്ലമുളക	ടി	൪൧൭	വടിപ്പുളി	ടി	൨൬൪
കടുക	ടി	൨൨൦	മഞ്ഞണ്ണെഴുക	ടി കാലെ അരക്കാൽ	
ഉലുവാ	ടി	൧൨൫	പതിയൻ ശൎക്കര	ടി	൭൬൬
ജീരകം	ടി	൨൦൦	കന്തിരിക്കം	ടി	൩
ചുക്ക	ടി	൪൭	ചെറുപയറു	പറ	൪൨൪൧
ഓമം	ടി	൭	പെരുമ്പയറു	ടി	൨൧൫
ഏലം	ടി	൬	ഉഴുന്നു	ടി	൬൧൦
ചന്ദനം	ടി	൭൫	നല്ലെണ്ണ	ടി	൨൭൬
ഇലുപ്പപ്പുണ്ണാക്ക	ടി	൬൦	വെളിച്ചെണ്ണ	ടി	൨൦൭
ഉണ്ടശൎക്കര	ടി	൧൭൭൦	പുന്നക്കെണ്ണ	ടി	൭

൧ാമതു മെലെഴുതിയതിന്മണ്ണം ഒരു കൂട്ടം സാമാനങ്ങൾ ആവശ്യം ഉള്ളതു ശെഖരിച്ചു വെഞ്ഞെന്നപ്പുരയിൽ ഹാജരാക്കെണ്ടതു അവിടെയും മതിലകത്തു പുറവിളയ മുതലായതിനുള്ള വെളിച്ചെണ്ണ മതിലകത്തു വെളിച്ചെണ്ണപ്പുരയിലും കച്ചെരി ഉൾപ്പെട്ട സ്ഥലങ്ങൾക്കുള്ളതു പതിവുപോലെ സ്ഥലങ്ങളിലും ഹാജരാക്കി എല്പിക്കയും ഒരു വകക്ക മുറപോലെ വെണ്ട ജാമ്യം സ്ഥിരപ്പെടുത്തുകയൊ ഡെമണി വെക്കുകയൊ ചെയ്കയും ചെയ്യുന്നതിനു മനസ്സുള്ള ആളുകളെ ഹജൂർക്കച്ചെരി മുമ്പാകെ വരുത്തി നിറുത്തി ലെലം വിളിപ്പിച്ചു എല്ലാ ചരക്കിനും ഒന്നിച്ചെങ്കിലും ഏതാനും ചരക്കുകൾ ചില്ലറയായിട്ടെങ്കിലും സഹായ വിലക്ക ആളെപ്പെടുന്നതുപൊലെ കുത്തക കൊടുക്കത്തക്കവണ്ണം നിശ്ചയിച്ചിരിക്കുന്നതും ലെലത്തിനു ചെരുന്ന ആളുകൾ ജാമ്യമൊ ഡെമണിയൊ ഉറപ്പാക്കി ഉടമ്പടി എഴുതിവച്ചു കുത്തക നടക്കമെന്നുള്ള ഉറപ്പിനു വെണ്ടി ലെലസമയം (൧൦൦) രൂപാ കെട്ടിവെക്കെണ്ടതും അങ്ങനെ രൂപാ കെട്ടിവെക്കാത്ത ആളുകളെ ലെലത്തിൽ ചെൎക്കുന്നതല്ലാത്തതും ടി കയ്യാൽ അതിന്മണ്ണം കുത്തക ഏറ്റു നടപ്പാൻ മനസ്സുള്ള ആളുകൾ ഒരു മാസം ൨൦൹ പകൽ ൧൧ മണിക്ക മെൽപ്രകാരം രൂപായൊടുകൂടി ഹജൂർക്കച്ചെരിയിൽ ഹാജരായി ബൊധിപ്പിച്ചുകൊള്ളുകയും വെണം.

൨ാമതു ലെലം സ്ഥിരപ്പെട്ടുകഴിയുമ്പൊൾ മെലെഴുതിയതുപൊലെ കെട്ടിവെക്കുന്ന രൂപായിൽ കുത്തകക്ക ഏല്പെടുന്നവരുടെ രൂപാ ഡെമണിക്ക ഉപയൊഗപ്പെടുത്തുകയും ശെഷംപെരുടെ രൂപാ ഉടനെ തിരിയെ കൊടുപ്പിക്കയും ചെയ്യുന്നതാകുന്നു.

൩ാമതു ലെലത്തിൽ വിളികെട്ടതിന്റെശെഷം പൊരാത്ത ജാമ്യമൊ ഡെമണിയൊ ഉറപ്പാക്കി ഉടമ്പടി എഴുതി വെക്കാതെയൊ ഉടമ്പടി ചെയ്തു കുത്തക നടക്കുന്ന സമയങ്ങളിൽ ഏതെങ്കിലും സാമാനങ്ങൾ എല്പിക്കാതെയൊ ഹാജരാക്കുന്ന സാമാനങ്ങൾ മെനി ഇല്ലാതെയും തരമെറയും ഇരിക്കയൊ ഒരു കുത്തകയിൽ നിന്നും പിൻവാങ്ങുകയൊ ചെയ്താൽ ഒരു കുത്തക ആവൎത്തിച്ചു ലെലം വിളിപ്പിച്ചൊ വെറെ വിധം ഏൎപ്പാടു ചെയ്തൊ നടത്തിക്കയും അങ്ങനെ നടത്തിക്കുന്നതിൽ സൎക്കാരിലെക്ക ഏതെങ്കിലും നഷ്ടം വന്നാൽ ആ വക നഷ്ടത്തിനു ആദ്യ കുത്തകക്കാരനെക്കൊണ്ടു ഉത്തരവാദം പറയിക്കയും ലെല സമയം വച്ചു ഡെമണി പ്രായശ്ചിത്തമായി മുതൽകൂട്ടിക്കയും ചെയ്യുന്നതും ആവൎത്തിച്ചു ലെലം വിളിക്കുന്നതിൽ ലാഭം വരുന്ന സംഖ്യക്ക ആദ്യ കുത്തകക്കാരൻ അവകാശം പറ തക്കതല്ലാത്തതും ആകുന്നു.

൪ാമതു മെലെഴുതിയ തുകയിൽ കൂടുതലായി ആവശ്യപ്പെട്ടാൽ ഉടൻപെടുന്ന വില അനുസരിച്ചു എല്പിക്കെണ്ടതും അത്രയും ആവശ്യപ്പെടാതെ ഇരുന്നാൽ മുഴുവനും എല്പിക്കണമെന്നു നിൎബ്ബന്ധിക്കാനു പാടില്ലാത്തതും ആകുന്നു.

൫ാമതു ലെലത്തിൽ വിളികെൾക്കുന്നവരെ കുത്തകക്ക സ്ഥിരപ്പെടുന്നതും നിരാകരിക്കുന്നതും സൎക്കാരിലെ യുക്തംപൊലെ ആയിരിക്കയും ചെയ്യും എന്നു

൧൦൮൨ാമാണ്ടു മിഥുനമാസം ൧൬൹

ഗവൎമ്മെന്റു ചീഫ് സിക്രിട്ടരി
എ. ജെ. വീയറാ.

ജി. ശങ്കരൻ. ഹജൂർകച്ചേരി

തിരുവനന്തപുരം

പരസ്യം

ജപാദക്ഷണെയിൽ നിത്യനിദാനം മാസവിശെഷം ആട്ടവിശെഷം ഉൾപ്പെട്ട ചിലവിനു ൧൦൭൫-മാണ്ടെത്തെക്കു താഴെ പറയും പ്രകാരമുള്ള ചരക്കുകൾ വെണ്ടുന്നതാകകൊണ്ടു പ്രസിദ്ധപ്പെടുത്തുന്നതു എന്തെന്നാൽ.

ആവശ്യമുള്ള ചരക്കുകളുടെ വിവരം.

൧൩ മുഴം നീളം ഒന്നരെ അരക്കാൽ വീതി ൩൦ രൂപാ തൂക്കമുള്ള ഒന്നാം തരം തുപ്പട്ടി ഒന്നു വീതം എണ്ണം ... ൩൬൦

൧൩ (അര) മുഴം നീളം ൧ അര വീതി ൨൫ രൂപാ തൂക്കം തുപ്പട്ടി ഒന്നു വീതം എണ്ണം ൨൫൦

രണ്ടെമുക്കാൽ മുഴം നീളം ഒന്നരവീതി ൩൦ രൂപാ തൂക്കം നന്നാകുന്ന അഞ്ചുകൂടിയ തുപ്പട്ടി ഒന്നു വീതം തുപ്പട്ടി എണ്ണം ൩൬൦

൧൩ മുഴം നീളം രണ്ടരവീതി ചെല ഒന്നുവീതം വാഹനച്ചെല എണ്ണം ൧൫

൧-ാമതു. ൯-ം വക ചരക്കുകൾ വീതി നീളം തൂക്കം തരം ഇതുകൾക്കു കുറവും പഴയും മണലും ഇല്ലാതെയും ഇഴയും ഗുണവും ഉള്ളതായിട്ടും മാതിരിക്കു ശരിയായിട്ടും ശെഖരിച്ചു ജപാദക്ഷണെവകയിൽ കൊണ്ടുചെന്നു നിത്യനിദാനം മാസവിശെഷം ആട്ടവിശെഷം പട്ടത്താനം സഹസ്രനാമം മുതലായ അടിയന്തരങ്ങൾക്കു കീഴിൽ ൯-ം വക ചരക്കുകൾ ഏതെതു ക്രമത്തിനു ഏല്പിച്ചിട്ടുണ്ടൊ ആ ക്രമം അനുസരിച്ചു ജപാദക്ഷണെയിൽ നിന്നും ശട്ടം കെട്ടുന്നതുപോലെയും ഏല്പിക്കയും ൯-ം കുത്തകക്കു മുറപോലെ വെണ്ടജാമ്യം സ്ഥിരപ്പെടുത്തുകയൊ ഡെമണിവെക്കയൊ ചെയ്കയും ചെയ്യുന്നതിനു മനസ്സുള്ള ആളുകളെ ഹജൂർക്കച്ചേരിമുമ്പാകെ വരുത്തിനിർത്തി ലേലംവിളിപ്പിച്ചു എല്ലാ ചരക്കിനും ഒന്നിച്ചെങ്കിലും ഏതാനും ചരക്കുകൾ ചില്ലറയായിട്ടെങ്കിലും ന്യായവിലക്കു അളെപ്പെടുന്നതുപോലെ കുത്തക ൧ കൊല്ലത്തെക്കു എന്നും നിശ്ചയിച്ചിരിക്കുന്നതും ലേലത്തിൽ ചെരുന്ന ആളുകൾ ജാമ്യമൊ ഡെമണിയൊ ഉറപ്പാക്കി ഉടമ്പടി എഴുതിവച്ചു കുത്തക നടക്കുമെന്നുള്ള ഉറപ്പിനുവെണ്ടി ലേലസമയം അമ്പതു രൂപാ കെട്ടിവെക്കെണ്ടതും അങ്ങനെ കെട്ടിവെക്കാത്ത ആളുകളെ ലേലത്തിൽ ചെൎക്കുന്നതല്ലാത്തതും ആകയാൽ അതിന്മണ്ണം ൯-ം കുത്തക ഏറ്റു നടപ്പാൻ മനസ്സുള്ള ആളുകൾ ൯-ം വരുന്ന കർക്കടകമാസം ൨൫-ാം തീയതി ഒരു മണിക്കു മെൽപ്രകാരം രൂപായോടുകൂടി ഹജൂർക്കച്ചേരിയിൽ ഹാജരായി ബൊദ്ധ്യപ്പെടുത്തിക്കൊള്ളുകയും വെണം.

൨-ാമതു. ലേലം സ്ഥിരപ്പെടുത്തിക്കൂടുമ്പോൾ മെലെഴുതിയപോലെ കെട്ടിവെക്കുന്ന രൂപായിൽ കുത്തകക്കു ഏല്ക്കുന്നവരുടെ രൂപാ ഡെമണിക്കു ഉപയോഗപ്പെടുത്തുകയും ശെഷംപെരുടെ രൂപാ ഉടനെ തിരിച്ചു കൊടുപ്പിക്കയും ചെയ്യുന്നതാകുന്നു.

൩-ാമതു. ലേലത്തിൽ വിളികെട്ടതിന്റെ ശെഷം പൊരാത്ത ജാമ്യമൊ ഡെമണിയൊ ഉറപ്പാക്കി ഉടമ്പടി എഴുതിവെക്കാതെയൊ ഉടമ്പടി ചെയ്തു കുത്തകനടക്കുന്ന സമയങ്ങളിൽ ഏതെങ്കിലും സാമാനങ്ങൾ ഏല്പിക്കാതെയൊ ഹാജരാക്കുന്ന സാമാനങ്ങൾ മെനി ഇല്ലാതെയും തരഭെദമായും ഇരിക്കയൊ ൯-ം കുത്തകയിൽ നിന്നും പിൻവാങ്ങുകയൊ ചെയ്താൽ ൯-ം കുത്തക ആവൎത്തിച്ചു ലേലം വിളിപ്പിച്ചൊ വെറെ വിധം ഏൎപ്പാടുചെയ്തൊ നടത്തിക്കയും അങ്ങനെ നടത്തിക്കുന്നതിൽ സൎക്കാരിലെക്കു ഏതെങ്കിലും നഷ്ടംവന്നാൽ ആ വക നഷ്ടത്തിനു ആദ്യ കുത്തകക്കാരനെക്കൊണ്ടു ഉത്തരവാദം പറയിക്കയും ലേലസമയം വച്ച ഡെമണി പ്രായശ്ചിത്തമായി മുതൽകൂട്ടിക്കയും ചെയ്യുന്നതും ആവൎത്തിച്ചു ലേലം വിളിപ്പിക്കുന്നതിൽ ലാഭം വരുന്ന സംഖ്യക്കു ആദ്യകുത്തകക്കാരനു അവകാശം പറഞ്ഞുകൂടാത്തതുമാകുന്നു.

൪-ാമതു. മെലെഴുതിയ തുകയിൽ കൂടുതലായി ആവശ്യപ്പെട്ടാൽ ഉടമ്പടിപ്പെടുന്ന വില അനുസരിച്ചു ഏല്പിക്കെണ്ടതും അത്രയും ആവശ്യപ്പെടാതെ ഇരുന്നാൽ മുഴുവനും ഏല്ക്കണമെന്നു നിർബന്ധിക്കാൻ പാടില്ലാത്തതുമാകുന്നു.

൫-ാമതു. വിളികെൾക്കുന്നവരെ കുത്തകക്കു സ്ഥിരപ്പെടുത്തുന്നതും നിരാകരിക്കുന്നതും സൎക്കാരിലെ യുക്തംപോലെ ആയിരിക്കയും ചെയ്യും എന്നു

൧൦൭൪-മാണ്ടു മിഥുനമാസം ൨൯-

ഗവൎമെന്റു ചീഫ് സിക്രട്ടറി,

എം. കെ. പിയാറ.

ജി. മൻറൊം.

ഹജൂർക്കച്ചേരി
തിരുവനന്തപുരം

പരസ്യം

കൊട്ടാരത്തിൽ മാങ്ങാപ്പുരയിൽ ഉപ്പിലിട്ട വകക്ക ൧൦൮൩-ാമാണ്ടത്തെ ചിലവിനു താഴെ പറയുന്ന പ്രകാരം ഉള്ള കൊപ്പുകൾ വെണ്ടുന്നതു ആകകൊണ്ടു പ്രസിദ്ധപ്പെടുത്തുന്നതു എന്തെന്നാൽ

ആവശ്യമുള്ള കൊപ്പുകളുടെ വിവരം

നല്ലിക്ക പറ	൨൫൦	വലിയ ചുണ്ടക്കാ ഇടങ്ങഴി ൧-നു പലം ൧൦ വീതം പറ	൩൫
കണ്ണിമാങ്ങാ പറ	൨൫൦	ഇളവൻ ഒന്നു പലം ൫൦ വീതം എണ്ണം	൧൨൫൦
കൊമ്പൻപടവലങ്ങാ ഒന്നു പലം അഞ്ചു വീതം എണ്ണം	൫൦൦	പച്ചത്തക്കാളിക്ക പറ	൩൨
വലിയ മാങ്ങാ എണ്ണം	൫൦,൦൦൦	പാവക്കാ ഇടങ്ങഴി ഒന്നു പലം ൧൦ വീതം പറ ൬൫ ഇടങ്ങഴി	൫
മാതളനാരങ്ങാ ഒന്നു പലം മുന്നെമുക്കാൽ വീതം എണ്ണം	൭൨൫൦	വിളഞ്ഞ പുലാക്കാ എണ്ണം	൩൦
കൈപ്പൻ നാരങ്ങാ ഒന്നു പലം മൂന്നെമുക്കാൽ വീതം എണ്ണം	൬൨൫൦	പയറങ്ങാ പിടി ഒന്നിനു പലം ൧൦ വീതം പിടി	൧൦൪൬
ഇരുമ്പിച്ചിനാരങ്ങാ ഒന്നു പലം ഒന്നു വീതം എണ്ണം	൧൫൦൦	വെണ്ടക്കാ എണ്ണം	൫൦൦
ഇഞ്ചി ഇലാം	൧൫൨ മുക്കാൽ	കാന്താരിമുളക പറ	൧൨
പൂത്തരിചുണ്ടക്കാ പറ	൨൫	കത്തിരിക്കാ ൧-നു പലം ൨ വീതം എണ്ണം	൫൦൦
പച്ച കൊല്ലമുളക ഇടങ്ങഴി ൧ നു പലം ൧൦ വീതം പറ	൩൫	കൈപ്പൻ പടവലങ്ങാ പറ	൬൬

൧ മെലെഴുതിയതിന്മണ്ണം ൨൦ കൂട്ടം കൊപ്പുകൾ ആവശ്യം ഉള്ളതു ശെഖരിച്ചു ക്രമപ്രകാരം ഏല്പിക്കയും മുൻപോലെ വെണ്ട ജാമ്യമൊ ഡെമാണിയൊ ഉറപ്പാക്കുകയും ചെയ്യുന്നതിനു മനസ്സുള്ള ആളുകളെ ഹജൂർക്കച്ചേരി മുമ്പാകെ വരുത്തിനിറുത്തി ലെലം വിളിപ്പിച്ചു എല്ലാ കൊപ്പുകൾക്കും ഒന്നിച്ചെങ്കിലും ഏതാനും കൊപ്പുകൾ ചില്ലറയായിട്ടെങ്കിലും സഹായവിലക്ക ആളെപ്പെടുന്നതുപോലെ കുത്തക കൊടുക്കത്തക്കവണ്ണം നിശ്ചയിച്ചിരിക്കുന്നതും ലെലത്തിൽ ചെരുന്ന ആളുകൾ ജാമ്യമൊ ഡെമണിയൊ ഉറപ്പാക്കി കുത്തക നടക്കമെന്നുള്ള ഉറപ്പിനുവെണ്ടി ലെല സമയം നൂറു രൂപാ ഡെമണി വെക്കെണ്ടതും അങ്ങിനെ രൂപാ കെട്ടിവെക്കാത്ത ആളുകളെ ലെലത്തിൽ ചെക്കുന്നതല്ലാത്തതും ആകയാൽ അതിന്മണ്ണം കുത്തക ഏറ്റു നടപ്പാൻ മനസ്സുള്ള ആളുകൾ ൧൦-ം വരുന്ന കർക്കടകമാസം ൨൩-ാംനു പകൽ ൧൨ മണിക്ക മെൽ പ്രകാരം രൂപായൊടു കൂടി ഹജൂർക്കച്ചേരിയിൽ ഹാജരായി ബൊധിപ്പിച്ചുകൊള്ളുകയും വെണം.

൨. ലെലം സ്ഥിരപ്പെട്ടുകഴിയുമ്പൊൾ മെലെഴുതിയപൊലെ കെട്ടിവെക്കുന്ന രൂപായിൽ കുത്തകക്ക ഏല്പെടുന്നവരുടെ രൂപാ ഡെമണിക്ക ഉപയോഗപ്പെടുത്തുകയും ശെഷം പെരുടെ രൂപാ ഉടനെ തിരിച്ചു കൊടുപ്പിക്കയും ചെയ്യുന്നതാകുന്നു.

൩. ലെലത്തിൽ വിളികെട്ടതിന്റെ ശെഷം പൊരാത്ത ജാമ്യമൊ ഡെമണിയൊ ഉറപ്പാക്കി ഉടമ്പടി എഴുതിവെക്കാതെയൊ ഉടമ്പടിചെയ്തു കുത്തക നടക്കുന്ന സമയങ്ങളിൽ ഏതെങ്കിലും സാമാനങ്ങൾ ഏല്പിക്കാതെയൊ ഹാജരാക്കുന്ന സാമാനങ്ങൾ മെനി ഇല്ലാതെയും തരഭെദമായും ഇരിക്കയൊ ൟ കുത്തകയിൽ നിന്നു പിൻവാങ്ങുകയൊ ചെയ്താൽ ൟ കുത്തക ആവർത്തിച്ചു ലെലം വിളിപ്പിച്ചൊ വെറെവിധം ഏർപ്പാടു ചെയ്തൊ നടത്തിക്കയും അങ്ങിനെ നടത്തിക്കുന്നതിൽ സർക്കാരിലെക്ക ഏതെങ്കിലും നഷ്ടം വന്നാൽ ആ വക നഷ്ടത്തിനു ആദ്യ കുത്തകക്കാരനെക്കൊണ്ടു ഉത്തരവാദം പറയിക്കയും ലെല സമയം വച്ച ഡെമണി പ്രായശ്ചിത്തമായി മുതൽ കൂട്ടിക്കയും ചെയ്യുന്നതും ആവർത്തിച്ചു ലെലം വിളിപ്പിക്കുന്നതിൽ ലാഭം വരുന്ന സംഖ്യക്ക ആദ്യ കുത്തകക്കാരൻ അവകാശം പറഞ്ഞുകൂടാത്തതും ആകുന്നു.

൪. മെലെഴുതിയ തുകയിൽ കൂടുതലായി ആവശ്യപ്പെട്ടാൽ ഉടമ്പടിപ്പെടുന്ന വില അനുസരിച്ചു ഏല്പിക്കെണ്ടതും അത്രയും ആവശ്യപ്പെടാതെയിരുന്നാൽ മുഴുവനും ഏല്ക്കണമെന്നു നിർബന്ധിക്കാൻ പാടില്ലാത്തതും ആകുന്നു.

൫. ലെലത്തിൽ വിളികൾക്കുന്നവരെ കുത്തകക്ക സ്ഥിരപ്പെടുത്തുന്നതും നിരാകരിക്കുന്നതും സർക്കാരിലെ യുക്തംപൊലെ ആയിരിക്കയും ചെയ്യും എന്നു.

൧൦൮൨-ാമാണ്ടു മിഥുനമാസം ൩൧-

ഗവന്മെണ്ട് ചീഫ് സിക്രട്ടറി,
എം. കെ. വീയന

ജി. ഡൻറൺ

ഹജൂർകച്ചേരി
തിരുവനന്തപുരം

പരസ്യം.

കൊട്ടാരം ൧൦ കണക്കു ചാർത്തുപടി ഉൾപ്പെട്ട ചിലവിനു ൧൦൮൫-മാണ്ടത്തെ ചിലവിനു താഴെ പറയുംപ്രകാരമുള്ള ചരക്കുകൾ വേണ്ടുന്നതു ആകകൊണ്ടു പ്രസിദ്ധപ്പെടുത്തുന്നതു എന്തെന്നാൽ.

ആവശ്യമുള്ള ചരക്കുകൾക്കു വിവരം.

ഗോരോചനം	കഴഞ്ചു	൨൫	കൽക്കണ്ടം	റാത്തൽ	൩൦൦
പുഴുക	ടി	൩൨	മുന്തിരിങ്ങാ	ടി	൩൨
പച്ചക്കർപ്പൂരം	ടി	൩൫	ഗോതമ്പു	പറ	൧൦൦
കസ്തൂരി	ടി	൨൪	വാതാംകാ	ടി	൨
കുങ്കുമപ്പൂ	ടി	൩൦	ഒന്നാംതരം അറബി പനിനീർ മെഴുവ		൫൨

൧-ാമതു മേലെഴുതിയ ചരക്കുകൾ ആവശ്യമുള്ളതു ശേഖരിച്ചു ഏല്പിക്കയും ടി വകക്കു മുറപോലെ വേണ്ട ജാമ്യം സ്ഥിരപ്പെടുത്തുകയോ ഡെമണി വെക്കയോ ചെയ്കയും ചെയ്യുന്നതിനു മനസ്സുള്ള ആളുകളെ ഹജൂർക്കച്ചേരി മുമ്പാകെ വരുത്തിനിറുത്തി ലേലം വിളിപ്പിച്ചു എല്ലാ ചരക്കിനും ഒന്നിച്ചെങ്കിലും ഏതാനും ചരക്കുകൾ ചില്ലറയായിട്ടെങ്കിലും സഹായ വിലക്കു ആളെപ്പെടുന്നതുപോലെ കുത്തക കൊടുക്കത്തക്കവണ്ണം നിശ്ചയിച്ചിരിക്കുന്നതും ലേലത്തിൽ ചേരുന്ന ആളുകൾ ജാമ്യമൊ ഡെമണിയൊ ഉറപ്പാക്കി ഉടമ്പടി എഴുതിവച്ചു ഏല്പെടുമെന്നുള്ള ഉറപ്പിനുവേണ്ടി ലേലസമയം ൫൦ രൂപാ കെട്ടിവെക്കേണ്ടതും അങ്ങനെ രൂപാ കെട്ടിവെക്കാത്ത ആളുകളെ ലേലത്തിൽ ചേർക്കുന്നതല്ലാത്തതും ആകയാൽ അതിന്മണ്ണം ടി കുത്തക ഏറ്റുനടപ്പാൻ മനസ്സുള്ള ആളുകൾ ടി മാസം ൨൬-നു പകൽ ഒരു മണിക്കു മേൽപ്രകാരം രൂപായോടുകൂടി ഹജൂർക്കച്ചേരിയിൽ ഹാജരായി ബോധിപ്പിച്ചുകൊള്ളുകയും വേണം.

൨-ാമതു ലേലം സ്ഥിരപ്പെട്ടുകൂടുമ്പോൾ മേലെഴുതിയപോലെ കെട്ടിവെക്കുന്ന രൂപായിൽ കുത്തകക്കു ഏല്പെടുന്നവരുടെ രൂപാ ഡെമണിക്കു ഉപയോഗപ്പെടുത്തുകയും ശേഷംപേരുടെ രൂപാ ഉടൻ തിരിച്ചു കൊടുപ്പിക്കയും ചെയ്യുന്നതാകുന്നു.

൩-ാമതു ലേലത്തിൽ വിളികേട്ടതിന്റെ ശേഷം പോരാത്ത ജാമ്യമൊ ഡെമണിയൊ ഉറപ്പാക്കി ഉടമ്പടി എഴുതിക്കൊടുക്കാതെയോ ഉടമ്പടി ചെയ്തു കുത്തക നടക്കുന്ന സമയങ്ങളിൽ ഏതെങ്കിലും സാമാനങ്ങൾ ഏല്പിക്കാതെയോ ഹാജരാക്കുന്ന സാമാനങ്ങൾ മേനി ഇല്ലാതെയും തരഭേദമായും ഇരിക്കയൊ ടി കുത്തകയിൽ നിന്നും പിൻവാങ്ങുകയൊ ചെയ്താൽ ടി കുത്തക ആവർത്തിച്ചു ലേലം വിളിപ്പിച്ചോ വേറെ വിധം ഏർപ്പാടു ചെയ്തോ നടത്തിക്കയും അങ്ങനെ നടത്തിക്കുന്നതിൽ സർക്കാരിലേക്കു ഏതെങ്കിലും നഷ്ടം വന്നാൽ ആ വക നഷ്ടത്തിനു ആദ്യ കുത്തകക്കാരനെക്കൊണ്ടു ഉത്തരവാദം പറയിക്കയും ലേലസമയം വച്ച ഡെമണി പ്രായശ്ചിത്തമായി മുതൽക്കൂട്ടിക്കയും ചെയ്യുന്നതും ആവർത്തിച്ചു ലേലം വിളിപ്പിക്കുന്നതിൽ ലാഭം വരുന്ന സംഖ്യക്കു ആദ്യകുത്തകക്കാരൻ അവകാശം പറഞ്ഞുകൂടാത്തതും ആകുന്നു.

൪-ാമതു മേലെഴുതിയ തുകയിൽ കൂടുതലായി ആവശ്യപ്പെട്ടാൽ ഉടമ്പടുന്ന വിലയനുസരിച്ചു ഏല്പിക്കേണ്ടതും അത്രയും ആവശ്യപ്പെടാതെയിരുന്നാൽ മുഴുവനും ഏല്ക്കണമെന്നു നിർബന്ധിക്കാൻ പാടില്ലാത്തതും ആകുന്നു.

൫-ാമതു ലേലത്തിൽ വിളികേൾക്കുന്നവരെ കുത്തകക്കു സ്ഥിരപ്പെടുത്തുന്നതും നിരാകരിക്കുന്നതും സർക്കാരിലെ യുക്തംപോലെ ആയിരിക്കയും ചെയ്യും എന്നു

൧൦൮൫-മാണ്ടു മിഥുനമാസം ൩൧.

ഗവർമ്മെന്റു ചീഫ് സിക്രട്ടറി,
എ. ജെ. വീയറാ.

ജി. നം. ൭൫ ഹജ്ജൂർക്കച്ചേരി തിരുവനന്തപുരം

പരസ്യം

തിരുവനന്തപുരം വിറകുപുരവകക്കു നിദാനം അഞ്ചേടിയത്തും ഉൾപ്പെട്ട ചിലവിനു ൧൦൮൩-മാണ്ടത്തേക്കു ഉദ്ദേശം ൩൫൦൦൦ തുലാക്കെട്ടു പുന്നൽ ശ്രാങ്കുട്ടു വിറകു വേണ്ടുന്നതു ആകകൊണ്ടു പ്രസിദ്ധപ്പെടുത്തുന്നതെന്തെന്നാൽ

൧. ടി വക വിറകു ഉതി വണ്ടാഴ മുക്കമ്പാല ഉതവളം ഇതുകൾ ഒഴികെയുള്ളതായും കെട്ടു ഒന്നിനു പച്ചയായാൽ ൪൦ തുലാവും ഉണക്കയായാൽ ൩൫ തുലാവും വീതം തൂക്കിയും ഏല്പിക്കേണ്ടതാകുന്നു. ഒരു മാസത്തെ ചിലവിനു ആവശ്യമുള്ള വിറകു എപ്പോഴും വിറകുപുരയിൽ തയ്യാറായിരിക്കേണ്ടതാകുന്നു. വിറകുപുരയിൽ നിന്നും മതിലകം വകക്കു കൊടുക്കുന്നതു ഒന്നു പാതി പച്ചയായും ഒന്നുപാതി ഉണക്കയായും ശേഷം വകക്കുള്ള വിറകുകൾ രണ്ടു ഭാഗം പച്ചയായും ഒരു ഭാഗം ഉണക്കയായും ശ്രാങ്കെട്ടു മുഴുവനും ഉണക്കയായിട്ടും ഇരിക്കേണ്ടതാകുന്നു.

൨-ാമതു മേലെഴുതിയതിന്നും ആവശ്യമുള്ള വിറകു ശേഖരിച്ചു ഏല്പിക്കയും ടി വകക്കു മുറപോലെ വേണ്ട ജാമ്യം സ്ഥിരപ്പെടുത്തുകയൊ ഡെമണി വെക്കയൊ ചെയ്കയും ചെയ്യുന്നതിനു മനസ്സുള്ള ആളുകളെ ഹജ്ജൂർക്കച്ചേരിമുമ്പാകെ വരുത്തിനിറുത്തി ലേലം വിളിപ്പിച്ചു സഹായ വിലക്കു ആൾ ഉൾപ്പെടുത്തുന്നതുപോലെ കുത്തക കൊടുക്കുന്നതാകുന്നതാകയാൽ ... നിശ്ചയിച്ചിരിക്കുന്നതും ലേലത്തിൽ ചേരുന്ന ആളുകൾ ജാമ്യമൊ ഡെമണിയൊ ഉറപ്പാക്കി ഉടമ്പടി എഴുതിവച്ചു കുത്തക നടത്താമെന്നുള്ള ഉറപ്പിനുവേണ്ടി ലേലസമയം ൫൦൦ രൂപാ കെട്ടിവെക്കേണ്ടതും അങ്ങനെ രൂപാ കെട്ടിവെക്കാത്ത ആളുകളെ ലേലത്തിൽ ചേൎക്കുന്നതല്ലാത്തതും ആകകൊണ്ടു അതിന്നും ടി കുത്തക ഏറ്റു നടപ്പാൻ മനസ്സുള്ള ആളുകൾ ടി മാസം ൨൫-ാം൹ പകൽ ഒരു മണിക്കു മേൽപ്രകാരം രൂപായോടുകൂടി ഹജ്ജൂർക്കച്ചേരിയിൽ ഹാജരായി ബോധിപ്പിച്ചുകൊള്ളുകയും വേണം.

൩. ലേലം സ്ഥിരപ്പെടുത്തി കൂടുമ്പോൾ മേലെഴുതിയപോലെ കെട്ടിവെക്കുന്ന രൂപായിൽ കുത്തകക്കു ഏല്പെടുന്നവരുടെ രൂപാ ഡെമണിക്കു ഉപയോഗപ്പെടുത്തുകയും ശേഷം പേരുടെ രൂപാ ഉടനെ തിരിച്ചു കൊടുപ്പിക്കയും ചെയ്യുന്നതാകുന്നു.

൪. ലേലത്തിൽ വിളികെട്ടതിന്റെശേഷം പോരാത്ത ജാമ്യമൊ ഡെമണിയൊ ഉറപ്പാക്കി ഉടമ്പടി എഴുതിവെക്കാതെയൊ ഉടമ്പടിചെയ്തു കുത്തക നടക്കുന്ന സമയങ്ങളിൽ വിറകു ഏല്പിക്കാതെയൊ ഏല്പിക്കുന്ന വിറകു ഉപയോഗത്തിനുകൊള്ളാതെയൊ ഇരിക്കയൊ ടി കുത്തകയിൽ നിന്നും പിൻവാങ്ങുകയൊ ചെയ്താൽ ടി കുത്തക ആവൎത്തിച്ചു ലേലം വിളിപ്പിച്ചോ വേറെവിധം ഏല്പാടുചെയ്തോ നടത്തിക്കയും അങ്ങനെ നടത്തിക്കുന്നതിൽ സൎക്കാരിലേക്കു ഏതെങ്കിലും നഷ്ടം വന്നാൽ ആ വക നഷ്ടത്തിനു ആദ്യ കുത്തകക്കാരനെക്കൊണ്ടു ഉത്തരവാദം പറയിക്കയും ലേലസമയം വച്ച ഡെമണി പ്രായശ്ചിത്തമായി മുതൽകൂട്ടിക്കയും ചെയ്യുന്നതും ആവൎത്തിച്ചു ലേലം വിളിപ്പിക്കുന്നതിൽ ലാഭം വരുന്ന സംഖ്യക്കു ആദ്യ കുത്തകക്കാരനു അവകാശം പറഞ്ഞുകൂടാത്തതും ആകുന്നു.

൫. മേലെഴുതിയ തുകയിൽ കൂടുതലായി ആവശ്യപ്പെട്ടാൽ ഉടമ്പടിപ്പെടുന്നവില അനുസരിച്ചു ഏല്പിക്കേണ്ടതും അത്രയും ആവശ്യപ്പെടാതെയിരുന്നാൽ മുഴുവനും ഏല്ക്കണമെന്നു നിർബന്ധിക്കാനു പാടില്ലാത്തതും ആകുന്നു.

൬ ലേലത്തിൽ വിളികെൾക്കുന്നവരെ കുത്തകക്കു സ്ഥിരപ്പെടുത്തുന്നതും നിരാകരിക്കുന്നതും സൎക്കാരിലെ യുക്തംപോലെ ആയിരിക്കയും ചെയ്യും എന്നു

൧൦൮൨-മാണ്ടു മിഥുനമാസം ൧൬-

ഗവൎമ്മെന്റു ചീഫ് സെക്രട്ടരി,

എം. ഒ. വീരരാഘവാ.

ജി. നം. ൩൬൦

ഹജൂർകച്ചേരി
തിരുവനന്തപുരം

പരസ്യം.

തിരുവനന്തപുരത്തു അഗ്രശാല നിത്യനിദാനം ഉൾപ്പെട്ട ചിലവിനു ൧൦൪൫-ാമാണ്ടത്തെക്ക അരിപ്പുര വകക്ക ൨൧൦൦൦ പറ ഒന്നാംതരം പൊന്നി വെള്ളയും ചമ്പാവും അരിയും ൩൦൦ പറ തൊണ്ണൂറാൻകൊമ്പൻ അരിയും ഇതിനുപുറമെ ൨൧൫൦൦ പറ പുഴുക്കൽ അരിയും ൨൨൦൦ പറ ചാമയും വേണ്ടുന്നതു സഹായ വിലക്കു ഏൽപ്പിപ്പാൻ മനസ്സുള്ള ആളുകൾക്ക കുത്തക കൊടുക്കേണമെന്നും നിശ്ചയിച്ചിരിക്കുന്നതും ലേല സമയം അരിയുടെ തരം കാണിക്കാവുന്നതുമാകകൊണ്ടു പ്രസിദ്ധപ്പെടുത്തുന്നതു എന്തെന്നാൽ

൧ാമതു ൯൦ം വക അരി പൊടിപ്പു പൂപ്പു മുതലായതു ഇല്ലാതെയും നല്ല മെനിയായും തരത്തിനു ശരിയിട്ടതായും ശേഖരിച്ചു ഒരു മാസത്തെ ചിലവിനു വേണ്ട അരി മുൻകൂട്ടിയും ചാമ ചട്ടം കെട്ടുന്നതുപോലെയും ഉത്സവമഠം അരിപ്പുരയിൽ ഹാജരാക്കി അവിടത്തെ പറക്ക അളന്നുകൊടുപ്പാനുള്ളതാകുന്നു.

൨. ഒരു മാസത്തിൽ അളക്കുന്ന അരിയുടെയും ചാമയുടെയും വില അടുത്ത മാസത്തിൽ കൊടുക്കുന്നതാകുന്നു.

൩. ലേലത്തിൽ വിളികൊൾക്കുന്നവർ അവർ വിളികൊൾക്കുന്ന തുകക്കുള്ള വിലയിൽ ഏട്ടിലൊന്നു ഡെമണിയൊ അല്ലാത്ത പക്ഷം ഗവർമ്മെണ്ടിൽ നിന്നും നിശ്ചയിക്കുന്ന മറ്റു പ്രകാരമുള്ള ഉറപ്പൊ കൊടുത്തു വ്യവസ്ഥകൾ അനുസരിച്ചു നടക്കുന്നതിനു സ്വന്തചിലവിന്മേൽ മുദ്രപത്രത്തിൽ ഉടമ്പടി എഴുതി വച്ചതിന്റെ ശേഷം കുത്തക നടക്കേണ്ടതാകുന്നു.

൪. മേലെഴുതിയതിനുപുറമെ അരിയും ചാമയും ശേഖരിച്ചു ഏൽപ്പിക്കുന്നതിനു മനസ്സുള്ള ആളുകളോടു ഹജൂർകച്ചേരിയിൽവച്ചു ലേലമായിട്ടു ചെട്ടുസഹായവിലക്ക കുത്തക സ്ഥിരപ്പെടുത്തുന്നതിനു നിശ്ചയിച്ചിരിക്കുന്നു. എന്നാൽ ലേലത്തിൽ ചേരുന്നതിനു മനസ്സുള്ള ആളുകൾ ക്രമപ്രകാരം ഉടമ്പടി എഴുതി വച്ചു കുത്തക നടക്കുമെന്നുള്ള ഉറപ്പിനു വേണ്ടി ലേല സമയം നൂറു രൂപാ ഡെമണി കെട്ടിവെക്കേണ്ടതും അങ്ങനെ രൂപാ കെട്ടിവെക്കാത്ത ആളുകളെ ലേലത്തിൽ ചേർക്കുന്നതല്ലാത്തതും ആകയാൽ മേൽ വിവരിച്ച ക്രമത്തിനു കുത്തക ഏറ്റു നടപ്പാൻ മനസ്സുള്ള ആളുകൾ ൪ം മാസം ൧൦നു പകൽ ൧൧ മണിക്ക മേൽപ്രകാരം രൂപായോടുകൂടി ഹജൂർകച്ചേരിയിൽ ഹാജരായി ബോധിപ്പിച്ചു കൊള്ളുകയും വേണം.

൫. ലേലം സ്ഥിരപ്പെട്ടുകൂടുമ്പോൾ മേൽപറഞ്ഞതിനുപുറമെ കെട്ടിവെക്കുന്ന രൂപായിൽ കുത്തകക്ക ഏല്പെടുന്നവരുടെ രൂപാ ഡെമണിക്ക ഉപയോഗപ്പെടുത്തുകയും ശേഷം പേരുടെ രൂപാ ഉടനെ തിരിച്ചു കൊടുപ്പിക്കയും ചെയ്യുന്നതാകുന്നു.

൬. കുത്തകക്ക ഏല്പെടുന്ന ആളുകൾ പോരാത്ത ഡെമണിവച്ചു ഉടമ്പടി ചെയ്തു അരി ഏൽപ്പിക്കാതെയിരിക്കയൊ വീഴ്ച വരുത്തുകയൊ ൯൦ം കുത്തകയിൽ നിന്നും പിൻവാങ്ങുകയൊ ഹാജരാക്കുന്ന അരി ൯൦ം വക ചിലവിനു ഉപയോഗപ്പെടുന്നതല്ലെന്നു കാണുകയൊ ചെയ്തു സർക്കാരിൽ നിന്നും വേറെ വിധത്തിൽ അരി വരുത്തി നടത്തിക്കയും അതിൽവച്ചു സർക്കാരിലേക്ക നഷ്ടം നേരിടുകയും ചെയ്താൽ ആവക നഷ്ടം ആദ്യ ലേലക്കാരനെക്കൊണ്ടു കെട്ടിവെപ്പിക്കുന്നതു കൂടാതെ ലേല സമയം വച്ച ഡെമണി പ്രായശ്ചിത്തമായി മുതൽക്കൂട്ടുന്നതുമാണ്. എന്നാൽ വേറെ വിധം അരി വരുത്തുന്നതിൽ ലാഭം വരുന്നതായാൽ അതിലേക്ക ആദ്യ ലേലക്കാരൻ അവകാശം പറഞ്ഞുകൂടുന്നതല്ലാ.

൭. മേലെഴുതിയ തുകയിൽ കൂടുതലായി ആവശ്യപ്പെട്ടാൽ അതും കുത്തകക്കാരൻ ഉടമ്പെടുന്ന വിലക്ക ഏൽപ്പിക്കേണ്ടതും കുറവായി ആവശ്യപ്പെട്ടാൽ മുഴുവനും ഏൽക്കണമെന്നു നിർബന്ധിച്ചു കൂടാത്തതുമാകുന്നു.

൮. കുത്തകക്ക ഏല്പെടുന്നവരെ സ്ഥിരപ്പെടുത്തി നടത്തിക്കുന്നതും നിരാകരിക്കുന്നതും സർക്കാരിലെ യുക്തംപോലെ ആലോചിക്കയും ചെയ്യും.

൧൦൪൪-ാമാണ്ടു
മിഥുന മാസം ൩൧-

ഗവർമ്മെണ്ടു ചീഫ് സിക്രട്ടറി
ഏ. ജെ. വീയറാ.

Notice.

Tenders are invited for the supply of 11,512 lbs. of copper sheets and 613 lbs. of copper nails, more or less, for the restoration of the Sreekovil at the Thrikakara Pagoda, Kunnathunaud Taluk. The 11,512 lbs. should be delivered in 543 sheets four feet square and weighing not less than twenty and not more than twenty two lbs. each for roofing and 4½ sheets 4 feet square and weighing 24 lbs. each for Thazhikodam or Stupee. The number of nails required is 51,450 the weight being 5 lb. for every 84 nails. The delivery should be made at the Pagoda site.

Tenders sealed and endorsed as such should be delivered at the Office of the Dewan Peishkar, Kottayam, on or before 12 noon on the 25th Ani 1082/9th July 07 on which day they will be opened by him.

Each tenderer should deposit a sum of Rs. (50) fifty as earnest money which may be in cash or currency notes. No tender will be considered that is not accompanied by the earnest money. The earnest money deposited by the successful tenderer will be credited to the security to be furnished by him, while that deposited by unsuccessful tenderers will be returned. When the earnest money has to be returned by Post or Anchal, the charges on that account will be deducted from the amount of the earnest money.

The successful tenderer will, before signing the agreement and commencing supply and within 5 days after the acceptance of his tender has been intimated to him, have to deposit a sum equivalent to 5 per cent. of the probable value of the contract as security for the due fulfilment of the same. The supply should begin soon after the deposit of the security and be completed before 20th Audy 1082.

Subject to the approval of Government, the acceptance of the tender rests with the Dewan Peishkar who does not undertake to accept the lowest or any particular tender.

The Department reserves to itself the right of putting up the contract for the supply to auction or arranging for the supply in any manner different from the terms of this notice, that may be thought fit, subsequent to the receipt of tenders.

Further details regarding the quality of the materials to be supplied, the conditions of the contract to be entered into or other matters, could be had at the office either of the Dewan Peishkar or the Kunnathunaud Tahsildar on office days and during office hours.

A. J. VIEYRA,
Chief Secretary to Government.

Huzur Cutcherry,
Trivandrum,
14th June, 1907.

പരസ്യം

കുന്നത്തുനാട്ട താലൂക്കിൽ തൃക്കാക്കര ക്ഷേത്രം ശ്രീകോവിൽ പണിവകക്കു ഉദ്ദേശം [illegible] പൌണ്ടു ചെമ്പു തകടുകളും [illegible] പൌണ്ടു ചെമ്പു ആണികളും ഏല്പിക്കാൻ മനസ്സുള്ളവർ ദർഖാസ്തുകൾ അയക്കേണ്ടതാകുന്നു. [illegible] പൌണ്ടു ചെമ്പുതകടുകൾ [illegible] പൊതിയുന്നവകക്കു [illegible] പൌണ്ടിൽ കുറയാതെയും [illegible] പൌണ്ടിൽ കൂടാതെയും തൂക്കമുള്ളതും [illegible] അടി ചതുരശ്രം ഉള്ളതും ആയ [illegible] തകടുകളും താഴികക്കുടം അല്ലെങ്കിൽ സ്ഥൂപി വകക്കു [illegible] പൌണ്ടു വീതം തൂക്കമുള്ളതും [illegible] അടി ചതുരശ്രം ഉള്ളതും ആയ [illegible] തകടുകളും ആയി ഏല്പിക്കേണ്ടതാകുന്നു. ആകെ [illegible] ആണികൾ [illegible] ഇവ ഒരു പൌണ്ടു തൂക്കത്തിനു [illegible] എണ്ണം ഉള്ളവയായി ഇരിക്കണം. ടി ചെമ്പുകൾ ക്ഷേത്രത്തിൽകൊണ്ടു ഏല്പിക്കേണ്ടതാകുന്നു.

ദർഖാസ്തുകൾ മുദ്രവെച്ചു [illegible] ആലായി [illegible] ഉച്ചക്കു [illegible] മണിക്കോ അതിനു മുമ്പിലോ കോട്ടയം ദിവാൻ പേഷ്കാരുടെ കച്ചേരിയിൽ കിട്ടത്തക്കവണ്ണം മേൽപറഞ്ഞ വക ദർഖാസ്തുകൾ ആണെന്നു മേൽവിലാസത്തിൽ എഴുതി അയക്കേണ്ടതാകുന്നു.

ഓരോ ദർഖാസ്തുകാരനും രൊക്കം പണമായിട്ടോ കറൻസി നോട്ടായിട്ടോ [illegible] രൂപാ നിരതദ്രവ്യം കെട്ടിവെക്കേണ്ടതാകുന്നു. നിരതദ്രവ്യം കെട്ടിവെക്കാത്ത ദർഖാസ്തുകാരന്റെ ദർഖാസ്തിനെപ്പറ്റി ആലോചിക്കുന്നതല്ല. സ്വീകരിക്കപ്പെട്ട ദർഖാസ്തുകാരൻ കെട്ടിവെച്ച നിരതദ്രവ്യത്തെ അയാൾ കൊടുക്കേണ്ടതായ ജാമ്യത്തിലേക്കായി വകവെച്ചു എടുക്കയും ദർഖാസ്തു സ്വീകരിക്കപ്പെടാത്തവരുടെ നിരതദ്രവ്യത്തെ മടക്കി കൊടുക്കയും ചെയ്യുന്നതാകുന്നു. നിരതദ്രവ്യത്തെ തപാൽവഴിയോ അഞ്ചൽവഴിയോ മടക്കി അയക്കേണ്ടി ഇരിക്കുമ്പോൾ അതിലേക്കുള്ള ചിലവിനെ ആ നിരതദ്രവ്യത്തിൽ നിന്നു കുറച്ചുകൊള്ളുന്നതാകുന്നു.

ദർഖാസ്തു സ്വീകരിക്കപ്പെട്ട വിവരം ദർഖാസ്തുകാരനെ തെര്യപ്പെടുത്തിയതിന്റെ ശേഷം [illegible] ദിവസത്തിനകമായും അയാൾ ഉടമ്പടി എഴുതി ഒപ്പിട്ടു കൊടുക്കുകയും സാമാനം ഏല്പിച്ചു തുടങ്ങുകയും മുമ്പായും ഉടമ്പടിയെ ശരിയായി നിവൃത്തിക്കും എന്നുള്ളതിലേക്കു ഉറപ്പിനായി ഉടമ്പടിത്തുകയുടെ നൂറിനു [illegible] വീതം ഉള്ള തുക ജാമ്യമായി കെട്ടിവെക്കേണ്ടതാകുന്നു. സാമാനം ഏല്പിക്കുന്നതു ജാമ്യത്തുക കെട്ടിവെച്ചതിൽപിന്നീടു വേഗത്തിൽ ആരംഭിച്ചു [illegible] ക്കകം പൂർത്തി ആക്കേണ്ടതാകുന്നു.

ദിവാൻപേഷ്കാർ ഏറ്റവും കുറഞ്ഞതായ ദർഖാസ്തിനെയോ വല്ല പ്രത്യേക ദർഖാസ്തിനെയോ സ്വീകരിക്കുന്നതാണെന്നു ഒരു [illegible] ഗവർന്മെന്റു അനുവദിച്ചതിന്മേൽ ദർഖാസ്തു സ്വീകരിച്ചതായി ദിവാൻപേഷ്കാർ സ്ഥിരപ്പെടുത്തുന്നതാകുന്നു.

ടി സാമാനം ഏല്പിക്കുന്നതിനുള്ള ഉടമ്പടിയെ ലേലം വിളിക്കുന്നതിനോ ദർഖാസ്തു സ്വീകരിച്ചതിൽ പിന്നീടും ഉചിതം എന്നു വിചാരിക്കുന്നതായ ടി പരസ്യത്തിലെ വ്യവസ്ഥകളിൽ നിന്നു ഭിന്നമായ വല്ല മാതിരിയിലും സാമാനം ഏല്പിക്കുന്നതിനു ഏർപ്പാടു ചെയ്യുന്നതിനോ ഉള്ള അധികാരം ഡിപ്പാർട്ടുമെണ്ടിനു ഉള്ളതാകുന്നു.

ഏല്പിക്കേണ്ട സാമാനങ്ങളുടെ ഗുണത്തെയോ എഴുതിവെക്കേണ്ട ഉടമ്പടിയിലെ വ്യവസ്ഥകളെയോ മറ്റു സംഗതികളെയോ കുറിച്ചുള്ള കൂടുതൽ വിവരങ്ങൾ ദിവാൻപേഷ്കാരുടെ കച്ചേരിയിലോ കുന്നത്തുനാട്ട തഹശീൽദാരുടെ കച്ചേരിയിലോ കച്ചേരി ദിവസങ്ങളിൽ കച്ചേരിനേരത്തു ലഭിക്കാവുന്നതാകുന്നു.

ഹജൂർകച്ചേരി
തിരുവനന്തപുരം
[illegible]

എ. ജെ. വീയറാ,
ഗവൺമെണ്ട് ചീഫ് സെക്രട്ടറി.

No. G. 4162.

Notification.

In modification of the notification published on page 677 of the Government Gazette dated the 25th June 1907, the following revised lists of plague-infected areas and of passport stations are published for general information.

A.—PLAGUE-INFECTED AREAS.

I.—In the Madras Presidency.

District.	Taluk.	Village or town.	District.	Taluks	Village or town.
Bellary ...	Kudligi ...	Ramapuram.	Salem—cont.	Hosur—cont.	Muttur. Ounatti. Settipalli.
Salem ...	Hosur ...	Belakarai. Edenallur. Kelamangalam.	South Canara	Mangalore ...	Mangalore.

II.—Outside the Madras Presidency.

1. ***Mysore State.***

2. *Bombay.*—The Bombay Presidency including the *cities* of Baroda and Karachi, the Kolhapur and Southern Mahratta Country, the *States* of Baroda, Cambay, Cutch, Kathiawar, Satara and Surat, the *ports* of Cambay, Dwarka, Jamnagar, Kodinar, Mongrol and Verawal, the *districts* of Hyderabad (Sind) and Sukkar and the *towns* of Hyderabad (Sind), Jamnagar and Kolhapur.

3. *Bengal.*—The *cities* of Calcutta and Patna, and the *districts* of Bhagalpur, Burdwan, Cuttack, Champaran, Darbhanga, Darjeeling, Gaya, Hazaribagh, Howrah, Jessore, Monghyr, Muzaffarpur, Palamau, Patna, 24-Perganas, Saran, Shahabad and Sonthal Parganas and the *towns* of Bhagalpur, Darbhanga, Gaya, Howrah and Monghyr.

4. *The Punjab.*—The *districts* of Amritsar, Attock, Delhi, Ferozepur, Gujranwala, Gujarat, Gurdaspur, Gurgaon, Hissar, Hoshiarpur, Jhang, Jhelum, Jullundur, Kangara, Karnal, Lahore, Lyallpur, Ludhiana, Mainwali, Montgomery, Multan, Rawalpindi, Rohtak, Shahpur, Sialkot, and Amballa, the *States* of Dujana, Faridkot, Jind, Kapurthala, Kalsia, Maler Kotla, Nabha, Nalagarh and Patiala and the *cities* of Amritsar, Delhi, Jullundur, Lahore and Patiala.

5. *The United Provinces of Agra and Oudh.*—The *districts* of Agra, Aligarh, Allahabad, Azamgarh, Bahraich, Ballia, Bara Banki, Basti, Bareilly, Benares, Bijnor, Budaun, Bulandshahr, Cawnpur, Dehra Dun, Etah, Etawah, Farrukabad, Fatehpur, Fyzabad, Garhwal, Ghazipur, Gonda, Gorakhpur, Hardoi, Jaunpur, Kheri, Lucknow, Mainpuri, Meerut, Mirzapur, Morodabad, Muttra, Muzaffarnagar, Naini Tal, Partabgarh, Pilibhit, Rae Bareli, Shahjahanpur, Shahranpur, Sitapur, Sultanpur and Unao, the *cities* of Agra, Aligarh, Allahabad, Benares, Bareilly, Cawnpur, Fyzabad, Gorakhpur, Hathras, Lucknow, Meerut, Mirzapur, Morodabad, Muttra, Shahjahanpur and Shahranpur and Farrukabad *town.*

6. *The Central Provinces (including Berar).*—The *districts* of Akola, Amroti, Balaghat, Bhandara, Buldana, Chanda, Chhindwara, Damoh, Hoshangabad, Jubbalpore, Mandla, Nagpur, Narasingpur, Nimar, Raipur, Saugor, Seoni and Wardha, the *towns* of Akola, Amroti, Balaghat, Bhandara, Chanda, Ellichpur, Hoshangabad, Jubbulpore, Narasingpur, Wardha and Yeotmal, Nagpur City and Jubbulpore cantonment.

7. *Central India.*—The *States* of Dewas. Dhar, Indore, Jaora, Jhabua, Nagode, Rutlam and Sailana, the *city* of Ujjain, Indore Residency, Bhopal Agency, Guarantee Holdings in Malwa Agency, and Bhagelkhand Agency States.

8. *Burma.*—Rangoon *port* and the *districts* of Amherst, Bassein, Hanthawaddy, Henzada, Kyaukse, Mandalay, Maubin, Meiktila, Myaungmya, Myingyan, Pegu, Prome, Pyapone, Tharrawaddy, Thaton, Toungoo, and Yamethin and the *towns* of Mandalay and Moulmein.

9. *Kashmir.*—The *districts* of Jummu and Khathna.

10. *Hyderabad*—The *districts* of Aurangabad and Usmanabad.

11. *Rajputana*—Ajmer *district*, the *States* of Alwar, Banswara, Bharatpur, Jaipur, Marwar, Mewar, Partabgarh, Shahpura and Tonk and Jaipur *city*.

12. *North-West Frontier Province.*—The *towns* of Dera Ismail Khan and Peshawar, Peshawar contonment and the *districts* of Bannu, Dera Ismail Khan, Dikhan, Hazara and Peshwar and Khyber agency.

B.—PASSPORT STATIONS.

Madras Railway.

Gudupalli.	Mulanur.
Kuppam.	Patchur.

2. Persons arriving from the places above mentioned should be required to take out passports.

Huzur Cutcherry,
Trivandrum,
29th June 1907.

S. GOPALACHARIYAR,
Dewan.

Notification.

Under section 2 of the Epidemic Diseases Regulation II of 1073 it is hereby notified that quarantine should be imposed against arrivals from the Port of Mauritius, intimation having been received that the place is infected with plague.

Huzur Cutcherry,
Trivandrum,
26th June 1907.

S. GOPALACHARIYAR,
Dewan.

പരസ്യം

൧൦൭൩-മാണ്ടത്തെ ൨-ാം റെഗുലേഷൻ ആയ സാംക്രമികരോഗറെഗുലേഷൻ ൨-ാം വകുപ്പനുസരിച്ചു ഇതിനാൽ പരസ്യപ്പെടുത്തുന്നതു എന്തെന്നാൽ മൌറിഷ്യസ്സ് തുറമുഖത്തിൽ പ്ലേഗുദീനം ഉള്ളതായി അറിവുകിട്ടിയിരിക്കയാൽ അവിടെനിന്നു വരുന്ന ഉരുക്കൾക്കു ക്വാറന്റൈൻ പരിരോധനം ഏർപ്പെടുത്തിയിരിക്കുന്നു.

ഹജൂർകച്ചേരി
തിരുവനന്തപുരം
൧൯൦൭ ജൂൺ ൨൬-

എസ്. ഗോപാലാചാര്യർ,
ദിവാൻ.

Notice.

Kumaran Narayanan, Aiyappan Neelacandan, Kunchayana Padmanabhan and Narayanan Krishnan, original bidders of the exclusive privilege of manufacturing and vending Toddy in independent shops Nos. 8, 29, 38 and 39 respectively of the Trivandrum Town for the year 1083 having defaulted to make the deposit as required by rule No. 14 of the sale notice published on page 68 of the Government Gazette dated 4th June 1907 as amended by notification dated 17th June 1907 the right of vend in the said shops will be resold in auction at the Huzur Cutcherry at 1 P. M. on Thursday the 11th July, 1907 / 27th Ani, 1082.

The conditions of the notice above referred to will be applicable to the resale also.

Huzur Cutcherry,
Trivandrum,

S. GOPALACHARIYAR,
Dewan.

പരസ്യം.

൧൦൮൩-ാമാണ്ടത്തേക്ക തിരുവനന്തപുരം പട്ടണത്തിൽ കള്ളു വിൽക്കുന്നതിനു സ്ഥാപിക്കപ്പെട്ടിട്ടുള്ള ൮, ൨൯, ൩൮, ൩൯-ാം നമ്പർ ഷാപ്പുകളിൽ കള്ളുണ്ടാക്കി വിൽക്കുന്നതിനുള്ള അവകാശം ലേലം വിളിക്കെട്ടവരായ കുമാരൻ നാരായണനും, അയ്യപ്പൻ നീലകണ്ഠൻ, കുഞ്ചുയന പത്മനാഭൻ, നാരായണൻ കൃഷ്ണൻ ഇവർ ൧൯൦൭ ജൂൺമാസം ൪-നു-ലെ ഗസറ്റിൽ ൬൮-ാം പുറത്തു പ്രസിദ്ധം ചെയ്തിട്ടുള്ളതും ജൂൺമാസം ൧൭-നു-ലെ പരസ്യം അനുസരിച്ചു ഭേദപ്പെടുത്തീട്ടുള്ളതുമായ ലേല വിക്രയ പരസ്യം ൧൪-ാം വകുപ്പുപ്രകാരം ഡിപ്പോസിറ്റു വയ്ക്കാഴികയാൽ ടി അവകാശത്തെ ൧൯൦൭ ജൂലായിമാസം ൧൧-നു-ക്ക ൧൦൮൨-ാമാണ്ട ആനിമാസം ൨൭-നു- വ്യാഴാഴ്ച ദിവസം പകൽ ൧ മണിക്ക ഹജൂർകച്ചേരിയിൽവച്ചു വീണ്ടും ലേലം ചെയ്യുന്നതാകുന്നു. മേൽ വിവരിച്ച പരസ്യത്തിലെ നിബന്ധനകൾ ഈ ലേലത്തിനും സംബന്ധിക്കുന്നതാകുന്നു.

ഹജൂർകച്ചേരി
തിരുവനന്തപുരം

എസ്, ഗോപാലാചാര്യർ,
ദിവാൻ.

No. S. R./3135.

Notification.

It is hereby notified that the Notification proposing to constitute Panachikad tract as a Forest Reserve as published under section 4 of the Forest Regulation II of 1068 in the Government Gazette dated 13th Kartigai 1081/28th November 1905 is cancelled.

Huzur Cutcherry,
Trivandrum,
1st July 1907.

S. GOPALACHARIYAR,
Dewan.

പരസ്യം

൧൦൮൧ വൃശ്ചികം ൧൩-നു-ക്ക ൧൯൦൫ നവമ്പർ ൨൮-നു-ലെ ഗവൎമ്മെണ്ട ഗസറ്റിൽ ൧൦൬൮-ാമാണ്ടത്തെ ൨-ാം റെഗുലേഷനായ വനം റെഗുലേഷൻ ൪-ാം വകുപ്പിൻപ്രകാരം പ്രസിദ്ധപ്പെടുത്തിയിരുന്ന പനച്ചിക്കാട്ടിനെ ഒരു ഒഴിച്ചിട്ടിട്ടുള്ള വനം ആക്കുന്നതിനു നിശ്ചയിച്ചതിനെ കുറിച്ചുള്ള പരസ്യത്തെ ഇതിനാൽ റദ്ദുചെയ്തിരിക്കുന്നു.

ഹജൂർകച്ചേരി
തിരുവനന്തപുരം
൧൯൦൭ ജൂലായി ൧-നു

ദിവാൻ എസ്. ഗോപാലാചാര്യർ,
ദിവാൻ ബഹദൂർ.

Notification.

Modifications to the Rules dated 20-7-05 regarding the manufacture, custody, supply and sale of stamps.

Rule No. 37. Line 3. Add "and serial Number" between the words "the date" and "of each sale".

Huzur Cutcherry,
Trivandrum,
25th June 1907.

S. GOPALACHARIYAR,
Dewan.

Notice.

Adverting to the notification No. G. 359 dated 21-1-1907 published on page 96 a of the Government Gazette dated 29-1-1907/16-6-1082, it is hereby notified that an extension of three months is sanctioned for the destruction of the rogue tusker elephant referred to therein.

Huzur Cutcherry,
Trivandrum,
26th June 1907.

A. J. VIEYRA,
Chief Secretary to Government.

പരസ്യം

൧൦൮൨-ാമാണ്ടു മകരമാസം ൧൬-ാം-യിലെ ഗസെറ്റിൽ ൯൬ എ വശത്തു പ്രസിദ്ധപ്പെടുത്തിട്ടുള്ള ൧൯൦൭ ജനുവരി ൨൧-ാം-യിലെ ജി ൩൫൯-ാം നമ്പർ പരസ്യത്തെ സംബന്ധിച്ചു ഇതിനാൽ പ്രസിദ്ധപ്പെടുത്തുന്നതു എന്തെന്നാൽ അതിൽ പ്രസ്താവിച്ചിരിക്കുന്ന കൊമ്പൻ ഒറ്റയാനെ വെടിവെച്ചു കൊല്ലുന്നതിലെക്കു മൂന്നുമാസകാലം കൂടുതൽ ആയി അനുവദിച്ചിരിക്കുന്നു.

ഹജൂർകച്ചെരി
തിരുവനന്തപുരം
൧൯൦൭ ജൂൺ ൨൬-

ഗവർന്മെന്റു ചീഫ്സിക്രട്ടറി
എ. ജെ. വീയറാ.

Addendum.

In the Proceedings of Government No. S. R. 2847 dated Trivandrum 15th June 1907, published on page 695 of the Gazette dated 25th June 1907, insert the following as the second sentence in the first para :—

"Statistics are now available with regard to the total number of persons engaged in the various occupations."

കൂടുതൽ.

൧൯൦൭ ജൂൺ ൧൫-ാം- S. R. 2847-ാം നമ്പരിൽ ഉണ്ടായിട്ടുള്ളതും ൧൯൦൭ ജൂൺ ൨൫-ാം-യിലെ ഗസെറ്റിൽ ൬൯൫-ാം വശത്തു പ്രസിദ്ധം ചെയ്തിട്ടുള്ളതും ആയ ഗവർന്മെന്റു പ്രൊസീഡിംഗ്സിൽ ൧-ാം വകുപ്പിൽ രണ്ടാമത്തെ വാക്യം ആയി താഴെ എഴുതിയിരിക്കുന്നതിനെ ചേർക്കണം.

"ഓരോ തൊഴിലിലും വ്യവസായത്തിലും ഏർപ്പെട്ടിരിക്കുന്ന ആളുകളുടെ മൊത്തം എണ്ണത്തെക്കുറിച്ചു കണക്ക ഇപ്പോൾ ലഭ്യം ആകുന്നു."



TRAVANCORE GOVERNMENT GAZETTE.

TRIVANDRUM, TUESDAY, July 2, 1907. / Mithunam 18, 1082

Part II.—രണ്ടാം ഭാഗം

Notice of auction sale of contract for the supply of vegetables &c., for Oottupuras.

കൊല്ലം ഡിവിഷൻ കച്ചേരിയിൽ നിന്നു.

പരസ്യം ചെയ്യുന്നതു എന്തെന്നാൽ

തിരുവല്ലാ താലൂക്കിൽ ചെന്ന തിരുവല്ലാ ഊട്ടിൽ തിങ്ങൾ ഉൾപ്പെട്ടവകക്കു ൧൦൮൩-ാമാണ്ടത്തേക്കു ആവശ്യമുള്ള കാകറി പലവെഞ്ജനം ഉൾപ്പെട്ട സാമാനങ്ങൾ കുത്തകയായി ഏല്പിക്കുന്നതിനു ആളെപ്പെടുത്തുന്നതിലേക്കു ൩൦-ാം വരുന്ന ആടിമാസം ൧൦൹- പകൽ ൧൧ മണിക്കു തിരുവല്ലാ താലൂക്കു കച്ചേരിയിൽ വച്ചു ലേലം ചെയ്യാൻ നിശ്ചയിച്ചിരിക്കകൊണ്ടു അതിലേക്കു മനസ്സുള്ളവർ അവധിക്കു ഹാജരായി ലേലത്തിൽ ചെന്നു വിളിച്ചുകൊള്ളേണ്ടതാകുന്നു.

ലേലത്തിൽ ചേരുന്നതിനു ഓരോരുത്തരും രൂപാ വീതം ഡിപ്പോസിറ്റ് വെക്കേണ്ടതും അല്ലാത്തപക്ഷം ലേലത്തിൽ ചേർക്കുന്നതല്ലാത്തതും ആകുന്നു. ലേലം സ്ഥിരപ്പെട്ടതിന്റെശേഷം കുത്തകതുകയിൽ ഒരു സംഖ്യ അന്നേ ദിവസം തന്നെ ഡിപ്പോസിറ്റ് വെച്ചുകൊള്ളേണ്ടതും അല്ലാത്തപക്ഷം ആദ്യ ഡിപ്പോസിറ്റിനെ സർക്കാരിലേക്കു മുതൽക്കൂട്ടുന്നതും കൂടാതെ രണ്ടാമതു ലേലം വിളിപ്പിച്ചോ മറ്റൊ വല്ല വിധം വ്യവസ്ഥ ചെയ്തു നടത്തിക്കുന്നതിൽ വച്ചുണ്ടാകുന്ന നഷ്ടത്തിനു ആദ്യ ലേലക്കാരൻ ഉത്തരവാദിയായി തീരുന്നതും ലാഭമുണ്ടായാൽ അതിലേക്കു അവകാശം പറയുകൂടാത്തതും ആകുന്നു. ലേലം സ്ഥിരപ്പെട്ട ഉടനെ ശേഷം പേരിടെ ഡിപ്പോസിറ്റ് തിരിച്ചു കൊടുക്കുന്നതായിരിക്കും.

ഏല്പിക്കേണ്ടതായ സാമാനങ്ങളുടെ ഇനവും തരവും തവണയും സംഖ്യയും തിരുവല്ലാ താലൂക്കുകച്ചേരിയിൽ ചോദിച്ചാൽ വിവരം പറയുന്നതാകുന്നു.

ഉടമ്പടിയിൻ കൂടുതലായോ കുറവായോ മറ്റു വല്ല സാമാനമോ ആവശ്യപ്പെടുന്നതുപോലെ കുത്തകക്കാരൻ ഏല്പിക്കേണ്ടതാണെ. സാമാനങ്ങൾ ചേതം വരാതെ ഉള്ളതു ഏഴു ദിവസത്തേക്കു ഒന്നായും ശേഷം സാമാനങ്ങൾ തലനാൾപ്പടിയും തൂക്കിയും അളന്നും എണ്ണിയും ഏല്പിപ്പാനുള്ളതും ഓരോ മാസം കഴിയുന്ന ഉടൻ കണക്കു തീർത്തു പണം കൊടുക്കുന്നതും കുത്തക അവധി കഴിഞ്ഞു സകല കണക്കുകളും നോക്കി നിശ്ചയപ്പെടുത്തി ഡിപ്പോസിറ്റ് തിരിച്ചു കൊടുക്കുന്നതും ആകുന്നു.

ഏതെങ്കിലും സാമാനങ്ങൾ അതാതു അവധിക്കു ശരിയായി ഏല്പിക്കാതിരിക്കയോ കുത്തകക്കാരനു വീഴ്ചയിനാലോ നടപടി തെറ്റിനാലോ വല്ല തകരാറുകളും നേരിടുകയോ ചെയ്താൽ അതിൽ ഉണ്ടാകുന്ന നഷ്ടങ്ങൾക്കു കുത്തകക്കാരൻ വച്ചിട്ടുള്ള ഡിപ്പോസിറ്റും കുത്തകക്കാരന്റെ സ്വത്തുക്കളും ഉത്തരവാദിയാകുന്നതാകുന്നു.

ലേലം സ്ഥിരപ്പെടുത്തുന്നതും നിരാകരിക്കുന്നതും സർക്കാരിലെ യുക്തംപോലെ ആയിരിക്കയും ചെയ്യും എന്നു

൧൦൮൨ ഇടവം ൩൦൹

ദിവാൻപേഷ്കാർ,
അയ്യപ്പൻ കേശവൻ
പകരം അസിസ്റ്റന്റു
എൻ. രാജാരാമരായർ.

നമ്പർ ൩൮൩.

പത്മനാഭപുരം ഡിവിഷൻ കച്ചേരിയിൽ നിന്നും

പരസ്യം ചെയ്യുന്നതു എന്തെന്നാൽ

൧൦൧൫-ാം ഡിവിഷനിൽ ചേർന്ന താലൂക്കുകളിൽ തിരുവട്ടാർ മുതലായ സ്ഥലങ്ങളിൽ നിന്നും തെക്കോട്ടും കിഴക്കോട്ടും വെളിപ്പെട്ടതും കൊട്ടാരം നടത്തിവരുന്ന ദേവസ്വം ഊട്ടുകൾക്കു ആവശ്യമുള്ള തെങ്ങാ മുതലായ വെളിച്ചെണ്ണ ഇതുകൾ ൧൦൧൫-മാണ്ടു ഒന്നുക്കു ഏൽപ്പിക്കേണ്ടതിലേക്കു കുത്തക കൊടുപ്പാൻ നിശ്ചയിച്ചിരിക്കുന്നതും അതിലേക്കു വരുന്ന ആടിമാസം ൨൫-ാം ൹ ഈ കച്ചേരിയിൽ വച്ചു ലേലം വിളിപ്പാൻ അവധി വച്ചിരിക്കുന്നതും ആകകൊണ്ടു ലേലത്തിൽ ചേരുവാൻ മനസ്സുള്ളവർ അന്നേ ദിവസം പകൽ ൧൧ മണിക്കു ഈ കച്ചേരിയിൽ ഹാജരായി ബോധിപ്പിച്ചുകൊള്ളേണ്ടതാകുന്നു.

ലേലത്തിൽ ചേരുന്നതിനു ഓരോരുത്തരും ൧൦ രൂപാ വീതം ഡെപ്പാസിറ്റ് വെക്കണം. അല്ലാത്തപക്ഷം ലേലത്തിൽ ചേരുന്നതിനു സമ്മതിക്കുന്നതല്ല. ലേലം സ്ഥിരപ്പെടുത്തിയതിന്റെ ശേഷം ലേലം അനുസരിച്ചു അതാതു താലൂക്കുകളിലെ ഉത്തരവു ചെന്നു തഹശീൽദാരുടെ നോട്ടീസു ലേലക്കാരനു കിട്ടുന്നതിന്റെ അടുത്ത ദിവസം വെക്കുന്നതിനായിട്ടുള്ള ലേലത്തുകയിൽ എട്ടിലൊരു ഭാഗം സംഖ്യ ഡെപ്പാസിറ്റ് താലൂക്കിൽ ഹാജരാക്കുകയും ഉടനെ ലേലക്കാരന്റെ ചിലവിന്മേൽ മുദ്രപ്പത്രത്തിൽ ഉടമ്പടി എഴുതി വെക്കുകയും ചെയ്യേണ്ടതാകുന്നു. അങ്ങനെ ഡെപ്പാസിറ്റ് വെക്കാതെയോ ഉടമ്പടി എഴുതി വെക്കാതെയോ ഇരുന്നാൽ ലേല സമയത്തിൽ വച്ച ഡെപ്പാസിറ്റ് സർക്കാരിലേക്കു മുതൽ കൂട്ടിക്കുന്നതു കൂടാതെ രണ്ടാമതു ലേലം വിളിപ്പിച്ചോ മറ്റൊ വേറെ വിധം വ്യവസ്ഥചെയ്തു നടത്തുന്നതിൽ വച്ചുണ്ടാകുന്ന നഷ്ടത്തിനു കുത്തകക്കാരൻ ഉത്തരവാദിയായി തീരുന്നതും ആകുന്ന ലാഭം ഉണ്ടായാൽ അതിലേക്കു അവകാശം പറയുന്നതിനു കൂടുന്നതല്ല. ലേലം സ്ഥിരപ്പെട്ട ഉടനെ ശേഷം പേരുടെ ഡെപ്പാസിറ്റ് തിരിയെ കൊടുക്കുന്നതായിരിക്കും.

ഏൽപ്പിക്കേണ്ടതായ സാമാനങ്ങളുടെ സംഖ്യയും തരവും തവണയും ഈ കച്ചേരിയിൽ ഹാജരായി ചോദിച്ചാൽ പറയുന്നതാകുന്നു. അതാതു തവണക്കുള്ള സാമാനങ്ങളെ അതാതു കലവറയിൽ കൊണ്ടുചെന്നു കീഴ്നടപ്പുപോലെ നാഴി, ഇടം, തെയ്യാൽ, പടി, മുതലായതുകൾക്കു അളന്നും തരത്തിൻപടി എണ്ണിയും ഏല്പിക്കണം. അതാതുമാസം കഴിഞ്ഞയുടനെ കണക്കു തീർത്തു മറ്റുമാസം ൧൫-ാം ൹ക്കകം പണം കൊടുക്കുന്നതായിരിക്കും. കുത്തക അവധി കഴിഞ്ഞതിൽ പിന്നെ സകല കണക്കുകളും നോക്കി നിശ്ചയപ്പെടുത്തി സർക്കാരിലേക്കു ഈടാകേണ്ടതു പോകെ ഡെപ്പാസിറ്റ് തിരിയെ കൊടുക്കുന്നതാകുന്നു.

ഏതെങ്കിലും സാമാനങ്ങൾ അതാതു അവധിക്കു ശരിയായി ഏല്പിക്കാതിരിക്കയോ കുത്തകക്കാരന്റെ വീഴ്ചയാലോ നടപടി തെറ്റിനാലോ വല്ല അകരാറുകളും നേരിടുകയോ ഉടമ്പടിപ്രകാരം കുത്തക നടക്കാതിരിക്കയോ ചെയ്താൽ അതിൽവച്ചുണ്ടാകുന്ന സകല നഷ്ടങ്ങൾക്കും കുത്തകക്കാരൻ ഉത്തരവാദിയായി തീരും. ആ നഷ്ടത്തിനു ഡെപ്പാസിറ്റിൽ നിന്നും ഈടാക്കുന്നതിനു പുറമെ കുത്തകക്കാരന്റെ സ്ഥാവര ജംഗമ വസ്തുക്കളിൽ പ്രവേശിച്ചു ഈടാക്കുന്നതാകുന്നു.

ഓരോ ദേവസ്വം ഊട്ടുകളിലേക്കു വേണ്ട സാമാനങ്ങൾ എല്ലാം ഒന്നിച്ചോ പ്രത്യേകം പ്രത്യേകമായിട്ടോ ലേലം വിളിപ്പിക്കുമെന്നുള്ളതാണ്. ലേലം സ്ഥിരപ്പെടുത്തുന്നതു സർക്കുലർ അനുസരിച്ചു ഹജൂർ അനുവാദപ്രകാരം ആയിരിക്കയും ചെയ്യും എന്നു

൧൦൧൫ മിഥുനമാസം ൫-ാം ൹

ദിവാൻ പേഷ്കാർ നാരായണയ്യൻ സുബ്രഹ്മണ്യയ്യൻ.

നമ്പർ [illegible]

പത്മനാഭപുരം ഡിവിഷൻ കച്ചേരിയിൽ നിന്നും

പരസ്യം ചെയ്യുന്നതു എന്തെന്നാൽ

തൊവാള ശുചീന്ദ്രം പത്മനാഭപുരം കഴിത്തുറ ഈ ഊട്ടുകളിലേക്കു വേണ്ട സാമാനങ്ങൾ ൧൦൧൫-മാണ്ടു ഒന്നുക്കു കുത്തക കൊടുത്തിരുന്ന അവധി ൧൦൧൪-മാണ്ടു ആടിമാസം വരെ തീരുന്നതും ഈ ഊട്ടുകളിലേക്കു ൧൦൧൫-മാണ്ടു ഒന്നുക്കും പത്മനാഭപുരം ശുചീന്ദ്രം ഈ ഊട്ടുകളിൽ ൧൦൧൫-മാണ്ടത്തെ പട്ടത്താനത്തിനും ആവശ്യമുള്ള സാമാനങ്ങൾക്കു കുത്തക കൊടുപ്പാൻ നിശ്ചയിച്ചിരിക്കുന്നതും ഇതിൽ തൊവാള ശുചീന്ദ്രം ഈ ഊട്ടുകൾക്കു ആനിമാസം ൨൫-ാം ൹ നാഗർകോവിൽ സൽകീട്ടുകച്ചേരിയിലും പത്മനാഭപുരം കഴിത്തുറ ഈ ഊട്ടുകൾക്കു ആനിമാസം ൨൭-ാം ൹ പകൽ ൧൧ മണിക്കു പത്മനാഭപുരത്തു ഈ കച്ചേരിയിലും വച്ചു ലേലം വിളിപ്പാൻ അ

വധിവച്ചിരിക്കുന്നതും അതുകൊണ്ടു അതിലെക്കു മനസ്സുള്ള ആളുകൾ അവധിക്കു ഹാജരായി ബൊധിപ്പിക്കെണ്ടതാകുന്നു.

൨. ലെലത്തിൽ ചെരുന്നതിനു ഓരോരുത്തരും ൧൦ രൂപാ ഡെമണിവെക്കണം. അല്ലാത്തപക്ഷം ലെലത്തിൽ ചെരുവാൻ സമ്മതിക്കുന്നതല്ലാ ലെലം സ്ഥിരപ്പെട്ടതിന്റെ ശെഷം ലെലം അനുവദിച്ച അതാതു താലൂക്കുകളിൽ ഉത്തരവു ചെന്നു തഹശീൽദാരുടെ നൊട്ടീസു ലെലക്കാരനു കിട്ടുന്നതിന്റെ അടുത്തദിവസം മുതൽ ൧൫ ദിവസത്തിനകം ഒടുക്കെണ്ട ലെലത്തുകയിൽ എട്ടിലൊന്നു ഡെമണി താലൂക്കിൽ ഹാജരാക്കുകയും ഉടൻതന്നെ ലെലക്കാരന്റെ ചിലവിന്മെൽ മുദ്രപ്പത്രത്തിൽ ഉടമ്പടി എഴുതിവെക്കയും ചെയ്യെണ്ടതാണ്. അങ്ങനെ ഡെമണികെട്ടിവെക്കാതെയൊ ഉടമ്പടി എഴുതിവെക്കാതെയൊ ഇരുന്നാൽ ലെല സമയത്തു വച്ച ഡെമണി സൎക്കാരിലെക്കു മുതൽകൂട്ടിക്കുന്നതു കൂടാതെ രണ്ടാമതു ലെലം വിളിപ്പിച്ചൊ മറ്റൊരുവിധം വ്യവസ്ഥചെയ്തു നടത്തുന്നതിനു നെരിടുന്ന നഷ്ടത്തിനു ആദ്യ ലെലക്കാരൻ ഉത്തരവാദിയായിരിക്കുന്നതും അതുകൊണ്ടു ലാഭം ഉണ്ടായാൽ അതിലെക്കു അവകാശം ഉണ്ടായിരിക്കുന്നതല്ലാ ലെലം സ്ഥിരപ്പെട്ട ഉടനെ ശെഷം പെരിടെ ഡെമണി തിരിയെ കൊടുക്കുന്നതായിരിക്കും.

൩. ഏല്പിക്കെണ്ടതായ സാമാനങ്ങളുടെ തരവും സംഖ്യയും തവണയും ൧൦ം കച്ചെരിയിൽ ഹാജരായിചൊദിച്ചാൽ വിവരം പറയുന്നതാണ സാമാനങ്ങൾ കൂടുതൽ കുറവായിട്ടും ആവശ്യപ്പെടുന്നതുപൊലെയും ഏല്പിക്കെണ്ടതാകുന്നു.

൪. അതാതുതവണക്കു സാമാനങ്ങളെ അതാതു കലവറയിൽ കൊണ്ടുചെന്നു കീഴ്നടപ്പുപൊലെ അവിടത്തെ നാഴി, ഇടങ്ങഴി, മരക്കാൽ, പടി, മുതലായതുകൾക്കു അളന്നും തൂക്കിയും തരത്തിൻപടി എണ്ണിയും ഏല്പിക്കണം. അതാതുമാസം കഴിഞ്ഞഉടനെ കണക്കതീൎത്തു മറുമാസം ൧൫-ാംനു-ക്കകം പണം കൊടുക്കുന്നതായിരിക്കും. കുത്തക അവധികഴിഞ്ഞതിന്റെ പിന്നെ സകല കണക്കുകളും നൊക്കി നിശ്ചയപ്പെടുത്തി ഡെമണി തിരിയെ കൊടുക്കുന്നതാകുന്നു.

൫. ഏതെങ്കിലും സാമാനങ്ങൾ ശരിയായും അവധിക്കും ഏല്പിക്കാതിരിക്കയൊ കുത്തകക്കാരന്റെ വീഴ്ചയാലൊ നടപടിതെറ്റിനാലൊ വല്ല തകരാറുകളും നെരിടുകയൊ ഉടമ്പടിപ്രകാരം കുത്തകക്കാരൻ നടക്കാതിരിക്കയൊ ചെയ്താൽ അതിൽവച്ചുണ്ടാകുന്ന സകല നഷ്ടങ്ങൾക്കും കുത്തകക്കാരൻ ഉത്തരവാദിയായിരിക്കും. ആ നഷ്ടത്തിനെ ഡെമണിയിൽ നിന്നും ഈടാക്കുന്നതിനു പുറമെ കുത്തകക്കാരന്റെ സ്ഥാവരജംഗമവസ്തുക്കളിൽപ്രവെശിച്ചും ഈടാക്കപ്പെടാവുന്നതാകുന്നു.

൬. സാമാനങ്ങൾ എല്ലാം ഒന്നിച്ചൊ പ്രത്യെകം പ്രത്യെകമായൊ ലെലം വിളിപ്പിക്കുമെന്നുള്ളതാകുന്നു ലെലം സ്ഥിരപ്പെടുത്തുന്നതു സൎക്കുലർ അനുസരിച്ചു ഹജൂർ അനുവാദപ്രകാരം ആയിരിക്കയും ചെയ്യും എന്നു

൧൦൮൨ മിഥുനമാസം ൧൨-

ദിവാൻപെഷ്കാർ നാരായണയ്യൻ സുബ്രഹ്മണ്യയ്യൻ.

നമ്പർ ൧൯൧൪

പത്മനാഭപുരം ഡിവിഷൻ കച്ചെരിയിൽ നിന്നും
പരസ്യം ചെയ്യുന്നതു എന്തെന്നാൽ

൧൦ം ഡിവിഷനിൽ ഉൾപ്പെട്ടതും തൊവാള അഗസ്തീശ്വരം ഇരണിയൽ കൽകുളം വിളവംകൊട്ടു ൧൦ം താലൂക്കുകളിൽ ചെൎന്നതുമായ ദെവസ്വം ഊട്ടുകാഞ്ഞിപ്പുര മുതലായ സ്ഥലങ്ങൾക്കു ൧൦൮൩-ാമാണ്ടു കന്നിമാസം മുതൽ മീനമാസം ൩൦-ാംനു വരെ ചിലവിനു വെണ്ടിവരുന്ന നെല്ലു പുഴുക്കലരി പഴയരി നെടിനാടൻ ഊട്ടിലെക്കും ദെവസ്വങ്ങളിലെ ഉത്സവാദി അടിയന്തിരങ്ങൾക്കും സദ്യക്കു ആവശ്യപ്പെടുന്ന ഉണക്കലരി ഇതുകൾ സഹായവിലക്കു ഏല്പിപ്പാൻ മനസ്സുള്ള ആളുകൾക്കു കുത്തക കൊടുപ്പാൻ നിശ്ചയിച്ചിരിക്കുന്നു.

൧൦ം വകക്കു പഴുപ്പു പൂപ്പു ഇല്ലാതെ നല്ല മെനിയായും ൯ൻമെ പതരു കൂടാതെയും അതാതു സ്ഥലങ്ങളിലെ ആചാരത്തിനും കീഴ്നടപ്പിനും വിരൊധം അല്ലാതവിധത്തിലും ഉള്ളതായ നെല്ലും അരിയും ശെഖരിച്ചു കീഴ്നടപ്പനുസരിച്ചും പ്രധാന സ്ഥലങ്ങൾക്കു അടുത്തായും ലെലസമയം തെയ്യപ്പെടുത്തുന്ന ആകളിൽ ആ സ്ഥലത്തു നിന്നും കൊടുക്കെണ്ടതായ എല്ലാസ്ഥലങ്ങൾക്കും ഒരു മാസത്തെ ചിലവിൽ കുറയാതെ ഏതു സമയത്തും ഇരിക്കത്തക്കവണ്ണം ഉട്ടുപ്പുക്കണക്കിലെയും താലൂക്കിൽ നിന്നും നൊട്ടീസുമൂലം തെയ്യപ്പെടുത്തുന്നതുപൊലെ അതാതു പൂമതലക്കാരെ എം ഏൽപ്പിച്ച് കൊള്ളുന്ന സെക്കിളൻ പക്കൽ അളവുകൊടുത്തു രസീതു വാങ്ങുകയും ചെയ്യുന്നുള്ളതാകുന്നു.

൨. ദെവസ്വം ഊട്ടു കാഞ്ഞിപ്പുര ഇതുകൾക്കു ൧൦൮൩ മീനമാസം ൩൦-ാംനു വരെ ചിലവിനു വെണ്ട നെല്ലും അരിയും ഓരൊ സ്ഥലത്തെക്കും ഇത്രാമതു വെന്നമെന്നും ഇന്നപ്പൊൾ മുതൽ ഏല്പിക്കണമെന്നും ഉള്ള വിവരം മുമ്പിൽകൂട്ടി ൧൦ം കച്ചെരിയിൽ ഹാജരായി അറിയ

ക്ഷിച്ചാൽ പറഞ്ഞുതരുന്നതും അതിനെ കൂടുതലായിട്ടൊ കുറവായിട്ടൊ ആവശ്യപ്പെടുന്നതുപോലെ സ്ഥിരപ്പെടുന്ന വിലക്ക ഏല്പിക്കേണ്ടതുമാണ. ലെലം അതാതു തിരിച്ചൊ ഓരോ പ്രവൃത്തിയിലൊ താലൂക്കിലൊ ഉൾപ്പെട്ട സ്ഥലങ്ങൾക്കൊ ഒന്നായൊ ചെയ്യുന്നതായിരിക്കും.

ഓരോ മാസത്തെയും ചിലവിനു ആവശ്യപ്പെടുന്ന നെല്ലു അരി ഇതുകൾ മുഴുവനും ഏല്പിച്ചതിന്നാൽ അതിലെക്കുള്ള വില കിട്ടുന്നതാണ. ലെലത്തിൽ വിളികൊള്ളുന്നവർ ഏല്പിക്കുന്ന നെല്ലിന്റെയൊ അരിയുടെയൊ രണ്ടുംകൂടി ആയിരിക്കുന്ന ഇതുകളുടെയൊ ഒരു കൊല്ലത്തു വിലയിൽ എട്ടിലൊന്നു ഡെമണി കെട്ടിവച്ചു വ്യവസ്ഥകൾ അനുസരിച്ചു നടത്തുന്നതിനു സ്വന്ത ചിലവിന്മേൽ മുദ്ര പത്രത്തിൽ ഉടമ്പടി എഴുതി വച്ചു കുത്തക നടക്കേണ്ടതാകുന്നു.

മേലെഴുതിയതിന്മണ്ണം നെല്ലും അരിയും ശേഖരിച്ചു ഏല്പിക്കുന്നതിനു മനസ്സുള്ള ആളുകളൊടു തൊവാള അഗസ്തീശ്വരം ഈ താലൂക്കിൽ ചെന്ന സ്ഥലങ്ങൾക്ക നാഗരകൊവിൽ സക്കീട്ടു കച്ചേരിയിലും ഇരണിയൽ തക്കല വിളവംകോട ഈ താലൂക്കുകളിൽ ചെന്ന സ്ഥലങ്ങൾക്ക പത്മനാഭപുരത്തു ഈ കച്ചേരിയിലും വച്ചു ലെലമായിട്ടു കെട്ടു സഹായവിലക്ക ആളെപ്പെടുത്തുന്നതിനു നിശ്ചയിച്ചിരിക്കുന്നു. എന്നാൽ ലെലത്തിൽ ചേരുന്നതിനു മനസ്സുള്ള ആളുകൾ ക്രമപ്രകാരം ഉടമ്പടി എഴുതിവച്ചു നടക്കമെന്നുള്ള ഉറപ്പിന്നുവേണ്ടി ലെലസമയം ൫൦ രൂപാവീതം ഡെമണി കെട്ടിവെക്കേണ്ടതും അങ്ങനെ കെട്ടിവെക്കാത്തവരെ ലെലത്തിൽ ചേർക്കുന്നതല്ലാത്തതുമാകയാൽ മേൽവിവരിച്ച ക്രമത്തിനു കുത്തക ഏറ്റുനടപ്പാൻ മനസ്സുള്ള ആളുകൾ ഇരണിയൽ തക്കല വിളവംകോട ഈ സ്ഥലങ്ങളിലെ ലെലത്തിനു വരുന്ന ചിങ്ങമാസം ൧൨നു പത്മനാഭപുരത്തും തൊവാള അഗസ്തീശ്വരം ഈ സ്ഥലങ്ങളിലെ ലെലത്തിനു വരുന്ന ചിങ്ങമാസം ൧൫നു നാഗരകൊവിലിലും പകൽ ൧൨ മണിക്ക മെൽപ്രകാരം രൂപായൊടുകൂടി ഹാജരായി ബൊധിപ്പിച്ചുകൊള്ളേണ്ടതാകുന്നു.

സഹായ വിലക്ക ഏല്പിട്ടു ലെലം നിറുത്തിക്കൂടുമ്പോൾ മേൽപറഞ്ഞതിന്മണ്ണം കെട്ടിവെക്കുന്ന രൂപായിൽ കുത്തകക്ക ഏല്ക്കുന്നവരുടെ രൂപാ ഡെമണിക്ക ഉപയൊഗപ്പെടുത്തുകയും ശെഷംപെരുടെ രൂപാ ഉടനെ തിരിച്ചു കൊടുപ്പിക്കയും ചെയ്യുന്നതാകുന്നു. ഗവൎമ്മെന്റു അനുവാദം വന്നതിന്മെൽ ലെലം സ്ഥിരപ്പെടുത്തുന്നതും സ്ഥിരപ്പെട്ട വിവരം ഇവിടെ നിന്നും നൊട്ടീസുമൂലം തെരിയപ്പെടുത്തുന്നതുമാകുന്നു.

കുത്തക സ്ഥിരപ്പെടുന്ന ആളുകൾ മുമ്പു ലെലത്തിൽ ചേരുന്നതിനു വച്ചിട്ടുള്ളതുൾപ്പടെ ഏട്ടിൽ ഒന്നു ഡെമണി ഈ കച്ചേരിയിൽ ഹാജരായി കെട്ടിവെക്കയും സ്ഥിരപ്പെടുത്തിയ വിവരത്തിനു നൊട്ടീസു കെല്പിക്കുന്ന തീയതി മുതൽ ൭ ദിവസത്തിനകം ക്രമപ്രകാരം മുദ്രപ്പത്രത്തിൽ ഉടമ്പടി എഴുതിവെക്കയും ചെയ്യേണ്ടതും ഡെമണിക്ക പലിശവാങ്ങണമെന്നുള്ള ലെലക്കാരന്റെ അവകാശം പറഞ്ഞുകൂടാത്തതുമാകുന്നു.

മെഡികൽ ആഫീസരും മിസ്റ്റർ പി. കെശവപിള്ളയും സബ് കമ്മിട്ടിയായി ചെന്നു റിപ്പൊൎട്ടു ചെയ്യുന്നതിനു ഈ സംഗതി ഏല്പിക്കാൻ നിശ്ചയിച്ചു.

൧൦. നാരായണപിള്ള എന്ന ആൾ തന്റെ പുരയിടത്തെ അടച്ചുകെട്ടാതെ ഇട്ടിരിക്കുന്നു എന്നു പ്രസ്താവിച്ചു ൧൦൮൨ മീനം ൨൩-നു ൨൩൭-ാം നമ്പരിൽ ഇൻസ്പെക്ടർ എഴുതിയ റിപ്പൊൎട്ടു വായിച്ചു.

രണ്ടു ആഴ്ചവട്ടത്തിനകം അടച്ചുകെട്ടണമെന്നു റെഗ്ലെഷൻ ൪൫-ാം വകുപ്പനുസരിച്ചു നൊട്ടീസു അയക്കാൻ നിശ്ചയിച്ചു.

യൊഗം വൈകീട്ടു ആറര മണിക്കു പിരിഞ്ഞു.

എൻ. രാജാരാമരായർ.
വൈസ് പ്രെസിഡെണ്ടു.

പട്ടണപരിഷ്കരണകമ്മിററി തിരുവനന്തപുരം.

൧൦൮൨ വൃശ്ചികം ൨൩-നു ശനിയാഴ്ച കൂടിയ യൊഗത്തിലെ നടപടികൾ.

ഹാജർ:—

മ. രാ. രാ. സി. രാഘവാചാൎയ്യർ അവൎകൾ ബി. എ. വൈസ് പ്രെസിഡെണ്ടു.
" കെ. നാരായണൻ തമ്പി അവൎകൾ.
" വി. കെ. നാരായണൻ ഉണ്ണിത്താൻ അവൎകൾ എ. സി. ഇ.
" വി. എ. രാമകൃഷ്ണയ്യർ അവൎകൾ ബി. എ. ബി. എൽ.
മിസ്റ്റർ മഹമ്മദ ഹാജി ഇസ്മാനി സേട്ടു.

൧. വീടു കക്കൂസു ശുചീകരണത്തെ സംബന്ധിച്ചു നടപ്പാക്കീട്ടുള്ള ചട്ടങ്ങളിൽ ൧൭-ാം ചട്ടത്തിൽ 'അനുഭവക്കാരൻ' എന്നതിനോടു വൈകല്പികമായി ഉടമസ്ഥനെക്കൂടി ചെൎക്കുന്നതിലേക്കു ശിപാൎശ ചെയ്തിട്ടുള്ള പ്രകാരം ചെയ്യുന്നതു യുക്തം ആണെന്നു ഗവൎമ്മെണ്ടിനു തോന്നുന്നില്ല എന്നും മുമ്പിൽ കൂട്ടി സ്കാവെഞ്ചിങ്ങ് ഫീസു ലഭിക്കുന്നതിലേക്കു നിൎബന്ധിക്കണം എന്നും തെരിയപ്പെടുത്തി ജി. ൧൭൫൧-ാം നമ്പരായി വന്ന ഗവൎമ്മെണ്ടു ലട്ടർ വായിച്ചു.

മേല്പറഞ്ഞ ലെട്ടരിൽ അടങ്ങീട്ടുള്ള ആജ്ഞകൾ അനുസരിച്ചു മുമ്പെ ആയി സ്കാവെഞ്ചിങ്ങ് ഫീസു മേലാൽ ഈടാക്കണം എന്നു ഹെൽത്താഫീസരോടു ആജ്ഞാപിക്കാൻ നിശ്ചയിച്ചു.

൨. മെസ്സേൎസ്സ് ആർബത്നട്ട് ആൻഡ് കമ്പനിയിൽ ജാമ്യപ്പണം വച്ചിട്ടുള്ള സൎക്കാര ജീവനക്കാർ മുമ്പിലെ സംഖ്യയിൽ മൂന്നിലൊരു ഭാഗം വീണ്ടും ജാമ്യം വെക്കണം എന്നു ഡിപ്പാൎട്ടുമെണ്ടു മേലധികാരികളോടു ആവശ്യപ്പെടുന്നതായ ൧൦൧൨-ാം നമ്പർ ഫിനാൻഷ്യൽ സൎക്കുലർ വായിച്ചു.

റിക്കാൎഡു ചെയ്തു.

൩. ശങ്കരൻ അയ്യപ്പൻ എന്ന ആളുടെ മാതുലൻ കൺസൎവൻസി വിചാരിപ്പായിരുന്നു മരിച്ചപ്പോൾ നാരായണപിള്ളക്കു ചെല്ലേണ്ടതായ അടുത്തൂൺ തുക ൫൦ രൂപാ ൨ ചക്രം ൧൦ കാശു കൊടുക്കുന്നതിലേക്കു അനുവദിച്ചു ഡിസംബർ ൩-നു ജി. ൧൭൯൦-ാം നമ്പരിൽ വന്ന ഗവൎമ്മെണ്ടു ലെററർ വായിച്ചു.

റിക്കാൎഡു ചെയ്തു.

൪. ഒരു ഡിക്ലരെഷൻ ഫാറം അച്ചടിക്കുന്നതിനെപ്പററി ഗവൎമ്മെണ്ടു അച്ചുക്കൂടം സൂപ്രെണ്ടിനു അയച്ച ലെട്ടരിന്റെ പകൎപ്പു അയച്ചു ജി. ൧൭൯൪-ാം നമ്പരിൽ വന്ന ഗവൎമ്മെണ്ടു ലട്ടർ വായിച്ചു.

റിക്കാൎഡു ചെയ്തു.

൬. കൊട്ടാരം അനെസ്റ്റണ്ട സാനിട്ടെറി ഇൻസ്പെക്ടർ എസ്. ഹരിഹരയ്യരുടെ കീഴിൽ വേല ചെയ്യുന്നതിനു മാസം ൧൦ രൂപാ വീതം ശമ്പളത്തിൽ നിലകണ്ഠയ്യൻ എന്നൊരാളുടെ നിയമനത്തെപ്പററി ജി. ൬൫൭൫ാം നമ്പരിൽ വന്ന ഗവെർമ്മെണ്ട ലെട്ടർ വായിച്ചു.

റിക്കാർഡു ചെയ്തു.

൭. റിപ്പോർട്ടുകളിൽ പറഞ്ഞിട്ടുള്ള ആളുകൾ ലൈസൻസു കൂടാതെ മാംസം വില്ക്കുന്നതിനു അവരെ പ്രാസിക്യൂട്ട ചെയ്യാൻ അനുവാദം ചോദിച്ചു സാനിട്ടെറി ഇൻസ്പെക്ടർ എഴുതിയ ൧൦൮൨ ലെ ൨൫൭, ൨൫൯, ൨൬൦ ഈ നമ്പർ റിപ്പോർട്ടുകൾ വായിച്ചു.

ലൈസൻസു കൂടാതെ മാംസം വിററതിനു മേൽപറഞ്ഞ ആളുകളെ പ്രാസിക്യൂട്ട ചെയ്യണം എന്നു നിശ്ചയിച്ചു.

൮. റിപ്പോർട്ടുകളിൽ പറഞ്ഞിട്ടുള്ള ആളുകൾക്കു അവരുടെ പുരയിടങ്ങളെ മറച്ചു വൃത്തിയാക്കി വെച്ചുകൊള്ളുവാൻ നോട്ടീസു അയക്കണം എന്നു ശിപാൎശ ചെയ്തു ഹെല്ത്താഫീസർ എഴുതിയ ൧൦൮൨ ലെ ൨൪൫, ൨൪൭, ൨൬൪ ഈ നമ്പർ റിപ്പോർട്ടുകൾ വായിച്ചു.

അപ്രകാരം നോട്ടീസു അയക്കണം എന്നു നിശ്ചയിച്ചു.

൯. റിപ്പോർട്ടിൽ പറഞ്ഞിട്ടുള്ള ആളുകൾ ലൈസൻസു കൂടാതെ മണ്ണെണ്ണ വില്ക്കുന്നതിനു പ്രാസിക്യൂട്ട ചെയ്യാൻ അനുവാദത്തിനു അപേക്ഷിച്ചു ഹെല്ത്താഫീസർ എഴുതിയ ൧൦൮൨ വൃശ്ചികം ൧൬-ലെ ൨൭൩ാം നമ്പർ റിപ്പോർട്ട വായിച്ചു.

ലൈസൻസു കൂടാതെ മണ്ണെണ്ണ വില്ക്കുന്നതിനു മേൽപറഞ്ഞ ആളുകളെ പ്രാസിക്യൂട്ട ചെയ്യണം എന്നു നിശ്ചയിച്ചു.

൰. ചാലപ്പുറത്തെരുവിൽ മാടസ്വാമി സുബ്ബയ്യാ എന്നൊരാൾ ഒരു ഇടവഴിയെ അടച്ച സംഗതിയെപ്പററി ഹെല്ത്താഫീസർ എഴുതിയ ൧൦൮൨ വൃശ്ചികം ൧൬-ലെ ൨൭൫ാം നമ്പർ റിപ്പോർട്ട വായിച്ചു.

മിസ്റ്റർ കെ. നാരായണൻ തമ്പിയും, മിസ്റ്റർ വി. കെ. നാരായണൻ ഉണ്ണിത്താനും സ്ഥലം ചെന്നു നോക്കി ഈ വിഷയത്തിൽ അവരുടെ അഭിപ്രായത്തെ കമ്മിട്ടിയെ അറിയിക്കാൻ അവരോട അപേക്ഷിക്കണം എന്നു നിശ്ചയിച്ചു.

൰൧. റിപ്പോർട്ടിൽ പറഞ്ഞിട്ടുള്ള ആളുകൾ അവരുടെ പുരയിടങ്ങളെ മറപ്പിച്ചു വൃത്തിയാക്കി വെച്ചുകൊള്ളുവാൻ കമ്മിട്ടിയിൽ നിന്നു അയച്ച നോട്ടീസിനെ അനുസരിക്കാത്തതിനു അവരെ പ്രാസിക്യൂട്ട ചെയ്യാൻ അനുവാദത്തിനു അപേക്ഷിച്ചു ഹെല്ത്താഫീസർ എഴുതിയ ൧൦൮൨ തുലാം ൨൬-ലെ ൧൯൬ാം നമ്പർ റിപ്പോർട്ട വായിച്ചു.

കമ്മിട്ടിയുടെ നോട്ടീസിനെ അനുസരിക്കാത്തതിനു മേൽപറഞ്ഞ ആളുകളെ പ്രാസിക്യൂട്ട ചെയ്യണം എന്നു നിശ്ചയിച്ചു.

൰൨. റിപ്പോർട്ടിൽ പറഞ്ഞിട്ടുള്ള ആളുകൾ അവരുടെ വീട്ടിൻ പുരയുടെ ഇറയിൽ നിന്നുള്ള വെള്ളം അടുത്ത ഒരു കിണററിൽ വീഴാതെ ഇരിക്കാനായി ഇറയിൽ തകരത്തകിടുകളൊ മററൊ വെക്കാൻ അവൎക്ക നോട്ടീസു അയക്കണം എന്നു ശിപാൎശ ചെയ്തു ഹെല്ത്താഫീസർ എഴുതിയ ൧൦൮൨ തുലാം ൩൦-ലെ ൨൦൨ാം നമ്പർ റിപ്പോർട്ട വായിച്ചു.

മിസ്റ്റർ വി. കെ. നാരായണൻ ഉണ്ണിത്താനും മിസ്റ്റർ സി. രാഘവാചാൎയ്യരും സ്ഥലം ചെന്നു പരിശോധിച്ചു അവിടെ ഉള്ള ന്യൂനതയെ പരിഹരിക്കാനുള്ള നല്ല മാൎഗ്ഗം എന്താണെന്നുള്ള അഭിപ്രായം പറയാനായി അവരോട അപേക്ഷിക്കണം എന്നു നിശ്ചയിച്ചു.

൰൩. പുരയിടങ്ങളിൽ ചപ്പുകൾ കിടക്കുന്നതിനെപ്പററി മിസ്റ്റർ എസ്. കൃഷ്ണമൂൎത്തി അയ്യരുടേയും മിസ്റ്റർ കെ. നാരായണൻ തമ്പിയുടേയും റിപ്പോർട്ടുകൾ വായിച്ചു.

മേൽപറഞ്ഞ പുരയിടങ്ങളിൽ ഉണങ്ങിയ ചപ്പുകൾ ഇടാൻ അനുവാദം കൊടുക്കാൻ പാടില്ലെന്നു നിശ്ചയിച്ചു.

സി. രാഘവാചാൎയ്യർ,
വൈസ് പ്രസിഡണ്ട.

പട്ടണ പരിഷ്കരണ കമ്മിററി തിരുവനന്തപുരം.

൧൯൦൭ ഫെബ്രുവരി ൧൬-ാം ൧൦൮൨ കുംഭം ൫-ാം൹ ശനിയാഴ്ച കൂടിയ യോഗത്തിലെ നടപടികൾ.

ഹാജർ.

മ. രാ. രാ. വി. നാഗമയ്യാ അവർകൾ ബി. എ., എഫ്. ആർ. എച്ച്. എസ്., പ്രെസിഡെണ്ട്.

,, കെ. നാരായണൻതമ്പി അവർകൾ.

,, വി. കെ. നാരായണൻ ഉണ്ണിത്താൻ അവർകൾ എ. സി. ഇ.

൧. ഗണപതി കോവിലിനും കൊട്ടാരത്തിനും മദ്ധ്യേ എത്ര വൃക്ഷങ്ങളെ ഉടൻ മുറിക്കേണ്ടി ഇരിക്കും എന്നു റിപ്പോർട്ട് ചെയ്തു ഹെൽത്താഫീസർ എഴുതിയ ൧൯൦൬ ഡിസംബർ ൨൭-ലെ ൧൦൦൧-ാം നമ്പർ റിപ്പോർട്ട് വായിച്ചു

ഈ വക വൃക്ഷങ്ങളെയും ചെന്നു പരിശോധിച്ചു അവയിൽ ഏവയെല്ലാം ഏററവും അപകടമായ സ്ഥിതിയിൽ ഇരിക്കുന്നതിനാൽ ഉടൻ മുറിച്ചുകളയേണ്ടിയിരിക്കുന്നു എന്നു തീർച്ചപ്പെടുത്താൻ മിസ്റ്റർ കെ. നാരായണൻ തമ്പി, മിസ്റ്റർ സി. രാഘവാചാര്യർ, മിസ്റ്റർ വി. കെ. നാരായണൻ ഉണ്ണിത്താൻ ഇവരോട് അപേക്ഷിക്കണം എന്നു നിശ്ചയിച്ചു.

൨. റിപ്പോർട്ടുകളിൽ പറഞ്ഞിട്ടുള്ള ആളുകൾ ലൈസൻസു കൂടാതെ മാംസം വില്ക്കുന്നതിനു അവരെ പ്രാസിക്യൂട്ടു ചെയ്വാൻ അനുവാദത്തിനു അപേക്ഷിച്ചു ഹെൽത്താഫീസർ എഴുതിയ ൯൭൨-ം ൯൭൩-ം നമ്പർ റിപ്പോർട്ടുകൾ വായിച്ചു.

പ്രാസിക്യൂഷൻ അനുവദിച്ചു.

൩. തന്റെ ആഫീസു വളപ്പിൽ കെട്ടുന്ന പുരകൾക്കു ഓല മേയാതെ എളുപ്പത്തിൽ തീ കത്താത്ത സാധനങ്ങൾകൊണ്ടു പുരമേച്ചിൽ കഴിക്കണം എന്നു ഹെൽത്താഫീസർ ൧൯൦൬ നവംബർ ൨൭-ാം൹ എഴുതിയ ൯൪൭-ാം നമ്പർ റിപ്പോർട്ട് വായിച്ചു.

ഈ കാര്യത്തെപ്പററി തൽക്കാലം തീർച്ച ചെയ്യേണ്ടെന്നു നിശ്ചയിച്ചു.

പുത്തനായി വരുത്തിയ അഗ്നിശമന യന്ത്രത്തെ അപകടം ഒന്നും പററാതിരിക്കുന്നതിനായി എപ്പോഴും തയ്യാറായി വെച്ചിരിക്കേണ്ടതാണെന്നും നിശ്ചയിച്ചു.

൪. കൈതമുക്കിൽ ഒരു ഇടവഴിയെ വീതിപ്പെടുത്തണം എന്നു അവിടത്തെ നിവാസികൾ അയച്ച ഹർജിയും അതിന്മേൽ ഹെൽത്താഫീസർ ൧൯൦൬ ഡിസംബർ ൧൫-ാം൹ ൯൯൦-ാം നമ്പരായി എഴുതിയ റിപ്പോർട്ടും വായിച്ചു.

ഈ ഇടവഴിയെ ഒരു റോഡു ആക്കേണ്ടതു ഏററവും ആവശ്യമാണെന്നു കമ്മിററി വിചാരിക്കുന്നതിനാൽ ഈ കാര്യത്തിൽ വേണ്ട ഏർപ്പാടുകൾ ചെയ്യുന്നതിനു ഗവർമെണ്ടിനോട് അപേക്ഷിക്കണം എന്നു നിശ്ചയിച്ചു.

൫. റിപ്പോർട്ടിൽ പറഞ്ഞിട്ടുള്ള ആളുകൾ ലൈസൻസു കൂടാതെ മണ്ണെണ്ണ കച്ചവടം ചെയ്യുന്നതിനു അവരെ പ്രാസിക്യൂട്ടു ചെയ്വാൻ അനുവാദം അപേക്ഷിച്ചു ൧൯൦൭ ജനുവരി ൧൬-ാം൹ ഹെൽത്താഫീസർ എഴുതിയ ൨൮-ാം നമ്പർ റിപ്പോർട്ട് വായിച്ചു.

പ്രാസിക്യൂഷൻ അനുവദിച്ചു.

൬. റിപ്പോർട്ടിൽ പറഞ്ഞിട്ടുള്ള ആൾ ലൈസൻസു കൂടാതെ ചിരട്ട വ്യാപാരം ചെയ്യുന്നതിനു അയാളെ പ്രാസിക്യൂട്ടു ചെയ്വാൻ അനുവാദം അപേക്ഷിച്ചു ഹെൽത്താഫീസർ എഴുതിയ ൧൯൦൬ നവംബർ ൨൭-ലെ ൧൦൪൭-ാം നമ്പർ റിപ്പോർട്ടും മാസം എത്ര വില്ക്കുന്നു ഉണ്ടെന്നു തിട്ടപ്പെടുത്തി എഴുതിയ ൧൯൦൭ ജനുവരി ൧൬-ലെ ൯൨൭-ാം നമ്പർ റിപ്പോർട്ടും വായിച്ചു.

പ്രാസിക്യൂഷൻ അനുവദിച്ചു.

൭. റിപ്പോർട്ടിൽ പറഞ്ഞിട്ടുള്ള ആളുകൾ അവയിൽ വിവരിച്ചിട്ടുള്ള സ്ഥലത്തുനിന്നു ചെത്തിപ്പോകുവാൻ കൂടാ എന്നു അവർക്കു നോട്ടീസു അയക്കണം എന്നു ശിപാർശ ചെയ്തു ൧൯൦൭ ജനുവരി ൧൬-ാം൹ ഹെൽത്താഫീസർ എഴുതിയ ൩൦-ാം നമ്പർ റിപ്പോർട്ട് വായിച്ചു.

അപ്രകാരം നോട്ടീസു അയക്കണം എന്നു നിശ്ചയിച്ചു.

൯. പഴവങ്ങാടിയിൽ നാരായണി എന്നൊരു ആൾക്കു ചാണകം കിടക്കുന്നതിനെ എടുത്തു സ്ഥലം വൃത്തിയാക്കി വെച്ചുകൊള്ളുവാൻ നൊട്ടീസു അയക്കണം എന്നു ശിപാൎശ ചെയ്തു ൧൦൮൨ ധനു ൨൯-ാം ഹെൽത്താഫീസർ എഴുതിയ ൩൯൬-ാം നമ്പർ റിപ്പോൎട്ട വായിച്ചു.

ഹെൽത്താഫീസർ ശിപാൎശ ചെയ്തിരിക്കുന്നപോലെ നൊട്ടീസു അയക്കണം എന്നു നിശ്ചയിച്ചു.

൧൦. വലിയചാല വിഷ്ണു സോമാജിയാർ നരസിംഹയ്യർ ചെന്ന ഒരു പുളിമരത്തിന്റെ ശാഖകൾ അയൽപക്കക്കാരന്റെ കിണറ്റിന്നു നേരെ തൂങ്ങിക്കിടക്കുന്നതിനാൽ അവയെ മുറിച്ചു കളയാനും ആ കിണറ്റിന്നു സമീപത്തിൽ ഒരാൾ ഇടെ നട്ടിരിക്കുന്ന തെങ്ങു തൈകളെ എടുത്തു കളയാനും ആയി അയാൾക്കു നൊട്ടീസു കൊടുക്കണം എന്നു ശിപാൎശ ചെയ്തു ഹെൽത്താഫീസർ ൧൦൮൨ മകരം ൧൫-ാം എഴുതിയ ൩൫൨-ാം നമ്പർ റിപ്പോൎട്ട വായിച്ചു.

ഹെൽത്താഫീസർ ശിപാൎശ ചെയ്തിരിക്കുന്നപോലെ അയാൾക്കു നൊട്ടീസു അയക്കണം എന്നു നിശ്ചയിച്ചു.

൧൧. റിപ്പോൎട്ടിൽ പറഞ്ഞിട്ടുള്ള ആളുകൾക്കു അതിൽ വിവരിച്ചിട്ടുള്ള സ്ഥലങ്ങളെ വൃത്തിയായി വെച്ചുകൊണ്ടിരിക്കാൻ നൊട്ടീസു അയക്കണം എന്നു ശിപാൎശ ചെയ്തു ഹെൽത്താഫീസർ ൧൯൦൭ ഫെബ്രുവരി ൭-ാം എഴുതിയ ൪൬൦-ാം നമ്പർ റിപ്പോൎട്ടും ൩൨൧ ലെ ൪൭൫-ാം ൪൭൭-ാം ൪൭൮-ാം നമ്പർ റിപ്പോൎട്ടുകളും വായിച്ചു.

അപ്രകാരം നൊട്ടീസു അയക്കണം എന്നു നിശ്ചയിച്ചു.

൧൨. കരപ്പുട്ടിക്കടെ റോഡിൽ വിളക്കു ഇടണം എന്നു അപേക്ഷിച്ചു അവിടത്തെ നിവാസികൾ അയച്ച ഹൎജിയും അതിനെപ്പറ്റി ഹെൽത്താഫീസർ എഴുതിയ ൧൦൮൨ വൃശ്ചികം ൨൯-ാം ലെ ൩൫൨-ാം നമ്പർ റിപ്പോൎട്ടും വായിച്ചു.

ഈ കാൎയ്യത്തെപ്പറ്റി ഗവൎമ്മെണ്ടിലേക്കു എഴുതി അയക്കണം എന്നു നിശ്ചയിച്ചു.

വി. നാഗമയ്യാ,

പ്രെസിഡെണ്ട്,

പട്ടണപരിഷ്കരണ കമ്മിററി ആലപ്പുഴ

൧൦൮൨ മീനം ൧൭-ാം ബുധനാഴ്ച കമ്മിട്ടിയുടെ ആഫീസിൽ കൂടിയ യോഗത്തിലെ നടപടി.

ഹാജർ.

മിസ്റ്റർ കെ. എൻ. ഐപ്പ് ബി. ഏ.,　　പ്രെസിഡണ്ട്.
മ. രാ. രാ. കെ. മാധവൻപിള്ള എൽ. എം. എസ്
" 　　എം. അപ്പാവുപിള്ള.
മിസ്റ്റർ ഇ. ജെ. ചെറിയാൻകുഞ്ഞു.
" 　　നരൊജി പെസ്റ്റാഞ്ജി നരിയൻ വാലാ.

യോഗം കാലത്തു എട്ടു മണിക്കു കൂടി.

൧. കഴിഞ്ഞ യോഗത്തിലെ മിനിട്ടുകൾ വായിച്ചു

൨. ഗവർന്മെന്റിൽ നിന്നു വന്ന താഴെ പറയുന്ന ലെട്ടറുകൾ വായിച്ചു റിക്കാർട്ടുചെയ്തു

(൧) മിസ്റ്റർ രത്തൻസി ഗോവിന്ദജിയുടെ സ്ഥാനത്തു ഒരു അനുദ്യോഗസ്ഥമെംബരായി മിസ്റ്റർ ഇ. ജെ. ചെറിയാൻകുഞ്ഞിനെ നിയമിച്ചിരിക്കുന്നതായി തെരിയപ്പെടുത്തുന്ന മാർച്ച് [illegible]-ലെ [illegible] നമ്പർ

(൨) മെനക്കാലത്തു ആലപ്പുഴ പട്ടണത്തിലെ റോഡുകളെ നന്നാക്കുന്നതിനെപ്പററി മാർച്ച് [illegible]-ലെ [illegible] നമ്പർ

(൩) മിസ്റ്റർ വറുഗീസ് ചാണ്ടി ബി. ഏ. ബി. എൽ. ന്റെ പകരം ഒരു അനുദ്യോഗസ്ഥ മെംബരെ നിയമിക്കുന്നതിനു പുതുതായി ശിപാർശ ചെയ്യണം എന്നു കല്പിക്കുന്ന മാർച്ച് [illegible]-ലെ [illegible]-ാം നമ്പർ

൩. ആശുപത്രിക്കു പുറമെ ആലപ്പുഴയിൽ ഒരു ഡിസ്പെൻസറിയും കൂടെ വേണമെന്നുള്ളതിനെപ്പററി ദിവാൻജിയുടെ സക്ക്രട്ടറിയേറ്റിൽ നിന്നു ഒരു സംഗ്രഹം അഭിപ്രായം അറിയുന്നതിന്നായി അയച്ചുതന്നു മാർച്ച് [illegible] [illegible] നമ്പരിൽ എഴുതിയ ഗവർന്മെന്റു ലറ്റർ വായിച്ചു.

ആശുപത്രി റൌണ്ടിൽ പടിഞ്ഞാറെ അററത്തായിരിക്കുന്നതിനാൽ അതിനു പുറമെ ഡിസ്പെൻസറികൂടി മെല്പറഞ്ഞിരിക്കുന്നതു ആവശ്യം തന്നെ എന്നു മെംബർമാരിൽ ഭൂരിപക്ഷക്കാർ അഭിപ്രായപ്പെടുന്നതായി ഗവർന്മെണ്ടിനെ തെരിയപ്പെടുത്താൻ നിശ്ചയിച്ചു.

൪. മേലിൽ വച്ചിരിക്കേണ്ട ജനനമരണങ്ങളെ രജിസ്റ്ററുകൾ ഇന്ന വിധത്തിൽ ആയിരിക്കണം എന്നു കാണിക്കാൻ ഫാറങ്ങൾ അയച്ചു മാർച്ച് [illegible]-ാം നമ്പരിൽ സാനിട്ടരി കമ്മിഷണർ എഴുതിയ ലെട്ടർ വായിച്ചു.

പുതുതായി ഉപയോഗിക്കുന്നതിനായി അയച്ചിട്ടുള്ള ഫാറങ്ങൾ ഗവർന്മെണ്ട് അനുവദിച്ചിട്ടുള്ളവയാണൊ എന്നു കമ്മിട്ടിയെ തെരിയപ്പെടുത്തുന്നതിനു കമ്മിഷണർക്കു എഴുതാൻ നിശ്ചയിച്ചു.

൫. [illegible] രാത്രി പഴയങ്ങാടിയിൽ ഉണ്ടായതും അധികം നഷ്ടം സംഭവിക്കുന്നതിനു മുമ്പിൽ കെടുത്തിയതും ആയ അഗ്നിബാധയെപ്പററി മാർച്ച് [illegible]-ാം നമ്പരിൽ സാനിട്ടറി ഇൻസ്പെക്ടർ എഴുതിയ റിപ്പോർട്ട് വായിച്ചു.

റിക്കാർട്ടുചെയ്തു.

൬. മുഴിച്ചെരി റോഡിൽനിന്നു കിഴക്കോട്ടു സാറാ മാർക്കട്ടിലെക്കുള്ള റോഡിന്റെ തെക്കുവശത്തു മാടിട്ട വലിയ കെട്ടിടങ്ങൾ കെട്ടുന്നതിലെക്കു അനുവാദത്തിന്നപെക്ഷിച്ചു പഴയങ്ങാടി ഹോളിക്രാസ് സിറിയൻ പള്ളിയുടെ ട്രസ്റ്റി മിസ്റ്റർ ഇ. ഡബ്ലിയു. ചെറിയാൻകുഞ്ഞു [illegible]-ാം എഴുതിയ ഹർജി വായിച്ചു.

പ്രെസിഡണ്ടു ആ സ്ഥലം പരിശോധിച്ചു എന്നും പ്രസ്താപവിഷയം ആയ കെട്ടിടങ്ങളുടെ സ്ഥലത്തിന്റെ കിഴക്കെയും പടിഞ്ഞാറെയും അററങ്ങളിൽ സ്ഥിരം ആയുള്ള ചെങ്കൽകെട്ടിടങ്ങളൊടു ഒപ്പിച്ചു അതെവരിയിൽ പുതിയ കെട്ടിടങ്ങളുടെ മുൻവശച്ചുവരുകളും മുൻവശത്തെ ഇറയും നില്ക്കത്തക്ക വിധത്തിൽ അവയെ കെട്ടേണ്ടതാണെന്നു ഹർജിക്കാരനെയും പള്ളിവക മററു അധികാരസ്ഥന്മാരെയും തെരിയപ്പെടുത്തി എന്നും കമ്മിട്ടിയിൽ കല്പിച്ചു.

൬. പുത്തനങ്ങാടിയിൽ തെക്കെ വലിയതോട്ടരികിൽ മാളികക്കെട്ടിടങ്ങളിൽ ഒന്നിൻെറ അപായകരസ്ഥിതിയെപ്പററി ആലപ്പുഴ പൊലീസ് ഇൻസ്പെക്ടർ ൩൭൫-ാം നമ്പരിൽ എഴുതിയ റിപ്പോർട്ട് വായിച്ചു.

പ്രെസിഡണ്ടു ഉടമസ്ഥനും അനുഭവസ്ഥനും അയച്ച നോട്ടീസിനെ സ്ഥിരപ്പെടുത്താൻ നിശ്ചയിച്ചു.

കെട്ടിടത്തെ പരിശോധിക്കയും അതിൻെറ ഇപ്പോഴത്തെ സ്ഥിതിയെപ്പററി അഭിപ്രായം പറകയും ചെയ്യുന്നതിനു എഞ്ചിനീയർ ഡിപ്പാർട്ടുമെണ്ടു ഓവർസീയരോടു അപേക്ഷിക്കാൻ നിശ്ചയിച്ചു.

൭. ടൌണിലെ തെരുവുകളിൽ ഏതാനും സ്ഥലാതിക്രമണങ്ങൾ നടന്നതിനെപ്പററി സബ് എഞ്ചിനീയർ ഡിപ്പാർട്ടുമെണ്ട് ഓവർസീയർ ൧൯൭-ാം നമ്പരായും സാനിട്ടറി ഇൻസ്പെക്ടർ ൨൩൨, ൨൩൦, ൨൩൫ ഈ നമ്പരുകളിൽ ആയും എഴുതിയ റിപ്പോർട്ടുകൾ വായിച്ചു.

അയക്കപ്പെട്ട നോട്ടീസിനെ ലംഘിച്ചതിലേക്കു പ്രാസിക്യൂട്ടു ചെയ്യാതിരിക്കാൻ കാരണം ഉണ്ടെങ്കിൽ പറയണം എന്നു അവർക്കു നോട്ടീസയക്കാൻ നിശ്ചയിച്ചു.

൮. പുത്തനങ്ങാടിയിൽ നിന്നു തെക്കോട്ടുള്ള ഒരു മുടുക്കിനെ അടച്ചതിനെപ്പററി പരാതിപ്പെട്ട അവിടത്തെക്കച്ചവടക്കാർ മാർച്ച് ൧൮-നു എഴുതിയ ഹർജിയും അതിന്മേൽ സാനിട്ടറി ഇൻസ്പെക്ടർ ടി ൨൪-നു ൨൪൭-ാം നമ്പരിൽ എഴുതിയ റിപ്പോർട്ടും വായിച്ചു.

മുടുക്കിനെ അടച്ചു പീടികയിൻ പാർശ്വത്തിൽ ഒന്നിനും ഇപ്പോഴത്തെ അനുഭവസ്ഥൻ ആയ മഹമ്മത് രാവുത്തർ മാമ്മൂദിനും തടസ്ഥത്തെ നീക്കുന്നതിലേക്കു നോട്ടീസയക്കാൻ നിശ്ചയിച്ചു.

൯. (എ) ൧൦൮൩-ാമാണ്ടിലേക്കു കച്ചവടം ചെയ്യുന്നതിനു താഴെ പേർ പറയുന്നവർക്കു പ്രെസിഡണ്ടു കൊടുത്ത ലൈസൻസുകളുടെ ലിസ്റ്റ് വായിച്ചു.

(൧) ഉക്കടഭാഗ് ജിക്കു ചായമിടുന്ന സ്ഥലത്തിലേക്കു

(൨) മെസ്സേർസ് റിപ്ലി ആൻഡ് മാക്കെ കമ്പനിക്കു ഇഞ്ചി അഴുക്കു കഴുകുന്നതിനും

(൩) മഹമ്മതുഖാൻ അസ്സൻഖാനു ചില്ലറ മണ്ണെണ്ണ വില്പാൻ
കൊടുക്കപ്പെട്ട ലൈസൻസുകളെ സ്ഥിരപ്പെടുത്താൻ നിശ്ചയിച്ചു.

(ബി) മണ്ണെണ്ണ കച്ചവടത്തിനു മെഗ്ജി ഹെമരാജ്
പി. കൃഷ്ണപിള്ള.
കൃഷ്ണൻ കുഞ്ഞുപിള്ള.

ഇവർ എഴുതിയ മൂന്നു ഹർജികളും ചില്ലറക്കച്ചവടത്തിനുള്ള ലൈസൻസുകളിൻപ്രകാരം വച്ചിരിക്കാവുന്ന മണ്ണെണ്ണ രണ്ടു ടിൻ എന്നുള്ള ക്ലിപ്തത്തെ ൧൦ ടിൻ ആക്കി കൊടുക്കണം എന്നു ശിപാർശചെയ്തു മാർച്ച് ൨൧-നു ൨൫൭-ാം നമ്പരിൽ സാനിട്ടറി ഇൻസ്പെക്ടർ എഴുതിയ റിപ്പോർട്ട് വായിച്ചു.

ഇപ്പോൾ നടപ്പുള്ള ചട്ടങ്ങൾ അനുസരിച്ചു ലൈസൻസ് കൊടുക്കാം എന്നും ചില്ലറക്കച്ചവടം വകക്കുള്ള ലൈസൻസിന്മേൽ വച്ചിരിക്കാവുന്ന ടിനുകളുടെ എണ്ണത്തെ കൂടുന്ന സംഗതിയെപ്പററി പ്രത്യേകം ആയി പര്യാലോചിക്കാം എന്നും നിശ്ചയിച്ചു.

യോഗം കാലത്തു ൧൦ മണിക്കു പിരിഞ്ഞു.

കെ. എൻ. ഷൈപ്പു.
പ്രെസിഡണ്ടു.

പട്ടണപരിഷ്കരണകമ്മിട്ടി തിരുവനന്തപുരം.

൧൦൮൨. മിഥുനം ൧൫-നു ശനിയാഴ്ച കൂടിയ യോഗത്തിലെ നടപടി.

ഹാജർ.

മ. രാ. രാ. വി. നാഗമയ്യാ അവർകൾ ബി. എ., എഫ്. ആർ. എച്ച്. എസ്.
പ്രെസിഡണ്ടു.

" വി. എ. രാമകൃഷ്ണയ്യർ അവർകൾ ബി. എ., ബി. എൽ.

" വി. കെ. നാരായണൻ ഉണ്ണിത്താൻ അവർകൾ എ. സി. ഇ.

" കെ. നാരായണൻതമ്പി അവർകൾ.

മിസ്റ്റർ മഹമ്മദ് ഹാജി ജുനീസ് സെട്ട്

൧. ചാലക്കമ്പോളം ചന്തയിൽ മീൻ വില്ക്കുന്ന കാര്യത്തിൽ യാതൊന്നും ചെയ്യാൻ കഴികയില്ലെന്നു പ്രസ്താവിച്ചു മജിസ്ത്രേട്ട എസ്റ്റാബ്ലിഷ്മെണ്ട കൊടുത്തിട്ടുള്ളതും മീൻ ലഭിക്കുന്നില്ലെന്നു ജനങ്ങളുടെ പരാതികൾ ഉണ്ടാകാതിരിക്കുന്നതിലെക്കു വളരെ ശ്രദ്ധ വെക്കണം എന്നും ൧൧൩൦-ാം നമ്പരിൽ ഫെബ്രുവരി ൧൯-നു ഗവൎമ്മെണ്ടിൽ നിന്നു അയച്ച ലെററർ വായിച്ചു.

ഇതു സംബന്ധിച്ചുള്ള മുമ്പിലത്തെ എഴുത്തുകുത്തുകളും വായിച്ചു.

റെഗുലെഷനിലെ ൬൭-ം വകുപ്പനുസരിച്ചു ഹെൽത്താഫീസർ തന്റെ ജാനുവരി ൨൩-നു-ലെ ൬൦-ം നമ്പർ റിപ്പോൎട്ടിൽ പറഞ്ഞിരിക്കുന്ന കടയെ അടച്ചുകളയണം എന്നു അറിയിപ്പിക്കാൻ നിശ്ചയിച്ചു.

൨. ഒഴിഞ്ഞ സ്ഥലങ്ങൾ ഉണ്ടാക്കുന്നതിലെക്കായി വീടുകൾ പൊന്നുംവില കൊടുത്തു വാങ്ങിക്കുന്നതിനെയും വീടുകൾ കെട്ടുന്നതിലെക്കു കമ്മിററി അനുവാദം കൊടുക്കുന്ന വിഷയത്തെയും സംബന്ധിച്ചു ജാനുവരി ൨൧-നു ൬൭൨-ം നമ്പരിലും ഫെബ്രുവരി ൨൩-നു ൧൨൧൭-ം നമ്പരിലും ഗവൎമ്മെണ്ടിൽ നിന്നു അയച്ച ലെട്ടറുകൾ വായിച്ചു.

ജനനിബിഡതമമായി ജനാരോഗ്യ ദൊഷകരമായി പട്ടണത്തിൽ ഏതെതു സ്ഥലങ്ങൾ ഇരിക്കുന്നു എന്നുള്ള വിവരവും ഉടമസ്ഥന്മാരുടെ പെരും ആ സ്ഥലങ്ങൾ പൊന്നുംവില കൊടുത്തു വാങ്ങുന്നതിലെക്കു വെണ്ടിവരുന്ന ഉദ്ദെശ ചിലവു തുകയും കാണിച്ചു ഹെൽത്താഫീസർ ഒരു ലിസ്റ്റ അയക്കണം എന്നു നിശ്ചയിച്ചു.

൩. ചാലയിൽ അപായകര സ്ഥിതിയിൽ ഇരിക്കുന്ന ഒരു കെട്ടിടത്തെ പൊളിപ്പിക്കുന്നതിനു സഞ്ജീവിനായ്ഡുവിനു നൊട്ടീസു അയക്കാൻ ശിപാൎശ ചെയ്തു ഫെബ്രുവരി ൬-നു ൧൧൭൨-ം നമ്പരിൽ ഹെൽത്താഫീസർ എഴുതിയ റിപ്പോൎട്ടു വായിച്ചു.

അപ്രകാരം നൊട്ടീസയക്കാൻ നിശ്ചയിച്ചു.

൪. റിപ്പോൎട്ടിൽ പറഞ്ഞിരിക്കുന്ന ആളുകൾ തന്റെ പുരയിടത്തെ അടച്ചുകെട്ടി വൃത്തിയാക്കുന്നതിനു നൊട്ടീസു അയക്കാൻ ശിപാൎശ ചെയ്തു ഫെബ്രുവരി ൧൬-നു ൧൨൨൫-ം നമ്പരിൽ ഹെൽത്താഫീസർ എഴുതിയ റിപ്പോൎട്ടു വായിച്ചു.

അപ്രകാരം നൊട്ടീസു അയക്കാൻ നിശ്ചയിച്ചു.

൫. ടൌൺ മുഴുവൻ വീടുകളുടെ ശുചീകരണം ഏൎപ്പെടുത്തുന്നതിലെക്കു ഉണ്ടാക്കേണ്ട മുട്ടക്കങ്ങളുടെ ഒരു ലിസ്റ്റു അയച്ചു നവമ്പർ ൬-നു ൧൧൪൫-ം നമ്പരിൽ ഹെൽത്താഫീസർ എഴുതിയ റിപ്പോൎട്ടു വായിച്ചു.

ലിസ്റ്റിനെ കമ്മിററി മെമ്പർമാൎക്കു വഴിക്കുവഴി അയക്കണം എന്നു നിശ്ചയിച്ചു.

൬. റിപ്പോൎട്ടിൽ പറയപ്പെട്ടവർ കമ്മിററിക്കാർ അയച്ച നൊട്ടീസു അനുസരിച്ചിട്ടില്ലെന്നു പ്രസ്താവിച്ചു ഹെൽത്താഫീസർ എഴുതിയ ൨ റിപ്പോൎട്ടുകൾ വായിച്ചു.

കമ്മിററിയുടെ നൊട്ടീസു ലംഘിച്ചതിനു റിപ്പോൎട്ടിൽ പറയുന്നവരെ പ്രൊസിക്യൂട്ടു ചെയ്യാൻ നിശ്ചയിച്ചു.

വി. നാഗമയ്യാ,
പ്രെസിഡണ്ടു.

നമ്പ്ര ൨൮൭.

നാഗരുകൊവിൽ പട്ടണപരിഷ്കരണ കമ്മിററിയിൽ നിന്നും
പരസ്യം ചെയ്യുന്നതെന്തെന്നാൽ

നാഗരുകൊവിൽ ടൌണിൽ ശെഖരപ്പെടുന്ന ചവറു, എച്ചിലില, ചാമ്പൽ മുതലായതുകളെ ൧൦൮൩-മാണ്ടു ഒന്നുക ലെലംചെയ്തിട്ടുള്ള അവധി ആടിമാസത്തൊടു തീരുന്നതിനാൽ മെൽ വിവരിച്ച സാമാനങ്ങളെ ൧൦൮൩-മാണ്ടു ഒന്നുക ലെലംചെയ്യാൻ നിശ്ചയിച്ചിരിക്കുന്നു.

൧. ഒരു വകക്ക മനസ്സുള്ള ആളുകൾ ൨൦-ം മാസം ൨ മണി പകൽ ൧൧ മണിക്ക കമ്മിററി ആഫീസിൽ ഹാജരായിരിക്കെണ്ടതാകുന്നു.

൨. ഇപ്പൊൾ കൊട്ടാറു, ഇടലാക്കുട, നാഗർകൊവിൽ, വടശ്ശെരി ൪ സ്ഥലങ്ങൾക്ക ഓരൊ വണ്ടിവീതമുള്ളതും കൂടുന്ന ചവറുകളെ ടൌണിനു വെളിയിൽ ഓരൊ സ്ഥലങ്ങളിൽ ഇട്ടുവരുന്നതുമാകുന്നു.

൩. കൂടുതൽ തുകക്ക ഏല്ക്കുന്ന ആളുകളുടെ പെരിൽ ലെലം സ്ഥിരപ്പെടുത്തുമെന്നുള്ളതും മെലെഴുതിയ ഓരൊ സ്ഥലങ്ങൾക്കും ടൌണിനു വെളിയിൽ ഉദ്ദെശം അര മൈലിനു അകലമായി പൊക്കവരത്തു ജനങ്ങൾക്കും മറ്റും അസഹ്യതക്കിടയാകാത്തതായി കളയാൻ നിശ്ചയിക്കുന്ന സ്ഥലത്തിൽ കൃഷിക്കു വണ്ടിക്കുത്തകക്കാറന്മാർ ശെഖരിച്ചു കൊടുക്കണമെന്നുള്ളതുമാകുന്നു.

൪. ലെലത്തിൽ ചെരുന്നതിനു മനസ്സുള്ള ആളുകൾ ആ വകക്കായി ൫ രൂപാ ഡെപ്പാസിറ്റ വെക്കെണ്ടതും ലെലത്തിൽ ചെരുന്നവരിൽ കുത്തകക്ക ഏല്ക്കുന്നവരുടെ രൂപാ ഡെപ്പാസിറ്റിനു ഉപയൊഗപ്പെടുത്തുകയും ശെഷം പെരുടെ രൂപാ ഉടൻ തിരിച്ചു കൊടുക്കയും ചെയ്യുന്നതും ഡെപ്പാസിറ്റ കെട്ടിവെക്കാത്തവരെ ലെലത്തിൽ ചെക്കുന്നതല്ലാത്തതുമാകുന്നു.

൫. ലെലം സ്ഥിരപ്പെട്ടതിന്റെ ശെഷം മൂന്നു (൩) ദിവസത്തിനകം ഡെപ്പാസിറ്റ തൊകെ മുഴുവൻ തുകയും ഒന്നായി കെട്ടിവെക്കെണ്ടതും അങ്ങനെ കെട്ടിവെക്കാത്തപക്ഷം ഡെപ്പാസിറ്റിനെ സക്കാരിലെക്ക മുതൽകൂട്ടിക്കുന്നതുകൂടാതെ ആവത്തിച്ചു ലെലംവിളിപ്പിക്കുന്നതിൽ വച്ചുണ്ടാകുന്ന സകല നഷ്ടങ്ങൾക്കും ലെലക്കാറൻ ഉത്തരവാദിയായി തീരുന്നതുമാകുന്നു. ലാഭം വരുന്നതായാൽ ലെലക്കാറനു അവകാശം സിദ്ധിക്കുന്നതല്ല.

൬. കുത്തക ഒന്നായിട്ടൊ ടൌണിൽ ഓരൊ ഭാഗങ്ങളായിട്ടൊ ലെലം ചെയ്യുന്നതാണ.

൭. കുത്തക സ്ഥിരപ്പെടുത്തുന്നതും നിരാകരിക്കുന്നതും കമ്മിററിയിലെ യുക്തംപൊലെ ആയിരിക്കയും ചെയ്യും. എന്നു ൧൦൮൨ ആനി ൧൭-നു.

പ്രസിഡണ്ടു നാരായണയ്യൻ സുബ്രഹ്മണ്യയ്യൻ.

നമ്പർ ൨൮൮

നാഗരുകൊവിൽ പട്ടണ പരിഷ്കരണ കമ്മിററയിൽ നിന്നും
പരസ്യം ചെയ്യുന്നതെന്തെന്നാൽ

നാഗരുകൊവിൽ ടൌൺ കൺസർവൻസി വകക്ക ചവറുകൾ അടിപ്പിപ്പാൻ നാലു ചവറുവണ്ടികൾ ഏല്പിച്ചിട്ടുള്ളതിന്റെ അവധി ൮൩-മാണ്ടു ആടിമാസത്തൊടു തീരുന്നതിനാൽ അടുത്താണ്ടത്തെക്കും നാലു വണ്ടികൾ ഏല്പിപ്പാൻ നിശ്ചയിച്ചിരിക്കുന്നു.

൧. വണ്ടി മൂടുവണ്ടിയായും കാളകൾ നല്ല ചുറുചുറുപ്പുള്ളതായും ഇരിക്കെണ്ടതും ഓരൊ വണ്ടിക്കും മാസം ഒന്നിനു എത്ര രൂപാ വീതം ആവശ്യമുള്ള തുക മുഴുവൻ കൊടുക്കുന്നതുമാകുന്നു.

൨. ഒരു വെലക്ക മനസ്സുള്ള ആളുകൾ ൨൦-ം മാസം ൨ മണി പകൽ ൧൧ മണിക്ക മാതിരിക്കുള്ള വണ്ടിയും കാളകളെയുംകൊണ്ടു കഴുവന്തിട്ട ബംഗ്ലാവിൽ ഹാജരായിരിക്കെണ്ടതാകുന്നു.

൩. കമ്മിററിയിൽ നിന്നും നല്ല കാളയും വണ്ടിയും നൊക്കി നാലു വണ്ടി ഉടമസ്ഥന്മാക്കും വെല കൊടുക്കുന്നതാണ.

൪. ഈ വെലക്ക സ്ഥിരപ്പെടുത്തപ്പെട്ട ആളുകൾ വെല ശരിയായി നടത്തുമെന്നുള്ള ഉറപ്പിനുവെണ്ടി ഓരൊ വണ്ടിക്കും ൫൦ രൂപാ വീതമുള്ള ഡെപ്പാസിറ്റ വെക്കെണ്ടതിനു പുറമെ അവരുടെ ചിലവിന്മെൽ മുദ്രപത്രത്തിൽ ഉടമ്പടിയും എഴുതിവെക്കെണ്ടതാണ.

൫. ഉടമ്പടി എഴുതിവച്ചതിന്റെ ശെഷം വെല ശരിയായി നടത്താതെയിരുന്നാൽ കമ്മിററിയിൽ നിന്നും വെറെ ഏല്പിച്ചു ചെയ്യുമെന്നുള്ളതും അതിനാൽ വച്ചു നഷ്ടമുണ്ടാകുന്ന പക്ഷം ആദ്യം ഏല്പിച്ചവനിൽ നിന്നും ഈടാക്കുന്നതുമാകുന്നു. ലാഭം വരുന്നതായാൽ അയാൾക്ക അവകാശപ്പെടുന്നതുമല്ലാ എന്നു

൧൦൮൨ മിഥുനം ൧൭-നു.

പ്രെസിഡണ്ടു
നാരായണയ്യൻ സുബ്രഹ്മണ്യയ്യൻ.

Trivandrum Observatory Notices.

Meteorological Observations From 24th—30th June 1907.	Monday. 24th June	Tues. 25th Do.	Wed. 26th Do.	Thurs. 27th Do.	Friday. 28th Do.	Sat. 29th Do.	Sun. 30th Do.	Total fall of rain. During the week.	From 1st Jan. 1907
	inch.	inch.	inch.	inch.	inch.	inch.	inch.	inches.	inches.
Reduced Atmospheric Pressure Maximum 9 A. M.......	29·712	29·695	29·697	29·725	29·710	29·688	—		
Id. Id. Minimum 3 P. M.......	·606	·601	·614	·628	·623	·627	—		
Temperature of Air 6 A. M.......	75·6°	76·0°	74·0°	75·7°	76·3°	75·3°	—		
Id. Id. 0 P. M.......	85·3	84·8	84·9	84·4	85·9	84·1	—		
Id. of Evaporation 6 A. M... ...	73·5	74·0	72·5	73·8	74·7	72·6	—		
Id. Id. 0 P. M.......	76·8	75·9	76·5	76·0	77·9	77·4	—		
Depth of Rain in inches (read at 8 A. M.)	—	0·02	0·22	—	0·09	0·23	0·09	0·64	33·78
Daily Velocity of wind in miles......................	235·1	200·1	206·6	159·1	208·6	161·8	153·2		
* Mean Humidity..............................	·93	·93	·94	·93	·94	·94	—		
* Proportion of sky clouded (whole sky=10·0)......	8·2	5·7	8·7	3·9	6·0	6·3	—		
Daily amount of Evaporation in the shade in inches..	·053	·057	·050	·055	·050	·054	·050		

* Mean of 5 Observations made in the day time.

P. VALOO PILLAI,
Head Assistant,
In charge.

	1081.	1082
	Inches.	Inches
Rainfall from 1st Chingom to the 14th of Edavam	37·02	48·08
Do. from 15th Edavom to the 15th of Mithunam	14·11	22·29
Do. on 16th Do.	0·03	0·09
Total.........	51·16	70·46

Observatory Time Notice.

The flash of the noon day gun has been noted as follows in Trivandrum Mean Time.

		h.	m.	s.
1907 June	24th ...	12	0	0
„	25th ...	12	0	0
„	26th ...	12	0	0
„	27th ...	12	0	0
„	28th ...	12	0	0
„	29th ...	12	0	19

CALENDAR.

പഞ്ചാംഗം

൧൯൦൭ ജൂലായി	൧൦൮൨ മിഥുനം	കിഴമ	നക്ഷത്രം	തിഥി	വിശേഷ ദിവസങ്ങൾ
തീയതി	തീയതി				
[illegible]	[illegible]	ഞാ	[illegible]	[illegible]	[illegible] ഏകാദശീവ്രതം [illegible] നാഴിക മുതൽ [illegible] കാലം
[illegible]	[illegible]	തി	[illegible]	[illegible]	
[illegible]	[illegible]	ചൊ	[illegible]	[illegible]	
[illegible]	[illegible]	ബു	[illegible]	[illegible]	
[illegible]	[illegible]	വ്യാ	[illegible]	[illegible]	[illegible] പ്രദോഷവ്രതം
[illegible]	[illegible]	വെ	[illegible]	[illegible]	
[illegible]	[illegible]	ശ	[illegible]	[illegible]	

PRICE LIST.

൧൦൮൨ മിഥുനമാസം [illegible] മുതൽ [illegible] വരെയുള്ള
തിരുവനന്തപുരത്തു കമ്പോളത്തിലെ നിരക്ക

ചരക്കിന്റെ വിവരം	അളവു എണ്ണം	വില പണം
നെല്ലു ഒന്നാം തരം	പറ ഒന്നുക്കു	[illegible]
ടി രണ്ടാം തരം	ടി	[illegible]
ചമ്പാവരി	ടി	...
മുതിര	ടി	[illegible]
ഉഴുന്ന	ടി	[illegible]
ചെറുപയറ	ടി	[illegible]
എള്ള	ടി	[illegible]
കൊത്തമ്പാലരി	ടി	[illegible]
തേങ്ങ	ടി	[illegible]
വെളിച്ചെണ്ണ	ടി	[illegible]
[illegible]	[illegible]	[illegible]
പുകയില ഒന്നാം തരം	[illegible]	[illegible]
ടി രണ്ടാം തരം	ടി	[illegible]
[illegible]	ടി	[illegible]
[illegible]	ടി	[illegible]
[illegible]	ടി	[illegible]
[illegible] ഒന്നാം തരം	ടി	[illegible]
ടി രണ്ടാം തരം	ടി	[illegible]

SEASON REPORT

FOR THE WEEK ENDING 23RD JUNE 1907.

Water supply pasturage sufficient—Paddy growing—Prices stationary Condition cattle good—Public health satisfactory—Week's rainfall 1·13.

൧൦൮൨ ജൂൺ [illegible] തീയതി ഒടുക്കുന്ന ആഴ്ചവട്ടത്തിലെ കാലാവസ്ഥ റിപ്പോർട്ട്.

വെള്ളവും പുല്ലും ധാരാളം നെല്ലു വളർന്നുവരുന്നു വില ഒരേ സ്ഥിതിയിൽ ഇരിക്കുന്നു കന്നുകാലികളുടെ സ്ഥിതി നന്നു. ജനാരോഗ്യം തൃപ്തികരം. ആഴ്ചവട്ടത്തിലെ മഴ [illegible]

Terms of Subscription to the Government Gazette from and after the 1st Chingom 1083/17th August 1907.

For one year ...	...	*4 Bh. Rs.
For one month	...	10 Chuckrams.
Single copy ...	...	4 Chuckrams.

* Postage to be added at the rate of Bh. Rs. 4½ if the Gazette is to be sent by British Post.

The subscription is payable strictly in advance and payment by instalments or by deductions from pay will not be allowed. The rates of subscription of single copies and by the month refer only to ordinary issues of the Gazette, and do not apply to issues containing lengthy Legislative Enactments.

A. J. VIEYRA,

Chief Secretary to Government.

Huzur Cutcherry,
Trivandrum,
17th May, 1907.

Charges for Advertisements.

	Rs.	Ch.	C
Per column line, 1st insertion	,,	1	12
Do. subsequent insertions...	,,	1	8
For a full page of 50 lines 1st insertion ...	5	,,	,,
Do. Do. subsequent insertions.	4	,,	,,

Standing advertisements will be charged at reduced rates. Information regarding such rates can be obtained from the Superintendent of the Government Press.

Tabular work will be charged according to the nature of work.

The above rates are for Pica type in English and Tamil and Malayalam type cast on English body.

Notice.

In supersession of the notice dated 23rd December 1905, it is hereby notified that all matter whether official or private intended for publication in the Government Gazette should be sent in diglott wherever necessary, plainly and legibly written on one side of the paper only so as to reach "the Chief Secretary to Government, Huzur Cutcherry, Trivandrum," not later than Friday previous to the issue of the Gazette in which they are meant to be published.

Lengthy papers should be sent even earlier and in sufficient time.

Notice.

With reference to the notice dated 23rd December 1905, it is hereby notified that the Superintendent, Government Press, is entrusted with the printing and issue of the Government Gazette and the receiving of subscriptions on account of the same.

All communications relating to the issue of the Gazette and remittances on account of subscription should be addressed to "the Superintendent, Government Press, Trivandrum."

A. J. VIEYRA,

Chief Secretary to Government.

Huzur Cutcherry,
Trivandrum,
16th April 1906.

പരസ്യം

൧൦൮൩ ആഗസ്റ്റ ൧൭-ാം൲ ൧൦൮൩ ചിങ്ങം ൧-ാം൲ മുതൽ സർക്കാർ ഗസറ്റിന്റെ വില വിവരം.

ഒരു കൊല്ലത്തേക്കു	൪ ബ്രിട്ടീഷ രൂപാ
ഒരു മാസത്തേക്കു	൧൦ ചക്രം
ഒരു പ്രതിക്കു	൪ ചക്രം

ബ്രിട്ടീഷ തപാൽ വഴി അയക്കേണ്ട ഗസറ്റുകൾക്കു ഇതിന്റെ പുറമെ ആണ്ടൊന്നുക്കു ൪½ ബ്രിട്ടീഷ രൂപാ തപാൽ കൂലി വകക്കായി അയക്കേണ്ടതാകുന്നു.

ഗസറ്റിന്റെ വില മുമ്പെറായിട്ടുതന്നെ ഒടുക്കേണ്ടതാകുന്നു. തവണകളായിട്ടോ ശമ്പളത്തിൽ പിടിച്ചോ ഒടുക്കുന്നത ഇനിമേൽ സമ്മതിക്കുന്നതല്ല. ഒറ്റ പ്രതിക്കും മാസം തോറും ഉള്ള വില വിവരം സാധാരണ ഗസറ്റുകൾക്കു മാത്രമെ സംബന്ധിക്കുന്നുള്ളു. ദീർഘമായ നിയമങ്ങൾ അടങ്ങിയിരിക്കുന്ന ഗസറ്റുകൾക്കു സംബന്ധിക്കയില്ല.

ഹജൂർകച്ചേരി
തിരുവനന്തപുരം
൧൦൮൨ മെ ൧൭൲

ഗവമ്മെന്റ ചീഫ സിക്രട്ടറി
എ. ജെ. വീയെറാ.

ഇതിൽ ചെൎക്കുന്നതിനു കൊടുക്കേണ്ടുന്ന കൂലിയുടെ വിവരം

	രു	ച	കാ
ഒന്നാമതു പ്രസിദ്ധപ്പെടുത്തുന്നതിനു ഒരു പംക്തിയിൽ ഓരോ വരിക്കു	,,	൧	൧൨
പിന്നീടു പ്രസിദ്ധപ്പെടുത്തുന്നതു	,,	൧	൮
ഒന്നാമതു പ്രസിദ്ധം ചെയ്യുന്ന ൫൦ വരിയുള്ള ഒരു മുഴുപ്പേജിനു	൫	,,	,,
പിന്നീടും പ്രസിദ്ധം ചെയ്യുന്നതിനു	൪	,,	,,

അധികകാലം തുടച്ചയായി പ്രസിദ്ധപ്പെടുത്തേണ്ട പരസ്യങ്ങൾക്കു കുറഞ്ഞ കൂലി അനുവദിച്ചിരിക്കുന്നു. ഇങ്ങനെയുള്ള കൂലിയുടെ ക്രമം ഗവമ്മെന്റ പ്രസ്സ സൂപ്രണ്ടിനോടു ആവശ്യപ്പെട്ടാൽ അറിയാവുന്നതാകുന്നു.

പട്ടികയിലെ വേലയുടെ മാതിരിപോലെ കൂലി ഈടാക്കുന്നതാകുന്നു.

മേൽ കാണിച്ചിരിക്കുന്ന കൂലിയുടെ ക്രമങ്ങൾ ഇംഗ്ലീഷിലും തമിഴിലും പൈക്കാ [illegible] മലയാളത്തിൽ ഇംഗ്ലീഷ [illegible] അക്ഷരങ്ങൾ ആകുന്നു.

പരസ്യം

൧൯൦൫ ഡിസെംബർ ൨൩-ാം൲ലെ പരസ്യത്തെ റദ്ദുചെയ്തു ഇതിനാൽ പരസ്യപ്പെടുത്തുന്നതെന്തെന്നാൽ ഗവർമെന്റ ഗസെറ്റിൽ പ്രസിദ്ധപ്പെടുത്താൻ ഉദ്ദേശിക്കുന്ന എല്ലാ സംഗതികളെയും അവ സർക്കാർ കാര്യം സംബന്ധിച്ചതായാലും തനിക്കു സ്വന്തം വക ആയിരുന്നാലും കടലാസ്സിന്റെ ഒരു വശത്തു മാത്രം സ്പഷ്ടമായും വായിക്കാൻ തക്ക വിധത്തിലും എഴുതേണ്ടതാണ. ഇംഗ്ലീഷിലും നാട്ടുഭാഷയിലു [illegible] ആയിരുന്നാൽ ആ രണ്ടു ഭാഷകളിലും എഴുതി അവയെ ഗസെറ്റിൽ പ്രസിദ്ധപ്പെടുത്തണം എന്നു വിചാരിക്കുന്നുവൊ ആ ഗസെറ്റ അടിക്കുന്നതിനു മുമ്പിലത്തെ വെള്ളിയാഴ്ച തിരുവനന്തപുരം ഹജൂർകച്ചേരി ഗവർമെന്റ ചീഫ്സിക്രട്ടരിയുടെ കയ്യി[illegible] കിട്ടത്തക്കവണ്ണം അയച്ചുകൊള്ളേണ്ടതാകുന്നു.

വളരെ എഴുതീട്ടുള്ള കടലാസ്സുകളെ കുറെ കൂടി മുമ്പെ തിയായ അവസരം ഉണ്ടായിരിക്കാൻ തക്കവണ്ണം അയക്കേണ്ടതാകുന്നു.

പരസ്യം

൧൯൦൫ ഡിസംബർ ൨൩-ാം൲ലെ പരസ്യത്തെ സംബന്ധിച്ചു ഇതിനാൽ പരസ്യപ്പെടുത്തുന്നതു എന്തെന്നാൽ ഗവർമെന്റ ഗസെറ്റിനെ അച്ചടിക്കുകയും അയക്കയും അതിനെക്കുറിച്ചു വില വാങ്ങിക്കയും ചെയ്യുന്നതിനു ഗവർമെന്റു അച്ചുകൂടം സൂപ്രിന്റെണ്ടന്റിനെ ഏല്പിച്ചിരിക്കുന്നു. ഗസെറ്റ അയക്കുന്നതിനെപ്പറ്റിയുള്ള എഴുത്തുകളും അതിലേക്കു വിലവരവിനെ [illegible] "തിരുവനന്തപുരം ഗവർമെന്റു അച്ചുകൂടം സൂപ്രിന്റെണ്ടന്റ" എന്നു മേൽവിലാസം വെച്ചു അയക്കേണ്ടതാകുന്നു.

ഗവമ്മെന്റ ചീഫ സിക്രട്ടരി
എ. ജെ. വീയെറാ

ഹജൂർകച്ചേരി
തിരുവനന്തപുരം
൧൯൦൬ ഏപ്രിൽ ൧൬൲

List of Holidays for the Huzur Cutcherry in the month of Mithunom, 1082.

English Month.	Date.	Malayalam Month.	Date.	Day of the week.	Nature of Holidays.
1907. July ...	10	1082. Mithunom ...	26	Wednesday ...	New Moon.

൧൦൮൨-മാണ്ടു മിഥുനമാസത്തിൽ ഹജൂർകച്ചേരി ഒഴിവുള്ള ദിവസങ്ങളുടെ വിവരം.

ഇംഗ്ലീഷ മാസം	തീയതി	മലയാള മാസം	തീയതി	ആഴ്ച	വിശേഷദിവസങ്ങൾ
൧൯൦൭ ജൂലായി	൧൦	മിഥുനം	൨൬	ബുധൻ	കറുത്തവാവു

List of Holidays for the Huzur Cutcherry in the month of Karkadagom 1082.

English Month	Date.	Malayalam Month.	Date.	Day of the week.	Nature of Holidays.
1907. July ...	16	1082. Karkadagom.	1	Tuesday ...	Karkadaga Seevali.
August ...	7	Do. ...	23	Wednesday ...	Vavu Orikal.
Do. ...	8	Do. ...	24	Thursday ...	New Noon.
Do ...	16	Do. ...	32	Friday ...	Adi Aroothi.

൧൦൮൨-മാണ്ടു കർക്കടകമാസത്തിൽ ഹജൂർകച്ചേരി ഒഴിവുള്ള ദിവസങ്ങളുടെ വിവരം ലിസ്റ്റു.

ഇംഗ്ലീഷ മാസം	തീയതി	മലയാള മാസം	തീയതി	ആഴ്ച	വിശേഷ ദിവസം
൧൯൦൭ ജൂലായി	൧൬	കർക്കടകം	൧	ചൊവ്വാ	കർക്കടകശ്ശീവേലി
ആഗസ്റ്റ	൭	ടി	൨൩	ബുധൻ	വാവിന്റെ ഒരിക്കൽ
ടി	൮	ടി	൨൪	വ്യാഴം	കറുത്ത വാവു
ടി	൧൬	ടി	൩൨	വെള്ളി	ആടിയറുതി

താഴെ എഴുതിയിരിക്കുന്ന ബിൽ സാധ്യകാര്യവിവരണസഹിതം നിയമനിർമ്മാണസഭയുടെ ജോലി നടത്തിപ്പിനുള്ള ചട്ടങ്ങൾ ൩൨-ാം വകുപ്പനുസരിച്ചു സകല ജനങ്ങളും അറിയുന്നതിനായി പ്രസിദ്ധപ്പെടുത്തിയിരിക്കുന്നു.

തിരുവിതാംകോട്ടു സംസ്ഥാനത്തിൽ തോട്ടുകളും സർക്കാർ കടവുകളും സ്ഥാപിക്കുന്നതിനും അവയെപ്പറ്റിയുള്ള കാര്യങ്ങൾ നടത്തുന്നതിനും വ്യവസ്ഥ ചെയ്യാൻ ഉള്ള ഒരു ബിൽ.

തിരുവിതാംകോട്ടു സംസ്ഥാനത്തിൽ തോട്ടുകളും സർക്കാർ കടവുകളും സ്ഥാപിക്കുന്നതിനും അവയെപ്പറ്റിയുള്ള കാര്യങ്ങൾ നടത്തുന്നതിനും വ്യവസ്ഥ ചെയ്യേണ്ടതു യുക്തം ആയിരിക്കയാൽ, ഇതിനാൽ നിയമപ്പെടുത്തുന്നതു എന്തെന്നാൽ:—

൧. ഈ റെഗുലേഷൻ "൧൧൦൭-ാം ആണ്ടത്തെ തിരുവിതാംകോട്ടു തോട്ടുകളും സർക്കാർ കടവുകളും വക റെഗുലേഷൻ" എന്നു വിളിക്കപ്പെടുന്നതാകുന്നു.

൨. ഈ റെഗുലേഷനിൽ,

'ഉരു' എന്ന പദത്തിൽ വല്ല കപ്പലും, പടവും, വള്ളവും, ചങ്ങാടവും വല്ല പ്രകാരത്തിലും സഞ്ചരിപ്പിക്കപ്പെടുന്ന മറ്റൊ, മുളകളൊ, മിതക്കുന്ന സാധനങ്ങളൊ ഇവയും ഉൾപ്പെടുന്നതാകുന്നു.

'പുഴ' എന്നതിൽ സ്വാഭാവികമായി ഉള്ളതൊ കൃത്രിമമായി ഉള്ളതൊ ആയ ഏതു ജലമാർഗ്ഗവും ഉൾപ്പെടുന്നതാകുന്നു.

'ഉരുമാർഗ്ഗം' എന്നതിനു ഉരു പോകുന്ന വല്ല പുഴ എന്നൊ ഉരു പോകുന്നതിനായി തുടർച്ചയായി ഉള്ള ഒരു കൂട്ടം പുഴകൾ എന്നൊ അർത്ഥം ആകുന്നു.

'തോടു' എന്നതിനു ഈ റെഗുലേഷനിലെ വ്യവസ്ഥകൾക്കു ഉൾപ്പെട്ടതായി പ്രസിദ്ധപ്പെടുത്തപ്പെട്ട ഉരുമാർഗ്ഗം എന്നു അർത്ഥം ആകുന്നു.

'കടവു' എന്നു വച്ചാൽ സാമാനങ്ങളേയൊ ജന്തുക്കളേയൊ യാത്രക്കാരേയൊ ഉരുക്കൾ മൂലം ആയി ഒരു പുഴയുടെ കരയിൽ നിന്നും മറു കരയ്ക്കു കടത്തി കൊണ്ടുപോകുന്ന ഒരു സ്ഥലം എന്നു അർത്ഥം ആകുന്നു.

'സർക്കാർ കടവു' എന്നു വച്ചാൽ ഈ റെഗുലേഷനിലെ വ്യവസ്ഥകൾക്കു ഉൾപ്പെടുന്നതായി പ്രസിദ്ധപ്പെടുത്തപ്പെട്ട ഒരു കടവു എന്നു അർത്ഥം ആകുന്നു.

൩. ദിവാൻ, നമ്മുടെ അനുവാദത്തോടുകൂടി, നമ്മുടെ സർക്കാർ ഗസറ്റിൽ പരസ്യംമൂലം, ആ പരസ്യത്തിൽ പറഞ്ഞിരിക്കുന്ന രീതിയിൽ മിതക്കുന്ന വല്ല ഉരുമാർഗ്ഗവും ഈ റെഗുലേഷനിലെ വ്യവസ്ഥകൾക്കു ഉൾപ്പെട്ടു എന്നു പ്രസിദ്ധപ്പെടുത്തുകയും അപ്പോഴും തന്നെ ആ വക വല്ല പരസ്യത്തേയും ദുർബ്ബലപ്പെടുത്തുകയൊ ഭേദപ്പെടുത്തുകയൊ ചെയ്യുകയും ആവാം.

൪. വഴിയെ ൬-ാം വകുപ്പിൽ വിവരിച്ചിരിക്കുന്ന ഉരുക്കൾ ഒഴികെ ഒരു തോട്ടിനെ ഉപയോഗിക്കുന്ന എല്ലാ ഉരുക്കളേയും റെജിസ്റ്റർ ചെയ്യുന്നതും അവകൾ ലൈസൻസ് (അനുവാദപത്രം) വാങ്ങിയ്ക്കേണ്ടതും ആകുന്നു.

൫. ദിവാൻ, നമ്മുടെ അനുവാദത്തോടുകൂടി, അപ്പോഴപ്പോൾ,

(എ) ഉരുക്കളെ റെജിസ്റ്റർ ചെയ്യുന്നതിനും അവകൾ ലൈസൻസ് വാങ്ങിക്കുന്നതിനും അടയ്ക്കേണ്ടതായ ഫീസിന്റെ നിരക്കുകൾ നിശ്ചയിക്കാം;

(ബി) ഒരു തോട്ടിൽകൂടി കടന്നു പോകുന്ന ഉരുക്കൾക്കും അതിൽ നിന്നു ഇറക്കുന്ന യാത്രക്കാർക്കും വാഹനങ്ങൾക്കും മൃഗങ്ങൾക്കും ചരക്കുകൾക്കും ചുങ്കങ്ങൾ വസൂൽ ചെയ്യേണ്ടുന്ന ചാവുക്കകൾ സ്ഥാപിക്കുകയും ആ ചുങ്കങ്ങളുടെ നിരക്കുകൾ നിശ്ചയിക്കുകയും ആവാം;

(സി) ഒരു തോട്ടിനെ ഉപയോഗിക്കുന്ന ഉരുക്കളുടേയും അതിൽ കൊണ്ടുപോയതൊ കൊണ്ടുപോകുന്നതൊ ആയ ചരക്കുകളുടേയും യാത്രക്കാരുടേയും ഉപയോഗത്തിനായി ഉണ്ടാക്കിയ ഡാക്കുകളും ഏറ്റിറക്കു യന്ത്രങ്ങളും തുറസ്ഥാനങ്ങളും പാർശ്വവഴികളും പുരകളും പാണ്ടികശാലകളും, ഉപയോഗിക്കുന്നതിനും ആ വക സ്ഥലങ്ങളിൽ താമസിപ്പിച്ച ഉരുക്കളുടേയും ചരക്കുകളുടേയും താമസത്തിനും ഫീസ് നിശ്ചയിക്കയും ആവാം.

ഈ വകുപ്പിന്റെ (ബി), (സി) ഖണ്ഡങ്ങൾ പ്രകാരം ഉള്ള ചട്ടങ്ങളുടേയും ഫീസിന്റേയും വക ഒരു പരസ്യം ഇംഗ്ലീഷിലും അതാതു സ്ഥലത്തിലെ നാട്ടുഭാഷയിലും എഴുതി ആ വക ചട്ടങ്ങളും ഫീസും വസൂൽ ചെയ്യുന്ന സ്ഥലങ്ങളിൽ എല്ലാവരും കാണത്തക്ക വണ്ണം പതിച്ചിരിക്കുകയും വേണം.

൩. നമ്മുടെ ഗവർമ്മെണ്ടിനാൽ ഇതിലേക്കായി ക്രമപ്രകാരം അധികൃതനായ വല്ല ആളും,

(i) വല്ല ഉരുവിന്റേയും അനുവാദപത്രത്തിലെ വല്ല നിശ്ചയവും ലംഘിച്ചാൽ ആ അനുവാദപത്രത്തെ താൽക്കാലികം ആയോ സ്ഥിരം ആയോ ദുർബ്ബലപ്പെടുത്താം; അല്ലെങ്കിൽ അങ്ങിനെ ദുർബ്ബലപ്പെടുത്തുന്നതിനോ അന്വേഷണം നടത്തുന്നതിനോ പകരം ആ ഉടമക്കാരിൽ നിന്നു ആ വക ഓരോ ലംഘനത്തിനും ൫൦ രൂപായിൽ കവിയാത്ത ഒരു പിഴ വസൂൽ ചെയ്യാം.

(ii) ആ തോട്ടിൽ മുങ്ങിപ്പോയതോ ഉപേക്ഷിക്കപ്പെട്ടതോ ആയ വല്ല ഉരുവിനേയും അതിൽ നിന്നു നീക്കം ചെയ്യുകയും അങ്ങിനെ ചെയ്യുന്നതിന്നു വേണ്ടി വന്ന ചിലവിനെ ആ ഉരുവിനെ വിറ്റു ഈടാക്കുകയും ചെയ്യാം. തക്കതായ കാരണത്തിന്മേൽ അല്ലാതെ മൂന്നു ദിവസത്തിൽ അധികം കാലം വിട്ടുപോയ ഒരു ഉരു ഉപേക്ഷിക്കപ്പെട്ടതായി ഗണിക്കപ്പെടും.

(iii) അടിയന്തര കാര്യത്തിൽ മാറ്റു വല്ല തടസ്ഥമോ മത്സ്യം പിടിക്കുന്നതിനുള്ള സൂത്രമോ മറ്റു വല്ല സാധനമോ നീക്കം ചെയ്യാം; മറ്റു കാര്യങ്ങളിൽ ഉടമസ്ഥൻ ഉണ്ടെങ്കിൽ അറിയിപ്പിൽ കാണിക്കുന്നതായ ന്യായമായ ഒരു സമയത്തിനുള്ളിൽ ആ വക വല്ല സാധനവും നീക്കം ചെയ്യുന്നതിനായി അയാൾക്കു അറിയിപ്പു കൊടുക്കാം; അതിനെ അപ്രകാരം നീക്കം ചെയ്യാത്തപക്ഷം താൻ തന്നെ അതിനെ നീക്കം ചെയ്യാം. ഈ ഖണ്ഡപ്രകാരം ചെയ്യുന്ന ചിലവിനെ ഉടമസ്ഥനിൽ നിന്നു ഈടാക്കേണ്ടതാകുന്നു. എന്നാൽ ആരുടെ എങ്കിലും സ്വകാര്യാവകാശങ്ങൾക്കു ബാധകം നേരിടുന്ന കാര്യങ്ങളിൽ ന്യായമായ പ്രതിഫലം എപ്പോഴും കൊടുക്കേണ്ടതാകുന്നു.

(iv) തോട്ടിൽ മത്സ്യം പിടിക്കുന്നതിനോ മറ്റു വല്ല ആവശ്യത്തിനോ വല്ല സൂത്രം കെട്ടി ഉണ്ടാക്കുന്നതും അതിലോ അതിന്റെ വക്കത്തോ തോണിയും മറ്റും വലിക്കുന്ന ആളുകൾക്കോ മൃഗങ്ങൾക്കോ പോകാനുള്ള വഴിയിലോ അതോടു ചേർന്ന മറ്റു നിലത്തോ വല്ലതും കെട്ടിപ്പൊക്കുന്നതും വിലക്കാം.

(v) ഈ റെഗുലേഷനിലെ വ്യവസ്ഥകളിൽ വല്ലതിന്റേയോ ഇതു അനുസരിച്ചു ഉണ്ടാക്കപ്പെട്ട വല്ല ചട്ടത്തിന്റേയോ നിശ്ചയിച്ച അനുവാദപത്രത്തിലെയോ രെജിസ്റ്ററിലെയോ വല്ല വ്യവസ്ഥകളോ ലംഘനമായി തോട്ടിൽകൂടി പോകുന്ന വല്ല ഉരുവിനേയും നിറുത്തുകയും അതു പ്രകാരം നടത്തുന്നവരേയോ ഈ വകുപ്പിന്റെ (i) ഖണ്ഡം അനുസരിച്ചു പിഴ അടയ്ക്കുകയോ വസൂൽ ആക്കുകയോ ചെയ്യുന്നതുവരെക്കോ വല്ല കുറ്റവും ചെയ്തിട്ടുണ്ടെങ്കിൽ അതിനെ വിചാരണ നടത്തി തീർച്ച ചെയ്യുന്നതുവരേക്കോ അതിനെ പിടിച്ചു വെക്കുകയും ചെയ്യാം.

ഈ വകുപ്പിൻപ്രകാരം ഉള്ള അധികാരങ്ങൾ പേർ പറഞ്ഞിട്ടു എങ്കിലും ഉദ്യോഗമൂലം ആയിട്ടെങ്കിലും കൊടുക്കാവുന്നതാകുന്നു.

ഈ വകുപ്പു അനുസരിച്ചു ക്രമപ്രകാരം അധികൃതന്മാർ ആയ എല്ലാ ആളുകളും തിരുവിതാംകോട്ടു ശിക്ഷാനിയമത്തിന്റെ അർത്ഥത്തിൽ ഉൾപ്പെട്ട സർക്കാർജീവനക്കാരായി ഗണിക്കപ്പെടുന്നതാകുന്നു.

൪. ദിവാൻ, നമ്മുടെ അനുവാദത്തോടുകൂടി, ഗസറ്റിൽ പരസ്യം മൂലം, അതിൽ പറയുന്ന തീയതി മുതൽക്കു വല്ല കടവും ഈ റെഗുലേഷനിലെ വ്യവസ്ഥകൾക്കു ഉൾപ്പെടും എന്നു പ്രസിദ്ധപ്പെടുത്തുകയും ആ വക കടവിന്റെ അതിരുകളെ വിവരിക്കയും ചെയ്യാം. ദിവാൻ, നമ്മുടെ അനുവാദത്തോടുകൂടി, ആ വക വല്ല പരസ്യത്തേയും അപ്പോഴപ്പോൾ തന്നെ ദുർബ്ബലപ്പെടുത്തുകയോ ഭേദപ്പെടുത്തുകയോ ആവാം.

൫. ആ തീയതി മുതൽക്കു പരസ്യത്തിൽ വിവരിച്ച അതിർത്തികൾക്കുള്ളിൽ മുമ്പുള്ള സകല കടവവകാശങ്ങളും നിന്നുപോകയും അവസാനിക്കയും ചെയ്യും. ആ പരസ്യം പ്രസിദ്ധപ്പെടുത്തിയതിന്റെ ശേഷം ക്രമപ്രകാരം അധികൃതൻ അല്ലാതെ യാതൊരുവനും വല്ല ഉരുക്കൾ മൂലം ആ അതിർത്തികൾക്കകത്തുള്ള പുഴ കടത്തി ആളുകളേയോ മൃഗങ്ങളേയോ യാത്രക്കാരേയോ കൊണ്ടുപോകുന്നതു ന്യായവിരുദ്ധം ആയി ഇരിക്കുന്നതും ആകുന്നു. എന്നാൽ ഈ വകുപ്പു അനുസരിച്ചു കടവവകാശങ്ങൾ അന്തരിക്കുമ്പോൾ അപ്രകാരം അന്തരിച്ചു

ത്തിനു പ്രതിഫലം കൊടുക്കുകയും ആ പ്രതിഫലം കഴിയുന്നേടത്തോളം സർക്കാർ കാര്യങ്ങൾക്കായി ഭൂമി എടുക്കുന്നതിനെ സംബന്ധിച്ചു തൽക്കാലം നടപ്പിൽ ഇരിക്കുന്ന വല്ല നിയമവും പ്രകാരം കണക്കാക്കുകയും വേണം.

൯. ദിവാൻ, നമ്മുടെ അനുവാദത്തോടുകൂടി, സർക്കാർ കടവുകൾ വക കാര്യങ്ങൾ നടത്തുന്നതിലേക്ക ചട്ടങ്ങൾ വ്യവസ്ഥ ചെയ്യാം. അല്ലെങ്കിൽ ചരക്കുകളേയോ മൃഗങ്ങളേയോ യാത്രക്കാരേയോ ഒരു സർക്കാർ കടത്തു സ്ഥലത്തിൽ ഉരുക്കൾ മൂലം പുഴകടത്തിക്കൊണ്ടു പോകാൻ വല്ല ആൾക്കും അധികാരം കൊടുക്കാം. ആ വക ആൾ അങ്ങിനെ ഉപയോഗിക്കുന്ന വല്ല ഉരുക്കൾക്കും അനുവാദപത്രം വാങ്ങിക്കേണ്ടതാകുന്നു. ദിവാൻ, നമ്മുടെ അനുവാദത്തോടുകൂടി, ആ വക അനുവാദപത്രത്തിനു അടക്കേണ്ട ഫീസ്സും ആ വക ഓരോ കടവും കടത്തിക്കൊണ്ടു പോകുന്ന യാത്രക്കാർക്കും മൃഗങ്ങൾക്കും വാഹനങ്ങൾക്കും ചരക്കുകൾക്കും വസൂലാക്കേണ്ട ചുങ്കങ്ങളും നിശ്ചയിക്കയും ചെയ്യാം. ആ വക ചുങ്കങ്ങളുടെ ഒരു പരസ്യം ഇംഗ്ലീഷിലും അതാതു സ്ഥലത്തിലെ നാട്ടു ഭാഷയിലും എഴുതി കടവിന്റെ ഇരു കരയിലും എല്ലാവരും കാണത്തക്കവണ്ണം വച്ചിരിക്കേണ്ടതാകുന്നു.

൧൦. ദിവാൻ നമ്മുടെ അനുവാദത്തോടുകൂടി ഈ റെഗുലേഷൻ അനുസരിച്ചു അടക്കേണ്ടുന്ന ചുങ്കവും ഫീസ്സും പിരിക്കുന്നതിനു ആളുകളെ നിയമിക്കാം. അനുവാദപത്രത്തിനുള്ള ഫീസ്സും രെജിസ്ട്രേഷൻ ഫീസ്സും അല്ലാതെ ഉള്ള ആ വക ചുങ്കങ്ങളും ഫീസ്സും പിരിക്കുന്നതിനു ദിവാൻ, നമ്മുടെ അനുവാദത്തോടുകൂടി, അതാതുകാലം നിശ്ചയിക്കുന്ന വ്യവസ്ഥകൾക്കു ഉൾപ്പെട്ടു കുത്തകയായി ഏല്പിക്കാം. അങ്ങിനെ ചെയ്യുന്നപക്ഷം കുത്തകക്കാരനേയും അയാളുടെ കാര്യസ്ഥന്മാരേയും പണിക്കാരേയും അപ്രകാരം നിയമിക്കപ്പെട്ടവരായി ഗണിക്കയും വേണം.

൧൧. ഈ റെഗുലേഷൻ പ്രകാരം അടക്കേണ്ടുന്ന വല്ല ചുങ്കവും, അനുവാദപത്രഫീസ്സും രെജിസ്ട്രേഷൻ ഫീസ്സും അല്ലാത്ത മറ്റു ഫീസ്സും, അതു പിരിക്കുന്നതിനോ വസൂലാക്കുന്നതിനോ ക്രമപ്രകാരം നിയമിക്കപ്പെട്ടവനോ അധികാരപ്പെടുത്തപ്പെട്ടവനോ ആയ ആൾ ചോദിക്കുമ്പോൾ കൊടുക്കാതിരുന്നാൽ അയാൾ ആ വക ചുങ്കമോ ഫീസോ പിഴയോ അടക്കേണ്ടതായ വല്ല ഉരുവിനേയോ ചരക്കുകളേയോ വാഹനങ്ങളേയോ മൃഗങ്ങളേയോ അല്ലെങ്കിൽ ആ വക ചുങ്കത്തിനോ ഫീസിനോ പിഴക്കോ ഉൾപ്പെട്ടിരിക്കുന്ന യാത്രക്കാരന്റെയോ ആളുടേയോ കൈവശം ഉള്ള വല്ല സാധനത്തേയോ പിടിച്ചു വെക്കാം. ഇതിലേക്കായി നമ്മുടെ ഗവർമ്മെണ്ടിനാൽ അധികൃതൻ ആയ വല്ല ആളും അയാളതിനെ വില്ക്കുമെന്നു പരസ്യമായി ൫ ദിവസത്തിന്റെ അറിയിപ്പു കൊടുത്തതിന്റെ ശേഷം ആ വക ചുങ്കമോ ഫീസോ പിഴയോ പിന്നെയും അടക്കാത്തപക്ഷം അതിനെ ലേലത്തിൽ വില്ക്കുകയും ചെയ്യാം. അങ്ങിനെ വിറ്റുണ്ടായ മുതലിൽ നിന്നു ആ ചുങ്കമോ ഫീസോ പിഴയോ ഇതും വില്ക്കാൻ ഉണ്ടായ ചിലവും കഴിച്ചതിന്റെ ശേഷം ബാക്കി വല്ലതും ഉണ്ടെങ്കിൽ അതിനെ ആ വിററ മുതൽ ആരുടെ കൈവശത്തിൽ നിന്നു എടുത്തുവോ അയാൾക്ക കൊടുക്കുകയും വേണം.

൧൨. തോടുവകയും കടവു വകയും ആയ എല്ലാ പാട്ടങ്ങളും ൬-ാം വകുപ്പു അനുസരിച്ചു ഉണ്ടായിട്ടുള്ള എല്ലാ പിഴകളും അതാതു സ്ഥലത്തിലെ ഡിവിഷൻപേഷ്കാർ കരക്കടിശ്ശിക എന്നപോലെ വസൂൽ ആക്കാവുന്നതാകുന്നു.

൧൩. ഈ റെഗുലേഷൻ അനുസരിച്ചു കൊടുക്കുന്ന എല്ലാ അനുവാദപത്രങ്ങളും ചെയ്യുന്ന എല്ലാ രെജിസ്ത്രും ദിവാൻ അതാതു കാലം ആജ്ഞാപിക്കാവുന്ന മാതിരിയിലും അതാതുകാലം ആജ്ഞാപിക്കുന്ന വ്യവസ്ഥകൾ അടങ്ങിയവയും വ്യവസ്ഥകൾക്ക ഉൾപ്പെട്ടവയും ആയിരിക്കേണ്ടതാകുന്നു. ഈ റെഗുലേഷൻ അനുസരിച്ചു കൊടുക്കപ്പെടുന്ന എല്ലാ ലൈസൻസുകളും ഒരു യാത്രക്കോ ദിവാൻ അതാതുകാലം ആജ്ഞാപിക്കാവുന്ന യാത്രകാലത്തേക്കോ സാധുവായിരിക്കുന്നതാകുന്നു.

൧൪. ദിവാൻ, നമ്മുടെ അനുവാദത്തോടുകൂടി, വല്ല തോട്ടിന്റെയോ സർക്കാർ കടവിന്റെയോ വകക്കു താഴെ പറയുന്ന കാര്യങ്ങളിൽ എല്ലാറ്റിന്നുമോ വല്ലതിന്നുമോ ചട്ടങ്ങൾ ഉണ്ടാക്കാം:—

(i) ഈ റെഗുലേഷൻ അനുസരിച്ചു നിയമിക്കപ്പെടുന്ന വല്ല ആളും നടത്തേണ്ടതായ അധികാരങ്ങളെ ക്രമീകരിക്കാനും;

(ii) ഉരുക്കൾ രെജിസ്റ്റർ ചെയ്യുന്നതിനും അവകൾക്കു അനുവാദപത്രങ്ങൾ കൊടുക്കുന്നതിനും അനുവാദപത്രം ഉള്ള ഉരുക്കളെ ചെന്നു പരിശോധിക്കുന്നതിനും അവയെ വല്ല സമിതിയിൽ വെപ്പിക്കുന്നതിനും വ്യവസ്ഥ ചെയ്യുന്നതിനും ;

(iii) വല്ല തോട്ടിലോ ആറ്റിലോ സർക്കാർ കടവിലോ ഉപയോഗിക്കുന്ന ഉരുക്കളുടെ വലിപ്പവും വെള്ളത്തിനു മേലുള്ള പൊക്കവും അതിന്റെ [illegible] അതിൽ കൊണ്ടുപോകുന്ന യാത്രക്കാരുടെ എണ്ണവും ചരക്കുകളുടെ പ്രകൃതവും തുകയും ക്രമപ്പെടുത്തുന്നതിനും ;

(iv) ഉരുക്കൾ പോകേണ്ടും വേഗവും ഉരുക്കൾ കടന്നുപോകലും പൊയ്ക്കൊണ്ടിരിക്കുന്നതോ നങ്കൂരം ഇട്ടിരിക്കുന്നതോ ആയ ഉരുക്കളിൽ വെയ്ക്കേണ്ടുന്ന വെളിച്ചങ്ങളും ചിഹ്നപ്രവൃത്തിയും ഉരുക്കൾ നങ്കൂരം ഇട്ടാപ്പിക്കലും തുറകളും ഏറ്റിറക്കുയന്ത്രങ്ങളും തരസ്ഥാനങ്ങളും പാർശ്വവഴികളും പുരകളും പാണ്ടികശാലകളും മറ്റും ഉപയോഗിക്കലും ക്രമപ്പെടുത്തുവാനും ;

(v) ഈ രെഗുലേഷൻപ്രകാരം അടക്കി എടുത്തതോ പിടിച്ചതോ ആയ ഉരുക്കൾ കൊണ്ടോ മറ്റു സാധനങ്ങൾ കൊണ്ടോ എന്തുചെയ്യണം എന്നു നിയമിക്കാനും ;

(vi) യാത്രക്കാർക്ക സുഖം ഉണ്ടാക്കുവാനും സാധാരണയായി ഈ രെഗുലേഷനിലെ ആവശ്യങ്ങൾ നിവൃത്തിപ്പാനും.

൬. ഈ രെഗുലേഷൻ പ്രകാരം ഉണ്ടാക്കിയ വല്ല ചട്ടവും ലംഘിച്ചവനെ, ഒരു ക്രിമിനൽ കോർട്ടുമുമ്പാകെ കുറ്റം സ്ഥാപനമായാൽ, ഒരു ഒറ്റ കുറ്റത്തിന്റെ കാര്യത്തിൽ അമ്പതു രൂപായിൽ കവിയാത്ത പിഴകൊണ്ടും, ഒരു കുറ്റം ചെയ്തുകൊണ്ടുതന്നെ ഇരിക്കുന്ന പക്ഷത്തിൽ ആ കുറ്റം ചെയ്തുകൊണ്ടേ ഇരിക്കുന്ന ഓരോ ദിവസത്തിനു പത്തു രൂപായിൽ കവിയാത്ത പിഴകൊണ്ടും ശിക്ഷിക്കുകയും ചെയ്യും. എന്നാൽ കുറ്റം മനുഷ്യജീവിതത്തിനു അപായം വരുത്തുന്നതാണെങ്കിൽ ശിക്ഷ ഒരു കൊല്ലത്തോളം വരാകുന്ന രണ്ടിൽ ഏതുവിധം എങ്കിലും ആയ തടവോളമോ ൫൦൦ രൂപാ പിഴയോളമോ ഇവ രണ്ടും കൂടിയതോളമോ ആയിരിക്കാം.

൭. ഈ രെഗുലേഷനിലെ ൪-മത്തെയോ ൫-മത്തെയോ വകുപ്പിനു വിരോധം ആയി ഒരു തോട്ടിൽകൂടി ഉരു കൊണ്ടുപോകയോ ഒരു കടവു സ്ഥാപിക്കയോ നടത്തുകയോ ചെയ്യുന്ന യാതൊരുത്തനും ഒരു ക്രിമിനൽ കോർട്ടുമുമ്പാകെ കുറ്റസ്ഥാപനം ആയാൽ ൫൦ രൂപായിൽ കവിയാത്ത പിഴ മാത്രം ഒടുക്കുകയും ചെയ്യും.

൮. ഈ രെഗുലേഷൻ പ്രകാരം അടക്കേണ്ടതായ വല്ല ചുങ്കമോ ഫീസോ കൊടുക്കാൻ കൂട്ടാക്കാതിരിക്കുകയോ കൊടുക്കാതെ [illegible] അല്ലെങ്കിൽ ഈ രെഗുലേഷൻ പ്രകാരം എന്ന ഭാവനയിന്മേൽ ക്രമപ്രകാരം ഉള്ള അധികാരം കൂടാതെ വല്ല ചുങ്കമോ ഫീസോ വസൂലാക്കുകയോ അല്ലെങ്കിൽ ഈ രെഗുലേഷൻ പ്രകാരം ചുങ്കമോ ഫീസോ പിരിക്കാൻ അധികാരപ്പെടുത്തിയിരിക്കെ ന്യായമായി വരേണ്ടതിൽ അധികം സംഖ്യ പിരിക്കുകയോ വാങ്ങുകയോ ചെയ്യുന്ന യാതൊരുത്തനേയും ഒരു ക്രിമിനൽകോർട്ടുമുമ്പാകെ കുറ്റസ്ഥാപനം ആയാൽ, ഒരുമാസത്തിൽ കവിയാത്ത രണ്ടിൽ ഏതെങ്കിലും വിധം തടവിനാലോ ൫൦൦ രൂപായിൽ കവിയാത്ത പിഴയാലോ രണ്ടിനാലും കൂടിയോ ശിക്ഷിക്കുകയും ചെയ്യും.

൯. ഈ രെഗുലേഷൻ പ്രകാരം വല്ല കുറ്റവും സ്ഥാപനം ആയാൽ കോർട്ട ആ കുറ്റം ചെയ്യുന്നതിൽ ഉപയോഗപ്പെടുത്തിയ വല്ല ഉരുവോ മറ്റു സാധനമോ അടക്കി എടുക്കാൻ ആജ്ഞാപിക്കുകയും ആവാം.

൰ ഈ രെഗുലേഷനിലെ വ്യവസ്ഥകൾ താഴെ വിവരിച്ചിരിക്കുന്ന ഉരുക്കൾക്ക സംബന്ധിക്കുന്നതല്ലാ:—

(a) തിരുവിതാംകോട്ടു ഗവർമ്മെണ്ട്‌വക ഉരുക്കൾ ;

(b) ബ്രിട്ടീഷ് ഗവർമ്മെണ്ട്‌വക ഉരുക്കൾ ;

(c) കൊല്ലത്തോ ആലപ്പുഴയിലോ അറ്റകുറ്റം തീർക്കാൻ ആയി കൊണ്ടുവരപ്പെട്ട വിദേശീയങ്ങൾ ആയ കടൽയാത്ര ചെയ്യുന്ന ഉരുക്കളും ;

(d) കടലിൽ ഉപയോഗിക്കുന്ന മീൻ പിടിക്കുന്നതിനുള്ള വള്ളങ്ങൾ ;

(e) ക്ഷേത്രങ്ങൾക്ക ചേർന്ന ചുണ്ടൻ വള്ളങ്ങൾ ;

(f) ഒരു ടൺ ഭാരത്തിനു കുറവായ ഉരുക്കൾ ;

(g) നമ്മുടെ ദിവാൻ അതാതു കാലം ഒഴിവാക്കുന്ന മറ്റു ഉരുക്കൾ.

സാദ്ധ്യകാൎയ്യവിവരണം.

കൊല്ലത്തുനിന്നും എറണാകുളത്തേക്കും ആവിവഞ്ചി നടപ്പായതു നിമിത്തം ൟ സംസ്ഥാനത്തിലെ ജലസഞ്ചാരമാൎഗ്ഗങ്ങളിൽകൂടി ചരക്കുകളും ആളുകളും പോകുന്നതു ക്രമത്തിൽ അധികം കൂടിവന്നിരിക്കുന്നു. വള്ളംവഴിക്കുള്ള പോക്കുവരവിനെ കാൎയ്യനിൎവ്വാഹകരൂപമായ ഉത്തരവുകൾ കൊണ്ടും ചട്ടങ്ങൾ കൊണ്ടും ഇപ്പോഴത്തേപ്പോലെ ക്രമപ്പെടുത്തുന്ന ഏൎപ്പാട്, അവയുടെ ലംഘനത്തെ ശിക്ഷാൎഹം ആക്കിയാൽ അല്ലാതെ, യാത്രക്കാരുടെ രക്ഷയേയും സൌകൎയ്യത്തേയും കൊണ്ടുപോകുന്ന ചരക്കുകളുടെ രക്ഷയേയും മേലാൽ മതിയാകുന്നിടത്തോളം ഉറപ്പാക്കുകയില്ല. എന്നു തന്നെയും അല്ല ൧൦൭൭-ാമാണ്ടത്തെ ൩-ാം റെഗുലേഷൻ ആയ ആവിക്കോടാരങ്ങളെയും മൂലചലനയന്ത്രങ്ങളേയും സംബന്ധിച്ചുള്ള നിയമം ൟയിടെ നടപ്പാക്കിയതുകൊണ്ടും, ചില വലിയ കായലുകളിലും തോടുകളിലും ഇപ്പോൾ ആവിബോട്ട് നടപ്പായിരിക്കുന്നതുകൊണ്ടും കൊല്ലം മുതൽ തിരുവനന്തപുരം വരെ ഉള്ള മാൎഗ്ഗം എന്നപോലെ ആവിബോട്ടിന്റെ യാത്രക്കു അത്രത്തോളം ആനുകൂല്യം ഇല്ലാത്ത മാൎഗ്ഗങ്ങളിൽകൂടിയും ആവിബോട്ട് നടപ്പാക്കുന്നതിനു വേണ്ട സൌകൎയ്യങ്ങൾ എല്ലാം ഉണ്ടാക്കിക്കൊടുക്കേണ്ടതു ആവശ്യം ആയിരിക്കകൊണ്ടും, ഇപ്പോൾ ഉള്ള ഏൎപ്പാടിനെ നിയമരൂപം ആയ അനുമതികൊണ്ടു പുനസ്സംഘടിപ്പിച്ചു വ്യവസ്ഥപ്പെടുത്തേണ്ടതു ആവശ്യമായി ഭവിച്ചിരിക്കുന്നു. ൟ ബിൽ ൧൮൮൩-ാം വൎഷത്തിലെ ൨-ാം നമ്പർ മദ്രാസ് ആക്ടിനാൽ ഭേദപ്പെടുത്തപ്പെട്ട ൧൮൫൬-ാം വൎഷത്തിലെ ൨-ാം നമ്പർ മദ്രാസ് ആക്ടിന്റെ രീതിയിൽ എഴുതപ്പെട്ടിട്ടുള്ളതാകുന്നു. എന്നാൽ താഴെ എഴുതിവരിക്കുന്ന വ്യത്യാസങ്ങൾ മാത്രം ഉണ്ടു:—

a) ബോട്ടുകളെ രജിസ്റ്റർചെയ്യണം എന്നും അവയ്ക്കു ലൈസൻസു വാങ്ങിക്കണം എന്നും നക്കൽബില്ലിൽ വ്യവസ്ഥ ചെയ്തിരിക്കുന്നു (൪-ാം വകുപ്പു നോക്കുക). എന്നാൽ മദ്രാസ് ആക്ട് ൭-ാം വകുപ്പിൻപ്രകാരം ബോട്ടുകളെ രജിസ്റ്റർചെയ്യുകയോ അവയ്ക്കു ലൈസൻസ് വാങ്ങിക്കയോ ചെയ്താൽ മതി. ൟ വിധം മാറ്റംവരുത്തി ബക്കിങ്ഹാം കനാലിലെ ചില ഭാഗങ്ങളിൽ വലിയ തുക ലൈസൻസ് ഫീസായി വാങ്ങി മുതൽകൂട്ടുന്ന ഇപ്പോഴത്തെ നടപ്പിനു യോജ്യം ആയിരിക്കാൻ ഉദ്ദേശിച്ചു മദ്രാസ് ആക്ട് എഴുതിട്ടുള്ളതുകൊണ്ടാകുന്നു. ഇവിടെ ഉള്ള ജലമാൎഗ്ഗങ്ങളിൽ സഞ്ചരിക്കുന്ന വള്ളങ്ങളെ സംബന്ധിച്ചിടത്തോളം ഇതുപോലെ ഒരു നടപ്പു ഇല്ലാത്ത അവസ്ഥയിൽ വള്ളങ്ങളെ രജിസ്റ്റർചെയ്യുന്നതും അവയ്ക്കു ലൈസൻസ് വാങ്ങിക്കുന്നതും നിർബന്ധം ആയി വെക്കുന്നതിനു മതിയായ കാരണം ആണെന്നു വിശ്വസിക്കുന്നു.

(*b*) മദ്രാസ് ആക്ട് ൭-ാം വകുപ്പിൽ ൨-ാം ഖണ്ഡത്തിൽ വല്ല [illegible] ലൈസൻസിനേയോ രജിസ്റ്ററിനേയോ താല്ക്കാലികമായോ സ്ഥിരം ആയോ റദ്ദുചെയ്യാം എന്നു പറഞ്ഞിരിക്കുന്നു. എന്നാൽ തദനുരൂപം ആയ ൟ നക്കൽബില്ലിലെ ൯-ാം വകുപ്പിൽ ലൈസൻസിനെ മാത്രം താല്ക്കാലികമായോ സ്ഥിരം ആയോ റദ്ദുചെയ്യാം എന്നു വിധിക്കയും [illegible] രജിസ്റ്ററിൽ സ്ഥാനത്തെ വെച്ചുകൊണ്ടിരിക്കാം എന്നു അനുവദിക്കയും ചെയ്തിരിക്കുന്നു.

(*c*) സൎക്കാരിലേക്കും ബ്രിട്ടീഷ് ഗവൎമ്മെന്റിലേക്കും മറ്റും ചേൎന്നതായ ചില ഇനങ്ങളിൽ ഉള്ള വള്ളങ്ങളെ ൟ റെഗുലേഷന്റെ വ്യാപ്തിയിൽനിന്നു ൟ ബില്ലിലെ ൩൯-ാം വകുപ്പു ഒഴിക്കുന്നു. അതാതു കാലം ആവശ്യം എന്നു കാണുമ്പോൾ മറ്റു ഇനം വള്ളങ്ങളെയും ൟ വിധം ഒഴിവാക്കുന്നതിനും ൟ വകുപ്പു ഗവൎമ്മെന്റിനു അധികാരം നല്കുന്നു.

ഉത്തരവിൻപ്രകാരം
നിയമനിൎമ്മാണസഭാ സെക്രട്ടറി
എൻ. രാമചന്ദ്രയ്യർ.